# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ഫെബ്രുവരി 9 | ദീപം 55 | നാളം 48 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# രാഷ്ട്രം രാഷ്ട്രപിതാവിനെ വിസ്മരിച്ചുവോ?




ഡോ. കുര്യാസ് കുമ്പളക്കുഴി




**2007** ജൂൺ 15 ന്, മഹാത്മാ ഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ രണ്ട്, ഐക്യരാഷ്ട്രസഭ 'അന്താരാഷ്ട്ര അഹിംസാദിന'മായി പ്രഖ്യാപിച്ചു. മരണമടഞ്ഞ് ആറുപതിറ്റാണ്ടുകൾക്കുശേഷം മഹാത്മജിക്കു ലഭിച്ച അന്താരാഷ്ട്രബഹുമതിയായിരുന്നു, ആ പ്രഖ്യാപനം. ഇനി ലോകം ഒരുപക്ഷേ, മഹാത്മാഗാന്ധിയെക്കുറിച്ചു പഠിക്കുന്നത് ആ പ്രഖ്യാപനത്തിൽനിന്നു ചരിത്രത്തിലൂടെ പിറകോട്ടു സഞ്ചരിച്ചായിരിക്കും. അതെങ്ങനെയായാലും മഹാത്മജിയുടെയും അദ്ദേഹത്തിന്റെ സമരായുധമായിരുന്ന അഹിംസയുടെയും മഹത്ത്വം ലോകം വീണ്ടും വീണ്ടും തിരിച്ചറിയാൻ ഈ ദിനാചരണം പ്രയോജനപ്പെടും.

അഹിംസാതത്ത്വത്തെക്കുറിച്ച് വിദ്യാഭ്യാസ പരിപാടികളിലൂടെ വളരുന്ന തലമുറയെയും ബോധവത്കരണപരിപാടികളിലൂടെ പൊതുസമൂഹത്തെയും ബോധ്യപ്പെടുത്താൻ അഹിംസാദിനം ഉപയോഗപ്പെടുത്തണമെന്ന് ഇതു സംബന്ധിച്ച യു.എൻ. പ്രഖ്യാപനം പ്രത്യേകം നിർദേശിക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ, മഹാത്മജി ഇന്ന് ഇന്ത്യൻ ജനജീവിതത്തിൽ എത്രത്തോളം അനുസ്മരിക്കപ്പെടുന്നു, അനുകരിക്കപ്പെടുന്നുവെന്ന ആലോചന പ്രസക്തമാണ്.

എല്ലാവർഷവും ജനുവരി 30 നും ഒക്ടോബർ രണ്ടിനും ഗാന്ധിജിയെ നാം ഓർമിക്കാതിരിക്കുന്നില്ല. എന്നാൽ, അദ്ദേഹം നമുക്കു സമ്മാനിച്ച മൂല്യങ്ങൾ മുറുകെപ്പിടിക്കാൻ ഒട്ടു മിക്കവരും, പ്രത്യേകിച്ചു രാജ്യത്തെ ഭരണവിഭാഗം തയ്യാറാകുന്നില്ല എന്നതല്ലേ സത്യം? ഗാന്ധിജിയുടെ ത്യാഗവും അധികാരവിമുഖതയും മൂല്യബോധവും പ്രായോഗികമാക്കാനാവാത്ത സാങ്കല്പികതത്ത്വങ്ങളാണെന്ന വീക്ഷണമാണ് അവരിൽ ഭൂരിഭാഗംപേർക്കുമുള്ളത്. അതുകൊണ്ടാണ് അക്രമത്തിനും അധികാരമത്സരത്തിനും അഴിമതിക്കും വിധേയമായി ഇന്ത്യൻജനജീവിതം ആകെ ഇരുണ്ടുപോയിരിക്കുന്നത്.

കൊടിയ യുദ്ധത്തിന്റെയും നമ്മുടെ സങ്കല്പങ്ങൾക്കുപോലും ഉൾക്കൊള്ളാനാവാത്ത ഭീകരമായ മനുഷ്യക്കുരുതിയുടെയും കഥ പറയുന്ന ഇതിഹാസം മഹാഭാരതമാണ്, ''അഹിംസാ പരമോധർമഃ'' എന്ന മഹത്തായ ആശയം നമുക്കു സമ്മാനിച്ചതും അഹിംസയുടെ മഹത്ത്വത്തെക്കുറിച്ചു ദീർഘമായി സംസാരിക്കുന്നതും. ജഗത്ഗുരു ശ്രീബുദ്ധൻ തന്റെ ജീവിതവീക്ഷണത്തിന്റെ അധിഷ്ഠാനമായി പ്രതിഷ്ഠിച്ചതും ജനഹൃദയങ്ങളിൽ നിറയ്ക്കാൻ ആഗ്രഹിച്ചതും അഹിംസാതത്ത്വമാണ്. അതു മനുഷ്യർക്കിടയിലെ ഹിംസയെ മാത്രമല്ല സർവജീവജാലങ്ങളുടെയും ഹിംസയെ നിരാകരിക്കുന്നവിധം പ്രവിശാലവുമായിരുന്നു. അമ്പേറ്റുവീണ അരയന്നത്തോടും കാലൊടിഞ്ഞ ആട്ടിൻകുട്ടിയോടും അദ്ദേഹം പ്രകടിപ്പിച്ച കരുണ ഈ സാർവജനീനസ്നേഹത്തിന്റെ സൂചകങ്ങളായിരുന്നു.

ഈ അഹിംസാതത്ത്വത്തിന് ആധുനികമായ വ്യാഖ്യാനം നല്കി സ്വജീവിതത്തിൽ പ്രായോഗികമാക്കുകയാണ് മഹാത്മാഗാന്ധി ചെയ്തത്. മറ്റുള്ളവർക്കായി സ്വയം കത്തിയെരിയുന്ന മഹാത്യാഗമായി അദ്ദേഹം അഹിംസയെ പുനഃപ്രതിഷ്ഠിച്ചു. തനിക്കുള്ളതെല്ലാം മറ്റുള്ളവർക്കു സമ്മാനിച്ചുകൊണ്ട് സ്വയം ശൂന്യവത്കരണത്തിന്റെ ജ്വലിക്കുന്ന പ്രതീകമായി മഹാത്മജി ഒരു പ്രകാശഗോപുരംപോലെ ഉയർന്നുനിന്നു. അതുകൊണ്ടാണ്, അദ്ദേഹത്തിന്റെ ഭൗതികാവശേഷിപ്പുകൾ ഒരു കണ്ണടയും ഊന്നുവടിയും തേഞ്ഞ രണ്ടു ചെരുപ്പുകളും ഒരു ഭഗവദ്ഗീതയും ബൈബിളും ഖുറാനും മാത്രമായിപ്പോയത്. 'ആത്മാവിൽ ദാരിദ്ര്യം' എന്ന മഹത്തായ ആശയത്തെ സ്വന്തം ജീവിതംകൊണ്ടു സാക്ഷാത്കരിക്കാൻ മഹാത്മജിയെപ്പോലെ മറ്റാർക്കെങ്കിലും കഴിഞ്ഞിട്ടുണ്ടോ എന്നു സംശയം.

ജീവനെടുക്കാതിരിക്കൽ മാത്രമല്ല അഹിംസയെന്ന് ഗാന്ധിജി പഠിപ്പിച്ചു. അന്യന്റെ സത്കീർത്തി നഷ്ടപ്പെടുത്തുന്നതും അകാരണമായി അന്യരെ വേദനിപ്പിക്കുന്നതും അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ഹിംസതന്നെയായിരുന്നു. അതിൽനിന്നെല്ലാം വിട്ടുനില്ക്കാൻ കഴിയുമ്പോഴേ നമുക്ക് അഹിംസയുടെ വക്താക്കളും പ്രയോക്താക്കളുമായിരിക്കാൻ കഴിയൂ. അത് ഒരു പടികൂടിക്കടന്ന്, അന്യജീവനുതകി സ്വജീവിതം ധന്യമാക്കുന്നിടത്തോളം വികസിക്കുന്നു അഹിംസയുടെ ഗാന്ധിയൻതലങ്ങൾ. മറ്റൊരു വ്യക്തിയിലെ കർമോത്സുകതയെ, നന്മയുടെ വെളിച്ചത്തെ കെടുത്തി തളർത്തുന്നതും ഹിംസയുടെ ഗാന്ധിയൻനിർവചനത്തിൽ വരും.

ഇതൊക്കെ ആർക്കും അനുകരിക്കാവുന്ന ഗാന്ധിയൻപാഠങ്ങൾതന്നെ. അതിനുള്ള മനസ്സും സന്നദ്ധതയും വേണമെന്നേയുള്ളൂ. അത്രയൊക്കെ ചെയ്യുന്നതുകൊണ്ടും ഒരാൾ ഗാന്ധിജിയുടെ പകർപ്പായി മാറുമെന്നു കരുതേണ്ട. ഗാന്ധിജിയിലേക്കുള്ള ദൂരം അത്രയും കുറയുമെന്നേയുള്ളൂ. എത്ര ശ്രമിച്ചാലും ആർക്കും മറ്റൊരു മഹാപുരുഷന്റെ പകർപ്പായിരിക്കാൻ കഴിയില്ല. മഹാത്മാക്കൾ നൂറ്റാണ്ടുകൾക്കിടയിൽ വല്ലപ്പോഴുമൊരിക്കൽ ജന്മമെടുക്കുന്ന അനുകരണീയമാതൃകകളാണ്. ഗാന്ധിജിയും അങ്ങനെതന്നെ.

മഹാപുരുഷന്മാർ ഒരു കാലത്തിന്റെയോ ദേശത്തിന്റെയോ പരിമിതിക്കുള്ളിൽ ഒതുങ്ങുന്നവരല്ല. അവർ പുതിയകാലത്തിന്റെ സ്രഷ്ടാക്കളാണ്. നിലവിലുള്ള വ്യവസ്ഥിതിയെയും ജീവിതവീക്ഷണത്തെയും അവർ പുതുക്കിപ്പണിയുന്നു. ഗാന്ധിജിയും അതുതന്നെയാണു ചെയ്തത്. ദേശീയപ്രസ്ഥാനം എന്ന സമഗ്രനവീകരണപരിപാടിയിലൂടെ അദ്ദേഹം ഇന്ത്യയെ പുതുക്കിപ്പണിതു. ഇന്ത്യൻജനതയുടെ ആശയാദർശങ്ങളെ അടിമുടി നവീകരിച്ചു. ഈ നവീകരണയത്നത്തിന്റെ സദ്ഫലങ്ങളിലൊന്നുമാത്രമായിരുന്നു, ഇന്ത്യയുടെ രാഷ്ട്രീയസ്വാതന്ത്ര്യം.

ഈ പരിവർത്തനപ്രക്രിയയുടെ ആഴവും പരപ്പും കൃത്യമായി മനസ്സിലാക്കിയതുകൊണ്ടാണ് രവീന്ദ്രനാഥടാഗോർ ഗാന്ധിജിയെ 'മഹാത്മാവ്' എന്നു വിശേഷിപ്പിച്ചത്, സുഭാഷ് ചന്ദ്രബോസ്, ഗാന്ധിജി ഇന്ത്യൻജനതയുടെ പ്രിയപ്പെട്ട ബാപ്പു(പിതാവ്) വാണെന്നു പ്രഖ്യാപിച്ചത്. ഒരു പിതാവു തന്റെ എല്ലാ മക്കളെയും ഒരുപോലെ സ്നേഹിക്കുന്നതുപോലെ എല്ലാ ഇന്ത്യക്കാരെയും ഗാന്ധിജി സ്വന്തം മക്കളെയെന്നതുപോലെ സ്നേഹിച്ചു.

സ്വാതന്ത്ര്യത്തിന്റെ സദ്ഫലങ്ങൾ രാജകൊട്ടാരംമുതൽ ഓലക്കുടിൽവരെ എല്ലാ ജനങ്ങൾക്കും അനുഭവവേദ്യമാകണമെന്ന് ആഗ്രഹിച്ചു. രാജ്യത്തെ ഏറ്റവും ദരിദ്രനായ വ്യക്തിക്കും ജീവിതം ധനാത്മകമായി അനുഭവപ്പെടാത്തിടത്തോളംകാലം വികസനം യാഥാർഥ്യമാകില്ലെന്നു സിദ്ധാന്തിച്ചു. അഹിംസയുടെ വിശ്വവിശാലമായ സുരക്ഷാകവചത്തിനുള്ളിൽ എല്ലാ ഇന്ത്യക്കാരും ഒരുപോലെ ആശ്വാസം കൊള്ളണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം.

ഈ ആഗ്രഹത്തിന്റെ സാക്ഷാത്കാരമായിട്ടാണ് അദ്ദേഹം തന്റെ ആദർശരാഷ്ട്രത്തിനു രാമരാജ്യം എന്നു പേരിട്ടത്. രാമരാജ്യം എന്നാൽ ഹിന്ദുരാജ്യമെന്നല്ല അർഥമെന്ന് അദ്ദേഹം വ്യക്തമായിപ്പറഞ്ഞിട്ടുണ്ട്. നാമെവരും സ്നേഹത്തിലും സമാധാനത്തിലും വർണവർഗഭേദമില്ലാതെ ഒരുമിച്ചുകഴിയുന്ന രാഷ്ട്രസംവിധാനമാണ് ഗാന്ധിജിയുടെ രാമരാജ്യം. അതു ജനാധിപത്യത്തിന്റെ ഏറ്റവും ഉന്നതമായ കർമവേദിയായിരിക്കും. രാജ്യത്തെ വിഭവങ്ങൾ എല്ലാവർക്കും തുല്യമായി ലഭിക്കുന്ന വ്യവസ്ഥിതി. അവിടെ ഏറ്റക്കുറച്ചിലുകളില്ല. അടിമയും ഉടമയുമില്ല. ചൂഷണമില്ല. ഒരിടത്തു സമൃദ്ധിയും മറ്റൊരിടത്തു ദാരിദ്ര്യവുമെന്ന അസമത്വം ഉണ്ടാവില്ല. അദ്ദേഹം സ്വപ്നംകണ്ട സ്വാതന്ത്ര്യാനന്തരഭാരതത്തിന്റെ രൂപരേഖ ഇതായിരുന്നു.

▶5

സിനിമ



# നൻപകൽ നേരത്ത് മയക്കം



**ഡോ. സോമൻ കടലൂർ**

**ന**ൻപകൽ നേരത്ത് മയക്കം എന്ന സിനിമ തിയേറ്ററിൽ പോയി കണ്ടിട്ട് രണ്ടാഴ്ചയായി. അപൂർവ വിസ്മയങ്ങൾ പലതും സമ്മാനിച്ച നൻപകലിനെപ്പറ്റി ഒന്നും എഴുതണ്ട എന്നു തീരുമാനിച്ചതായിരുന്നു. വേറൊന്നുംകൊണ്ടല്ല, സിനിമ നൽകിയ അനുഭവങ്ങളും അനുഭൂതികളും എന്നെ അകമേ പുതുക്കിയതിന്റെ ചാരുത എഴുതിയാൽ ചോർന്നുപോകുമെന്നു ഭയപ്പെട്ടു. ഈ ചലച്ചിത്രത്തെപ്പറ്റി എന്തെഴുതിയാലും എങ്ങനെ എഴുതിയാലും അതുണ്ടാക്കിയ അദ്ഭുതവും ഉള്ളുണർവും വാക്കിൽ പകരാനാവില്ല. തീർച്ച.

എന്നാൽ, ദിവസം ഇത്രയായിട്ടും ഏതെല്ലാമോ തരത്തിൽ ആ മാസ്മരികമയക്കം മറ്റു പലരെയുംപോലെ എന്നെയും പിന്തുടരുന്നു. ഉറക്കിൽനിന്നുണരുമ്പോഴും തിരക്കിൽ ഓടുമ്പോഴും ഉറങ്ങാൻ കിടക്കുമ്പോഴും അതിലെ രംഗങ്ങളും കഥാപാത്രങ്ങളും അനുവാദമില്ലാതെ ഉള്ളിലേക്കു കടന്നുവരുന്നു. രണ്ടു വർഷംമുമ്പു കാണാതായ സുന്ദരത്തിന്റെ ആത്മാവ് ജെയിംസിൽ കയറിക്കൂടിയതുപോലെ, സിനിമ ശരിക്കും ആവേശിച്ചു. ഒറ്റദിനംകൊണ്ട് മയക്കംവിട്ടുണരാൻ ജെയിംസിനു കഴിഞ്ഞിരിക്കാം - ആസ്വാദകർക്ക് പക്ഷേ, മോചനം എളുപ്പമല്ല. കല എന്ന നിലയിൽ ഈ സിനിമ ഉയർന്ന വിതാനത്തിൽ എത്തിയതിനു കാരണം പ്രതിഭാവിലാസങ്ങളുടെ അനേകം അടരുകൾ - തിരക്കഥ, ഛായാഗ്രഹണം, അഭിനയം, സംവിധാനം - സമഞ്ജസമായി പ്രവർത്തിച്ചതാണ്.

മലയാളിപ്രേക്ഷകരുടെ അബോധത്തോട് ഈ സിനിമ എന്തെങ്കിലും പറയുന്നുണ്ടാവുമോ എന്നാണ് വടകര കീർത്തി ടാക്കീസ് വിട്ടിറങ്ങുമ്പോൾ ഞാനോർത്തത്. വംശപരമ്പരയുടെ സ്മൃതിസംസ്കാരം ഉറങ്ങിക്കിടക്കുന്ന സംഘകാലനാട്ടുവഴിയിലേക്ക് ഇറങ്ങാനുള്ള നമ്മുടെ മനസ്സിന്റെ ത്വരയിലേക്കാണ് വാസ്തവത്തിൽ ലിജോ ജോസ് ക്യാമറ ചലിപ്പിക്കാതെ ചലിപ്പിച്ചത്. ഭാഷ, ദേശം, ചരിത്രം, കാവ്യസംസ്കാരം - ഒക്കെ പൊതുവായി പങ്കുവയ്ക്കാവുന്ന ഒരു അതീതകാലത്തിലേക്കുതന്നെയാണ് ജെയിംസ് ചുവടുവച്ചത്. മലയാളമായും തമിഴായും വ്യത്യസ്ത സന്ദർഭങ്ങളിൽ വേർപിരിഞ്ഞതിനുമുമ്പുള്ള ആദിദ്രാവിഡ ഭാഷാ - സംസ്കാരഭൂമികയിലേക്കുള്ള പകർന്നാട്ടം നമ്മുടെ ചിരകാല സ്വപ്നസാക്ഷാത്കാരമായിരിക്കാം. ചലച്ചിത്രത്തിലുടനീളം തമിഴും മലയാളവും ഇടകലർന്ന സംഭാഷണങ്ങൾ പരസ്പരം ഉൾക്കൊള്ളുന്നത് പ്രാക്തനസ്മൃതിയുടെ ഉൾബലത്തിലൂടെയാണ്.



രണ്ട് ദേശം ഒറ്റ ഊരായി പുനർജനിക്കുന്നു. സുന്ദരത്തിലൂടെ ജെയിംസും ജെയിംസിലൂടെ സുന്ദരവും ആ അമ്മത്തമിഴിന്റെ മടിയിൽ മയങ്ങാൻ പോയതിന്റെ സാംഗത്യം ഇതാവാം.

സിനിമയുടെ ഒടുവിൽ മയക്കം വിട്ടുണർന്ന ജയിംസ് ഭാര്യയോടു പോകാം എന്നുപറയുമ്പോൾ പോകണ്ട എന്ന് ഉള്ളിലാരോ തേങ്ങുന്നുണ്ടായിരുന്നു. ഇത് എന്റെ ഊര് - എന്ന ജെയിംസിന്റെ - അല്ല, സുന്ദരത്തിന്റെ ഉള്ളുരുക്കുന്ന കരച്ചിൽ പുറപ്പെട്ടത് ആ വംശപരമ്പരയുടെ അടിവേരിൽനിന്നാവുമോ? ജയിംസ് ഉണരുന്നതു കാത്തിരിക്കുമ്പോൾ തമിഴരും - മലയാളികളും (തമിഴ്-മലയാള മനസ്) ഊരിൽ സൃഷ്ടിച്ച പാരസ്പര്യം ആഴത്തിൽ പടർന്നേറിയ പൈതൃകവേരിനെ കാണിച്ചുതരുന്നു. അപ്രതീക്ഷിതമായി ഒത്തുചേർന്ന ഏറ്റവും പ്രാക്തനമായ കുടുംബക്കൂട്ടായ്മപോലെ തോന്നി അത്.

മനഃശാസ്ത്രപരവും സാമൂഹികശാസ്ത്രപരവുമായ അനേകം തലങ്ങളിലൂടെ തിരിച്ചറിയാവുന്ന പല പ്രമേയങ്ങൾ തെഴുത്തിരിക്കുന്ന സിനിമ തീർച്ചയായും ഒറ്റത്തടി വൃക്ഷമല്ല. ശാഖകളായി പച്ചയിലേക്കും പടർപ്പിലേക്കും അതു വ്യാപ്തികൊള്ളുന്നു. വൈചിത്ര്യവും വൈവിധ്യവും നിറഞ്ഞ സംഭവപരമ്പരകളിലൂടെ ഏറ്റവും സരളമനോഹരമായി, സ്വപ്നതുല്യമായി ഇങ്ങനെ പ്രേക്ഷകരെ ആനയിക്കുന്ന ചലച്ചിത്രകലയുടെ മാന്ത്രികത മുമ്പ് നമ്മൾ അധികം കണ്ടിട്ടില്ല. മയങ്ങുന്നത് ജെയിംസും കൂട്ടരും മാത്രമല്ല, കാണികളൊന്നാകെയാണ്. സർഗശക്തിയുടെ മഹേന്ദ്രജാലം.

ഉറക്കത്തെയും മരണത്തെയും ഏറ്റവും കാവ്യാത്മകമായി നിർവചിച്ചത് കവി കെ.വി. ബേബിയാണ്. ഉറക്കം - അനന്തതയിലേക്ക് ഒരു എത്തിനോട്ടം മരണം - അനന്തതയിലേക്ക് ഒരെടുത്തുചാട്ടം. എത്തിനോട്ടത്തിനും എടുത്തുചാട്ടത്തിനുമിടയിലൂടെ അത്യദ്ഭുതകരമായ വാഴ്വിന്റെ ആനുഭൂതിക ആവിഷ്കാരമായി ചലച്ചിത്രം മാറുന്നു. പൊയ്യേത് - ഉൺമയേത് എന്ന സന്ദിഗ്ധാവസ്ഥയുടെ അഭ്രാഖ്യാനം. ബിന്ദുവിൽനിന്ന് ബിന്ദുവിലേക്കുള്ള പെൻഡുലച്ചാഞ്ചാട്ടംപോലെ മനസ്സിന്റെ ഒടിമറിച്ചിൽ യുക്തിപൂർണമായി വ്യാഖ്യാനിക്കാൻ കഴിഞ്ഞെന്നുവരില്ല. ഒരു വളവിനപ്പുറം കാത്തുനിൽക്കുന്ന വിസ്മയങ്ങളെ അതായി സ്വീകരിക്കാനേ, പരിമിതിയും പരിധിയുമുള്ള മനുഷ്യന്റെ പ്രജ്ഞയ്ക്കു മാർഗമുള്ളൂ.

നടൻ എന്ന നിലയിൽ മമ്മൂട്ടി എത്തിച്ചേർന്ന ഉയരം ജെയിംസ് - സുന്ദര പരകായപ്രവേശത്തിൽനിന്ന് ആർക്കും തിരിച്ചറിയാവുന്നതാണ്. താരം നടനിലേക്കു പ്രബുദ്ധമാവുന്നതിന്റെ സർഗവിക്ഷുബ്ധതയും അനായാസപകർന്നാട്ടത്തിന്റെ ഭംഗിയും കണ്ട് നമ്മൾ അമ്പരക്കുന്നു. അസാമാന്യപ്രതിഭകൊണ്ടും സമാനതകളില്ലാത്ത പരിശ്രമംകൊണ്ടും ഈ നടൻ മുമ്പു സൃഷ്ടിച്ച സകല കഥാപാത്രങ്ങളെയും അഭിനയമുഹൂർത്തങ്ങളെയും ഈ ചലച്ചിത്രത്തിലൂടെ മറികടക്കുന്നു. തേച്ചുതേച്ചു മിനുക്കിയെടുത്തതാണ് തന്റെ അഭിനയകലയെന്നും ശ്രമിച്ചാൽ ഇനിയും മിനുക്കിയെടുക്കാമെന്നും അദ്ദേഹം പുഴു എന്ന സിനിമ ഇറങ്ങിയ സന്ദർഭത്തിൽ പറഞ്ഞത് എത്രമേൽ അർഥപൂർണമാണെന്ന് നൻപകലിലെത്തുമ്പോൾ തെളിയുന്നുണ്ട്. ഉടൽപൂണ്ട നടനവൈഭവമെന്ന് ഒറ്റവാക്യത്തിൽ നിർവചിക്കാവുന്ന മമ്മൂട്ടിമാജിക് ഇനിയും നമ്മെ അദ്ഭുതപ്പെടുത്തിക്കൊണ്ടേയിരിക്കും എന്നതിന്റെ സാക്ഷ്യപത്രമാണ് നൻപകൽ.

ഓരോ സർഗസംരംഭവും ചലച്ചിത്രകലയോടും തന്നോടുതന്നെയുമുള്ള മത്സരമായിക്കണ്ട് മനുഷ്യാനുഭവങ്ങളെ സാക്ഷാത്കരിക്കുന്ന അത്യസാധാരണപ്രതിഭയായ ലിജോ ജോസ് പെല്ലിശ്ശേരിയെ അഭിവാദ്യം ചെയ്യുന്നു. സിനിമയുടെ സൂക്ഷ്മകോശത്തെവരെ രചനാത്മകമായി പരിചരിച്ചതിന്റെ മേന്മയാണ് ചിത്രത്തിന്റെ വിജയം. മലയാളസിനിമയിലെ താജ് എന്നു വിളിക്കാവുന്ന ഈ ചലച്ചിത്രകാവ്യം സാധ്യമാക്കിയ തേനി ഈശ്വർ, എസ്. ഹരീഷ് തുടങ്ങി എല്ലാവർക്കും അഭിനന്ദനങ്ങൾ. ■


# ദീപനാളം കാവ്യോത്സവം

**11 FEBRUARY 2023**



കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള | സിസ്റ്റർ മേരി ബനീഞ്ഞ | പ്രവിത്താനം പി.എം. ദേവസ്യാ

മഹാകവികളായ **കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള, സിസ്റ്റർ മേരി ബനീഞ്ഞ, പ്രവിത്താനം പി.എം. ദേവസ്യാ** എന്നിവരുടെ സ്മരണ നിലനിർത്തുന്നതിനും അവരെക്കുറിച്ചു പുതുതലമുറയിൽ അവബോധം ജനിപ്പിക്കുന്നതിനുമായി ദീപനാളം പദ്യോച്ചാരണമത്സരം നടത്തുന്നു.

ഫെബ്രുവരി പതിനൊന്നാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ദീപനാളം ഓഡിറ്റോറിയത്തിൽ മത്സരങ്ങൾ ആരംഭിക്കും. പാലാ രൂപതാധ്യക്ഷൻ **മാർ ജോസഫ് കല്ലറങ്ങാട്ട്** പരിപാടി ഉദ്ഘാടനം ചെയ്യും. പ്രശസ്ത നിരൂപകനും എഴുത്തുകാരനുമായ ഡോ. കുര്യാസ് കുമ്പളക്കുഴി വിഷയാവതരണം നടത്തും. പാലാ സെന്റ് തോമസ് കോളജ് വൈസ് പ്രിൻസിപ്പാൾ ഡോ. ഡേവിസ് സേവ്യർ ആശംസ അർപ്പിക്കും.

**നിബന്ധനകൾ**

❖ വാദ്യോപകരണങ്ങളോ മറ്റു സാങ്കേതികസംവിധാനങ്ങളോ അനുവദനീയമല്ല. ❖ മൂന്നു കവികളുടെയും കൃതികളിൽനിന്ന് ഇഷ്ടമുള്ള ഭാഗങ്ങൾ തിരഞ്ഞെടുത്ത് അവതരിപ്പിക്കാം. (കവികളുടെ സമ്പൂർണകൃതികൾ റഫറൻസിനായി ദീപനാളം ഓഫീസിൽ ലഭ്യമാണ്.) ❖ മൂന്നു കവിതകൾക്കുംകൂടി പരമാവധി പത്തുമിനിറ്റായിരിക്കും സമയം. ❖ തിരഞ്ഞെടുക്കപ്പെടുന്ന കവിതാഭാഗങ്ങളുടെ മൂന്നു കോപ്പിവീതം ജഡ്ജസിന്റെ പരിശോധനയ്ക്കായി മത്സരത്തിനുമുമ്പ് നല്കേണ്ടതാണ്. ❖ മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 10000, 7000, 5000 രൂപയും സർട്ടിഫിക്കറ്റും നല്കുന്നതാണ്. ❖ രജിസ്ട്രേഷൻ ഫീസ് 100 രൂപ. ❖ മത്സരത്തിനു പ്രായപരിധിയില്ല.

**മാർക്ക് - മാനദണ്ഡങ്ങൾ :** മനഃപാഠം - 25 മാർക്ക്; അക്ഷരസ്ഫുടത - 25 മാർക്ക്; മിതമായ ഭാവശബ്ദാവതരണം - 25 മാർക്ക്; അർഥം, ആശയം എന്നിവയുടെ വ്യക്തത - 25 മാർക്ക്.

ഒന്നാം സമ്മാനം ₹10000 | രണ്ടാം സമ്മാനം ₹7000 | മൂന്നാം സമ്മാനം ₹5000

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഫെബ്രുവരി 7 നുമുമ്പ് രജിസ്റ്റർ ചെയ്യേണ്ടതാണ്.

Ph : 7306874714

E-mail : editordeepanalam@gmail.com.

# സ്വർഗവും ഭൂമിയും ഒരുമിക്കുമ്പോൾ

**ബനഡിക്റ്റ് പതിനാറാമൻ പാപ്പായുടെ ആരാധനക്രമ ചൈതന്യം**



ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ

**ആമുഖം**

ബനഡിക്റ്റ് പതിനാറാമൻ പാപ്പായുടെ ആരാധനക്രമചൈതന്യത്തിലേക്കുള്ള ഒരു യാത്രയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. പുരോഹിതൻ, ദൈവശാസ്ത്രാധ്യാപകൻ, മെത്രാൻ, മാർപാപ്പാ എന്നീ നിലകളിൽ ബനഡിക്റ്റ് പാപ്പാ കത്തോലിക്കാസഭയ്ക്ക് അതുല്യമായ സംഭാവനകൾ നല്കി. സഭയുടെ ഹൃദയത്തോടു ലിറ്റർജിയെ ചേർത്തുനിർത്താനുള്ള പരിശ്രമമാണ് അദ്ദേഹം തന്റെ രചനകളിലൂടെയും ആധ്യാത്മികദർശനങ്ങളിലൂടെയും അജപാലകദൗത്യത്തിലൂടെയും ആരാധനക്രമദൈവശാസ്ത്രനവീകരണങ്ങളിലൂടെയും നടത്തിയത്. വിശുദ്ധഗ്രന്ഥം, ആരാധനക്രമം, സഭാപിതാക്കന്മാരുടെ പഠനങ്ങൾ എന്നീ ഉറവിടങ്ങളിൽനിന്നാണ് ഈ ധിഷണാശാലി തന്റെ ദൈവശാസ്ത്രചിന്തകൾ രൂപപ്പെടുത്തിയെടുത്തത്.

തന്റെ ആത്മകഥയിൽ പറയുന്നതുപോലെ, സഭയുടെ ആരാധനക്രമമാണ് ബാല്യംമുതൽ റാറ്റ്സിങ്ങറിന്റെ വിശ്വാസവും ജീവിതവും രൂപീകരിച്ചത്. ആരാധനക്രമത്തോടുള്ള സ്നേഹം ജീവിതത്തിന്റെ എല്ലാഘട്ടങ്ങളിലും ഉണ്ടായിരുന്നതിനാൽ ലിറ്റർജിയെക്കുറിച്ചു സംസാരിക്കാനും എഴുതാനും പലപ്പോഴും അദ്ദേഹം നിർബന്ധിതനായി. 1918 ൽ ജർമൻഭാഷയിൽ പ്രസിദ്ധീകരിച്ച റൊമാനോ ഗ്വാർദീനിയുടെ "ആരാധനക്രമചൈതന്യം" എന്ന ഗ്രന്ഥം വായിച്ചശേഷമാണ് ആരാധനക്രമത്തോട് അടങ്ങാത്ത അഭിനിവേശം റാറ്റ്സിങ്ങർപിതാവിൽ മുളയെടുത്തത്. അടയാളങ്ങൾക്കും പ്രതീകങ്ങൾക്കും ലിറ്റർജിയിലുള്ള അതുല്യസ്ഥാനം മനസ്സിലാക്കാൻ ഗ്വാർദീനിയുടെ പുസ്തകങ്ങൾ റാറ്റ്സിങ്ങറിനു വഴികാട്ടിയായി. കൂടാതെ, റാറ്റ്സിങ്ങറുടെ യൗവനകാലത്തു ജർമനിയിൽ പല ആരാധനക്രമനവീകരണപ്രസ്ഥാനങ്ങളും (Liturgical Movements) സജീവമായിരുന്നു. അവയും അദ്ദേഹത്തിൽ പ്രബലമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ജർമനിയിലെ ബവേറിയായിലുള്ള മാർക്ക്റ്റൽ (Marktl) എന്ന ഗ്രാമത്തിൽ 1927 ഏപ്രിൽ 16 നു ജനിച്ച ജോസഫ് റാറ്റ്സിങ്ങർ 1951 ൽ റേഗൻസ്ബുർഗ് രൂപതയ്ക്കുവേണ്ടി വൈദികനായി. 1953 ൽ മ്യൂണിക് സർവകലാശാലയിൽനിന്നു ദൈവജനത്തെക്കുറിച്ചുള്ള വിശുദ്ധ ആഗസ്തീനോസിന്റെ കാഴ്ചപ്പാടിനെക്കുറിച്ചു ദൈവശാസ്ത്രത്തിൽ ഡോക്ടർ ബിരുദം നേടി. പതിമൂന്നാം നൂറ്റാണ്ടിലെ ഫ്രാൻസിസ്കൻ ദൈവശാസ്ത്രജ്ഞനായിരുന്ന വിശുദ്ധ ബൊനവെഞ്ചറിനെക്കുറിച്ച് റാറ്റ്സിങ്ങർ ഉപരിപഠനവും നടത്തി. തുടർന്ന്, അദ്ദേഹം ബോൺ (1959-63), മ്യൂൺസ്റ്റർ (1963-66), ട്യൂബിങ്ങൻ (1966-69), റേഗൻസ്ബുർഗ് (1966-77) എന്നീ സർവകലാശാലകളിൽ ദൈവശാസ്ത്രാധ്യാപകനായിരുന്നു. കൊളോണിലെ ആർച്ചുബിഷപ് കർദിനാൾ ഫ്രിങ്സിന്റെ ദൈവശാസ്ത്ര ഉപദേഷ്ടാവായി രണ്ടാം വത്തിക്കാൻ കൗൺസിലിൽ (1962-1965) പങ്കെടുത്തത് റാറ്റ്സിങ്ങറിന്റെ ജീവിതത്തിൽ വഴിത്തിരിവായി. 1977 ൽ പോൾ ആറാമൻ പാപ്പാ റാറ്റ്സിങ്ങറെ മ്യൂണിക്കിലെ ആർച്ചുബിഷപ്പും കർദിനാളുമായി ഉയർത്തി. 1981 മുതൽ 2005 വരെ വിശ്വാസതിരുസംഘത്തിന്റെ തലവനായിരുന്ന റാറ്റ്സിങ്ങർ ജോൺപോൾ രണ്ടാമൻ പാപ്പായുടെ ഉത്തമസ്നേഹിതനും ദൈവശാസ്ത്രവിഷയങ്ങളിൽ അദ്ദേഹത്തിന്റെ വഴികാട്ടിയുമായിരുന്നു. ദിവ്യകാരുണ്യവർഷമായി കത്തോലിക്കാസഭ ആഘോഷിച്ച 2005-ാമാണ്ട് ഏപ്രിൽ 19 നാണ് ജോസഫ് റാറ്റ്സിങ്ങർ മാർപാപ്പായായി തിരഞ്ഞെടുക്കപ്പെട്ടത്. ദിവ്യകാരുണ്യത്തെക്കുറിച്ചുള്ള സിനഡിനുശേഷം 2007 ഫെബ്രുവരി 22 നു 'സ്നേഹത്തിന്റെ കൂദാശ' (Sacramentum Caritatis) എന്ന കുർബാനയെക്കുറിച്ചുള്ള അപ്പസ്തോലികപ്രബോധനം ബനഡിക്റ്റ് പതിനാറാമൻ പാപ്പാ പ്രസിദ്ധീകരിച്ചു. മൂന്നു ചാക്രികലേഖനങ്ങൾ, നാല് അപ്പസ്തോലിക പ്രബോധനങ്ങൾ, അറുപത്തിയാറു പുസ്തകങ്ങൾ എന്നിവ തന്റെ തൊണ്ണൂറ്റിയഞ്ചു വർഷക്കാല ജീവിതത്തിനിടയിൽ പാപ്പാ രചിച്ചു. വിശ്വാസത്തിന്റെ ആഘോഷം (The Feast of Faith - 1981), ലിറ്റർജിയുടെ ചൈതന്യം (The Spirit of the Liturgy - 2000), നസ്രസിലെ ഈശോ (Jesus of Nazareth - 2013) തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ. 'കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം' (Catechism of the Catholic Church) അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ചിട്ടപ്പെടുത്തിയതാണ്. ബനഡിക്റ്റ് പതിനാറാമൻ പാപ്പായുടെ രചനകളിലും പ്രസംഗങ്ങളിലും സ്ഫുരിക്കുന്ന ആരാധനക്രമദർശനങ്ങളിലേക്കു നമുക്കു കണ്ണോടിക്കാം.

### 1. ആരാധനക്രമം (Sacrosanctum Concilium)

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആദ്യത്തെ പ്രമാണരേഖ ലിറ്റർജിയെക്കുറിച്ചാണെന്നതുതന്നെ അതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. തന്മൂലം, തന്റെ പ്രസംഗങ്ങളിലും പ്രബോധനങ്ങളിലും വത്തിക്കാൻ കൗൺസിലിന്റെ താത്പര്യങ്ങൾക്കു ബനഡിക്റ്റ് പതിനാറാമൻ പാപ്പാ മുൻഗണന നല്കി. ആരാധനക്രമപ്രമാണരേഖയുടെ പുനർവായന കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് അദ്ദേഹം വാദിച്ചു. ലിറ്റർജിയുടെ സ്വഭാവത്തിന്റെയും ആഘോഷത്തിന്റെയും അടിസ്ഥാന തത്ത്വങ്ങൾ അനുസരിച്ചാണ് ആരാധനക്രമനവീകരണം ഉണ്ടാകേണ്ടത്. കൗൺസിലിനുശേഷം നടന്ന പല ആരാധനക്രമനവീകരണചിന്താഗതികളെയും റാറ്റ്സിങ്ങർ ചോദ്യംചെയ്തു. പുതുമ തേടിയുള്ള ആരാധനക്രമപരീക്ഷണങ്ങളെ അദ്ദേഹം എതിർത്തു. സഭയുടെ യാഥാർഥ നന്മയ്ക്കുതകുന്നതും ജീവാത്മകവളർച്ചയ്ക്കു സഹായിക്കുന്നതുമായ പുതുമകൾ മാത്രമേ ലിറ്റർജിയിൽ കൊണ്ടുവരാവൂ. തെറ്റായ സർഗാത്മകത(false creativity)യ്ക്ക് അവിടെ സ്ഥാനമില്ല. കാരണം, അതു തുടർന്നുള്ള ആരാധനക്രമപരമായ പ്രാർഥനകൾക്കു തടസ്സം സൃഷ്ടിക്കും. കർമവിധികളെ അസ്ഥിരമാക്കും. തെറ്റായ സർഗാത്മകതവഴി ആരാധനക്രമ ഐക്യവും ലിറ്റർജിയുടെ സഭാത്മകതയും അപകടത്തിലാകും. ആധികാരികമായ ആരാധനക്രമനവീകരണമാണ് ആവശ്യമെന്നും അതിനു രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യത്തിലേക്കു തിരിച്ചുനടക്കണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. ദൈവത്തെ പ്രഥമസ്ഥാനത്തു പ്രതിഷ്ഠിക്കുക. ദൈവത്തിനു പ്രഥമസ്ഥാനമില്ലെങ്കിൽ, ലിറ്റർജിയുടെ അർഥവും ആഭിമുഖ്യവും നഷ്ടപ്പെടുമെന്നു റാറ്റ്സിങ്ങർ മുന്നറിയിപ്പു നല്കി.

### 2. ആരാധനക്രമം: നല്കപ്പെട്ട ദാനം

ആരാധനക്രമമെന്നത് ദൈവദത്തമായി നല്കപ്പെട്ടതാണ്. ഇതു ദൈവത്തിന്റെ വെളിപാടും പ്രവൃത്തിയുമാണ്. ഇത് മനുഷ്യന്റെ രചനയല്ല. എന്നാൽ മനുഷ്യന്റെ ചിന്തകളും സംഭാവനകളും ആരാധനക്രമത്തിന്റെ ജീവാത്മകവളർച്ചയ്ക്ക് ആവശ്യമാണ്. വാസ്തവത്തിൽ, ലിറ്റർജിക്കു ദൈവമാണു മുൻകൈയെടുക്കുന്നത്. 'എന്നെ ആരാധിക്കാൻ എന്റെ ജനം പോകട്ടെ' എന്നാണ് ദൈവം ഫറവോയോടു കല്പിക്കുന്നത് (പുറ. 7:16). ലിറ്റർജിയെ സംബന്ധിച്ചു നിർദേശങ്ങളെക്കാളും നിയമമാണു അവർക്കു ലഭിച്ചത്. യഥാർഥ ആരാധനയിൽനിന്നു വ്യതിചലിക്കുമ്പോൾ ഇസ്രായേൽ ജനതയ്ക്കു സ്വാതന്ത്ര്യം നഷ്ടപ്പെടുന്നു.

എല്ലാ കൂദാശകളുടെയും മടിത്തട്ടായ ലിറ്റർജി മനുഷ്യജീവിതത്തെ ക്രമമുള്ളതാക്കുന്നു. മനുഷ്യർക്കു ദൈവവുമായുള്ള ബന്ധം ശരിയായാൽ മാത്രമേ മാനുഷികബന്ധങ്ങൾ നേരായ രീതിയിലാവുകയുള്ളൂ. ലിറ്റർജിയെന്നത് ഏതെങ്കിലും ഒരു പ്രത്യേകസമൂഹത്തിന്റെ വ്യക്തിപരമായ ഹോബിയല്ല; പ്രത്യുത, ഇതു സ്വർഗവും ഭൂമിയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയാണ്. സൃഷ്ടിയെ സ്രഷ്ടാവിലേക്ക് ഉയർത്തുകയെന്നതാണ് ലിറ്റർജിയുടെ കടമ. മറ്റൊരു വാക്കിൽ, സ്വർഗവും ഭൂമിയും ഒന്നായിത്തീരുന്ന വേളയാണു ലിറ്റർജിയുടെ ആഘോഷസമയമെന്നു നമ്മൾ മനസ്സിലാക്കണം.

ബനഡിക്റ്റ് പതിനാറാമൻ പാപ്പാ എപ്പോഴും ഓർത്തോഡോക്സിയെക്കുറിച്ചു (Orthodoxy) പറയുമായിരുന്നു. ഡോക്സ (doxa) എന്നാൽ ദൈവത്തെക്കുറിച്ചുള്ള ശരിയായ ആശയം എന്നല്ല; മറിച്ച്, ശരിയായ ദൈവാരാധനയാണ്. ഇതു നമുക്കു വിശ്വാസത്തിലൂടെ നല്കപ്പെടുന്ന ദാനമാണ്. പ്രാർഥനയുടെ നിയമം വിശ്വാസനിയമം (lex orandi, lex credendi) എന്ന തത്ത്വമാണ് ലിറ്റർജിയെ നയിക്കേണ്ടത്. സഭയുടെ പരസ്യാരാധന വിശ്വാസത്തിന്റെ നേർസാക്ഷ്യമായിരിക്കണം. ആരാധനക്രമത്തിൽ പാരമ്പര്യത്തിനു മങ്ങലേല്പിക്കാതെയുള്ള ജീവാത്മകവളർച്ചയാണ് ആവശ്യം. സഭയിലൂടെ നല്കപ്പെട്ടിരിക്കുന്ന ഈ അമൂല്യദാനത്തിന്റെ കാവല്ക്കാരാണു നമ്മൾ എന്ന യാഥാർഥ്യം അംഗീകരിച്ചുകൊണ്ട് ആരാധനക്രമത്തെ നമ്മൾ പരിപോഷിപ്പിക്കണമെന്നു പാപ്പാ പഠിപ്പിക്കുന്നു.

### 3. സമയവും കാലവും

സൃഷ്ടപ്രപഞ്ചം മുഴുവനെയും ഉൾക്കൊള്ളുന്നതാണ് ക്രിസ്തീയലിറ്റർജി. യഥാർഥ ബലിയെന്നത് സൃഷ്ടിയുടെ ദൈവികവത്കരണമാണ്. നമ്മൾ ദൈവത്തിനു വിധേയപ്പെടുന്നതാണ്. ക്രിസ്തീയ ലിറ്റർജിയുടെ പ്രാപഞ്ചികമാനം വെളിപ്പെടുത്തുന്നത് സമയമാണ്. മിശിഹായുടെ ബലിയുടെ അനുസ്മരണമായ ലിറ്റർജി സമയത്തെയും കാലത്തെയും അതിശയിക്കുന്നു.

കുരിശുമരണത്തിനു പ്രാപഞ്ചികമാനമുണ്ടായിരുന്നു. മിശിഹായായിരുന്നു പ്രധാനപുരോഹിതൻ. മാനവരക്ഷയ്ക്കായുള്ള ദൈവപുത്രന്റെ ഈ ആരാധനാവേളയിൽ സൂര്യൻ അന്ധകാരപൂർണമാകുകയും ഭൂമി കുലുങ്ങുകയും ചെയ്തു. അപ്രകാരം, സൃഷ്ടിയുടെ ദൈവികവത്കരണം കുരിശുമരണം ത്വരിതപ്പെടുത്തി. കൂടാതെ, സഭയുടെ ആരാധനക്രമപ്രവൃത്തികളിലൂടെ ദൈവികവത്കരണപ്രക്രിയ ഇന്നും തുടരുന്നു. സമയമെന്നത് ദൈവത്തിന്റേതാണ്. സമയത്തെ നിയന്ത്രിക്കുന്നതും ക്രമീകരിക്കുന്നതും ദൈവമാണ് (ഉത്പ. 1:14 – 18). അത്യുന്നതന്റെ സൃഷ്ടി എത്ര വിസ്മയനീയമാണെന്ന് ഉദിച്ചുയരുന്ന സൂര്യൻ പ്രഘോഷിക്കുന്നു. കാലം നിർണയിക്കാനും ശാശ്വതമായ അടയാളമായിരിക്കാനും ചന്ദ്രനെ സൃഷ്ടിച്ചു. (പ്രഭാ. 43:2,6). ദൈവം സമയത്തിനു വിധേയമല്ല; ഉപരിയാണ്. രക്ഷാചരിത്രം കർത്താവിന്റെ സമയത്താലാണു നയിക്കപ്പെട്ടത്.

രക്ഷാകരചരിത്രം ആരാധനക്രമവത്സരത്തിലൂടെ നമ്മൾ ആഘോഷിക്കുന്നു. മംഗളവാർത്താക്കാലംമുതൽ പള്ളിക്കൂദാശക്കാലംവരെയുള്ള ആരാധനക്രമകാലങ്ങളിലൂടെ മിശിഹായുടെ ജനനം, മരണം, ഉത്ഥാനം, രണ്ടാമത്തെ വരവ് എന്നിവ സമയബന്ധിതമായി നമ്മൾ അനുസ്മരിക്കുകയും സ്വർഗത്തെ ലക്ഷ്യമാക്കി യാത്ര തുടരുകയും ചെയ്യുന്നു.

*(തുടരും)*



# എന്താണ് പൗരാവകാശരേഖ?



അഡ്വ. സി. ലിനറ്റ് SKD

പൗരാവകാശരേഖയെന്നാൽ, പഞ്ചായത്തുപ്രദേശത്തു താമസിക്കുന്ന പൗരന്മാർക്കു സമയബന്ധിതമായി ലഭ്യമാക്കാമെന്നു പഞ്ചായത്ത് സ്വമേധയാ വാഗ്ദാനം ചെയ്യുന്നതും അതനുസരിച്ച് അവർക്ക് അർഹമായതുമായ സേവനങ്ങളും അവയെ സംബന്ധിച്ച വ്യവസ്ഥകളും അവ ലഭ്യമാക്കുന്ന സമയപരിധിയും വിവരിച്ചുകൊണ്ട് പഞ്ചായത്ത് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്ന ഒരു പ്രത്യേക പത്രിക എന്നർഥമാകുന്നു.

എങ്ങനെയാണ് പൗരാവകാശരേഖ തയ്യാറാക്കുന്നത്?

പൊതുതിരഞ്ഞെടുപ്പു കഴിഞ്ഞ് ഒരു പഞ്ചായത്ത് രൂപീകരിക്കപ്പെട്ടതിനുശേഷം കഴിയുന്നതും നേരത്തേ എന്നാൽ, ആറു മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പഞ്ചായത്ത് യോഗം ചേർന്ന് പഞ്ചായത്തിന്, പഞ്ചായത്തുപ്രദേശത്തു താമസിക്കുന്ന പൗരന്മാർക്ക് എന്തെല്ലാം സേവനങ്ങൾ ലഭ്യമാക്കാൻ കഴിയുമെന്നും, അത്തരം ഒരു സേവനം ലഭ്യമാക്കുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും പ്രസ്തുത സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയായിരിക്കണം എന്നും ചർച്ച ചെയ്തു തീരുമാനിക്കേണ്ടതാണ്. എന്നാൽ, ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുമ്പോൾ തിരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികൾ നിലവിലുള്ള പഞ്ചായത്തുകൾ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നതിനുശേഷം കഴിയുന്നതും നേരത്തേ എന്നാൽ ആറു മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ ഈ ചട്ടങ്ങൾപ്രകാരമുള്ള പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്.

എപ്രകാരമാണ് പൗരാവകാശരേഖ പ്രസിദ്ധീകരിക്കപ്പെടുന്നത്?

മൂന്നാം ചട്ടപ്രകാരം പഞ്ചായത്ത് തയ്യാറാക്കുന്ന പൗരാവകാശരേഖ പൊതുജനങ്ങളുടെ അറിവിലേക്കായി പഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡിലും പഞ്ചായത്തുപ്രദേശത്തെ പൊതുസ്ഥലങ്ങളിലും സ്ഥാപിച്ചിട്ടുള്ള മറ്റു നോട്ടീസ്ബോർഡുകളിലും പതിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും അത് അച്ചടിച്ചു പൊതുജനങ്ങൾക്കു സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്. ഒരു പൗരാവകാശരേഖ നിലവിലുള്ള കാലത്തോളം അതിന് പഞ്ചായത്ത് വേണ്ടത്ര പ്രചാരണം നൽകേണ്ടതാണ്. പൗരാവകാശരേഖയുടെ പകർപ്പ് ആവശ്യപ്പെടുന്നവർക്ക് അതു ലഭ്യമാക്കുവാൻ പഞ്ചായത്ത് നടപടി എടുക്കേണ്ടതാണ്. പഞ്ചായത്ത് പ്രസിദ്ധപ്പെടുത്തിയ പൗരാവകാശരേഖയുടെ രത്നച്ചുരുക്കം ഒരു ബോർഡിൽ പെയിന്റുകൊണ്ട് എഴുതി പഞ്ചായത്ത് ഓഫീസിൽ പൊതുജനങ്ങൾക്കു കാണത്തക്കവിധം



പ്രദർശിപ്പിക്കേണ്ടതാണ്. പഞ്ചായത്ത് പ്രസിദ്ധപ്പെടുത്തിയ പൗരാവകാശരേഖ തൊട്ടടുത്ത് ആദ്യം വരുന്ന ഗ്രാമസഭായോഗങ്ങളിൽ വായിക്കേണ്ടതാണ്.

പൗരാവകാശരേഖയുടെ പ്രാബല്യകാലാവധി എത്ര കാലമാണ്?

നിലവിൽ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ച പഞ്ചായത്തിന്റെ കാലാവധി കഴിയുന്നതുവരെയും അതിനുശേഷം പുതിയ പഞ്ചായത്ത് രൂപീകരിച്ച ഒരു പൗരാവകാശരേഖ പുതുതായി തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്നതുവരെയും പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

പൗരാവകാശരേഖയിൽ പരാമർശിച്ചിട്ടുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ സംബന്ധിച്ച്:

പൗരാവകാശരേഖയിൽ പരാമർശിച്ചിട്ടുള്ള ഒരു സേവനം ലഭ്യമാകുന്നതിന് ആവശ്യക്കാരൻ അതിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഫോറത്തിൽ പഞ്ചായത്തു സെക്രട്ടറിക്ക് അല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് അപേക്ഷ നൽകേണ്ടതാണ്. അപേക്ഷ നൽകുന്നതിനുള്ള ഫോറം സൗജന്യമായോ യഥാർഥ വില ഈടാക്കിയോ പഞ്ചായത്ത് അപേക്ഷകർക്കു നൽകേണ്ടതാണ്. അപേക്ഷാഫോറം വിതരണം ചെയ്യുന്നതിനും അപേക്ഷകൾ സ്വീകരിക്കുന്നതിനും അപേക്ഷയെ സംബന്ധിച്ച് അന്വേഷണങ്ങൾക്കു മറുപടി നൽകുന്നതിനും അതത് ഓഫീസിൽ ഒരു അന്വേഷണ കൗണ്ടർ പഞ്ചായത്ത് ഏർപ്പെടുത്തേണ്ടതാണ്. സേവനം ലഭ്യമാക്കുന്നതിന് പഞ്ചായത്തു സെക്രട്ടറിക്ക് അല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനു ലഭിക്കുന്ന അപേക്ഷകൾക്കു ക്രമനമ്പർ നൽകേണ്ടതും അപേക്ഷകന്റെ പേര്, അപേക്ഷ കിട്ടിയ തീയതി, അപേക്ഷയിലെ ആവശ്യം തുടങ്ങിയ വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഒരു അപേക്ഷ കിട്ടിയാൽ ഉടൻ അപേക്ഷകന് കൈപ്പറ്റുരസീത് നൽകേണ്ടതും അതിൽ സേവനം ലഭ്യമാക്കുന്ന ഉദ്ദേശതീയതി, ഇതു സംബന്ധിച്ച് അപേക്ഷകൻ സമീപിക്കേണ്ട ഉദ്യോഗസ്ഥന്റെ പേര്, ആവശ്യമായ മറ്റു വിവരങ്ങൾ എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

പൗരാവകാശരേഖയിൽ പരാമർശിച്ചിട്ടുള്ള സേവനങ്ങൾ ലഭ്യമാക്കാനുള്ള ബാധ്യത സംബന്ധിച്ച്:

പൗരാവകാശരേഖയിൽ പരാമർശിച്ചിട്ടുള്ള ഒരു സേവനം, അതതു സമയപരിധിക്കകം അർഹനായ അപേക്ഷകനു ലഭ്യമാക്കാൻ പഞ്ചായത്തു സെക്രട്ടറിയും പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള, അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ബാധ്യസ്ഥരായിരിക്കുന്നതും വീഴ്ച വരുത്തുന്നത് ഉത്തരവാദിത്വ ലംഘനമായി കണക്കാക്കപ്പെടുന്നതുമാണ്. ഒരു സേവനം ഉദ്ദേശിക്കപ്പെട്ട സമയപരിധി ഒരു അപേക്ഷകനു ലഭ്യമാക്കാൻ ന്യായമായ കാരണങ്ങളാൽ സാധിക്കുന്നില്ലെങ്കിൽ ആ വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അപേക്ഷകനെ പ്രസ്തുത സമയപരിധിക്കകം അറിയിക്കേണ്ടതാണ്. അതോടൊപ്പം കഴിയുമെങ്കിൽ പുതുക്കിയ സമയപരിധികൂടി അപേക്ഷകനെ അറിയിക്കണം. ഒരു സേവനം ലഭ്യമാക്കുന്നതിൽ പഞ്ചായത്തിന്റെ ഒരു ഉദ്യോഗസ്ഥൻ വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്നതായി ഒരു അപേക്ഷകനു തോന്നുന്നപക്ഷം അയാൾക്ക് തന്റെ പരാതി പഞ്ചായത്തു പ്രസിഡന്റിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതും അപ്രകാരം പരാതി ലഭിച്ചാൽ പഞ്ചായത്തു പ്രസിഡന്റ് അത് നേരിട്ടു പരിശോധിച്ചു തീർപ്പാക്കേണ്ടതുമാണ്. പൗരാവകാശരേഖപ്രകാരം തനിക്ക് അർഹമായ ഒരു സേവനം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് അല്ലെങ്കിൽ പഞ്ചായത്തിലെ ഒരംഗം അല്ലെങ്കിൽ പഞ്ചായത്തിന്റെ ഒരു ഉദ്യോഗസ്ഥൻ മനപ്പൂർവമായ വീഴ്ചയോ കാലതാമസമോ വരുത്തിയെന്ന് ഒരു പൗരൻ കരുതുന്നപക്ഷം അയാൾക്ക് ബന്ധപ്പെട്ട പഞ്ചായത്ത് അല്ലെങ്കിൽ പഞ്ചായത്തംഗം അല്ലെങ്കിൽ ഉദ്യോഗസ്ഥൻ ആക്ടിലെ 271 എഫ് വകുപ്പ് (ഇ) ഖണ്ഡത്തിൽ നിർവചിച്ചിട്ടുള്ള ദുർഭരണത്തിന് ഉത്തരവാദിയാണെന്ന് ആരോപിച്ചുകൊണ്ട് ഓംബുഡ്സ്മാൻ മുമ്പാകെ പരാതി നൽകാവുന്നതാണ്.

പൗരാവകാശരേഖ പുതുക്കലും വിലയിരുത്തലും സംബന്ധിച്ച്:

പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്തു പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ് പൗരാവകാശരേഖ ഓരോ വർഷവും പുതുക്കുന്നത് മുൻവർഷത്തെ അനുഭവത്തെ അടിസ്ഥാനമാക്കി അതിൽ ഉചിതമായ മാറ്റങ്ങൾ വരുത്താനും കഴിയുമെങ്കിൽ അതിൽ കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്താനും സേവനം ലഭ്യമാക്കുന്നതിനുള്ള സമയദൈർഘ്യം കുറയ്ക്കാനും ഉദ്ദേശിച്ചുകൊണ്ടുള്ളതായിരിക്കേണ്ടതാണ്. പൗരാവകാശരേഖയുടെ കാര്യത്തിൽ എന്നപോലെ അതിന്റെ പുതുക്കലും പഞ്ചായത്ത് നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധപ്പെടുത്തേണ്ടതും പകർപ്പുകൾ അച്ചടിച്ചു ജനങ്ങൾക്കു വിതരണം ചെയ്യേണ്ടതുമാണ്. പൗരാവകാശരേഖയിൽ പരാമർശിക്കുന്ന സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള പുരോഗതി പഞ്ചായത്ത് ഇടയ്ക്കിടയ്ക്ക് വിലയിരുത്തേണ്ടതും ആവശ്യമായ മാർഗനിർദേശങ്ങൾ അതതു സമയത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു നൽകേണ്ടതുമാണ്.

നിയമവീഥി

■

# അപ്പുക്കുട്ടനു പിണഞ്ഞ അമളി

നർമകഥ

ജോർജുകുട്ടി താവളം

അപ്പുക്കുട്ടന്റെ സുഹൃത്തിന്റെ വിവാഹം. കൂടെപ്പഠിച്ചവർ മിക്കവരും വരും. നന്നായി ഒരുങ്ങിത്തന്നെ വേണം പോകാൻ.

അരമണിക്കൂർ നേരത്തെ ഒരുക്കം കഴിഞ്ഞ് കാറുമെടുത്ത് ഇറങ്ങി. മെയിൻ റോഡിലെത്തി അല്പം നീങ്ങിയപ്പോൾ മുമ്പിൽ പോയിരുന്ന കാർ നിർത്തി. അതിൽനിന്നിറങ്ങിയ ആൾ, നടന്നുപോകുകയായിരുന്ന ഒരു സ്ത്രീയെ ബലമായി പിടിച്ചു കാറിനകത്തേക്കു കയറ്റാൻ ശ്രമിക്കുന്നതുകണ്ട് അപ്പുക്കുട്ടനും വണ്ടി നിർത്തി.

അപ്പുക്കുട്ടന്റെ ബുദ്ധിപ്രവർത്തിച്ചു.

പീഡനകാലമാണ്. അയാളുടെ കൈയിൽനിന്ന് ആ സ്ത്രീയെ രക്ഷിക്കണം.

ഒരു നിമിഷം കളയാതെ ഓടിച്ചെന്ന് മൽപ്പിടിത്തത്തിലൂടെ അയാളുടെ കൈവിടുവിച്ചു. കരണത്തൊന്നു പൊട്ടിച്ചിട്ട് ഒരു തള്ളും കൊടുത്തു. അയാൾ മലർന്നടിച്ചു വീണു. അയാളെണീറ്റു വരുന്നതിനുമുമ്പ് അപ്പുക്കുട്ടൻ അവളെ പിടിച്ചുവലിച്ചു കൊണ്ടുവന്ന് സ്വന്തം കാറിന്റെ പിന്നിലെ ഡോർ തുറന്ന് അകത്തേക്കു തള്ളിയിട്ട് അടച്ചു. എന്നിട്ടു ചാടിക്കയറി വണ്ടി അതിവേഗം മുന്നോട്ടെടുത്തു.

ഈ സ്ത്രീക്ക് എവിടെയാണു പോകേണ്ടതെന്നു ചോദിച്ച് സുരക്ഷിതമായി അവിടെ എത്തിച്ചിട്ടു പോകാം – മനസ്സിൽ പറഞ്ഞു.

പെട്ടെന്ന് അവൾ നിലവിളിക്കാൻ തുടങ്ങി.

''അയ്യോ... എന്നെ തട്ടിക്കൊണ്ടു പോകുന്നേ... രക്ഷിക്കണേ...''

പിന്നാലെ ബൈക്കിൽ വന്ന രണ്ടുപേർ മുമ്പിൽക്കയറി വിലങ്ങി കാർ നിർത്തിച്ചു. അവർ ചാടിയിറങ്ങി അപ്പുക്കുട്ടനെ



ശരിക്കു കൈകാര്യം ചെയ്തു. അതുകണ്ട് ഓടിക്കൂടിയ പലരും കൈത്തരിപ്പു തീർത്തു. അയാൾ റോഡരികിൽ ചുരുണ്ടുകൂടിക്കിടന്നു.

"എന്താണുണ്ടായത്?"

ഞാനും ഭർത്താവുമായി ഓരോന്നു പറഞ്ഞു വഴക്കുകൂടി. അതുകഴിഞ്ഞ് പുള്ളിക്കാരൻ കുളിക്കാൻ കയറിയപ്പോൾ ഞാൻ എന്റെ വീട്ടിലേക്കു പോകുന്നെന്നു പറഞ്ഞിട്ട് ഇറങ്ങിപ്പോന്നു. ഭർത്താവ് കാറുമായി വന്ന് എന്നെ പിടിച്ചുകയറ്റാൻ ശ്രമിക്കുന്നതിനിടയിലാണ് ഇയാൾ വന്ന് എന്നെ തട്ടിക്കൊണ്ടുപോയത്." എല്ലാവരും അപ്പുക്കുട്ടന്റെ നേരേ വീണ്ടും തിരിയുന്നതുകണ്ട് അയാൾ കണ്ണുകൾ ഇറുക്കിയടച്ചു.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ

സമുദ്രങ്ങളുടെ ഗർജനങ്ങളെയും ഉയരുന്ന തിരമാലകളെയുംകാൾ കർത്താവു ശക്തനാണ്.

സങ്കീർത്തനം 93:4

എഡിറ്റോറിയൽ

# കാടിറങ്ങുന്ന ദുരന്തം

**കാ**ടിറങ്ങിവരുന്ന കടുവയും കാട്ടാനക്കൂട്ടവും നാട്ടിലാകെ ഭീതി പരത്തിത്തുടങ്ങിയിട്ട് നാളുകളേറെയായി. മനുഷ്യനും മൃഗങ്ങളും പക്ഷികളുമുൾപ്പെടെ വിഭിന്നങ്ങളായ ജീവജാലങ്ങൾ ഒരുമിച്ചു ജീവിക്കുന്ന ഒരാവാസവ്യവസ്ഥയാണു ഭൂമിയിലുള്ളത്. 'വസുധൈവകുടുംബകം' എന്ന ജ്ഞാനചിന്തയിൽ ഈ സന്തുലിതാവസ്ഥ പണ്ടേ നമ്മിൽ വേരുറച്ചതാണ്. ഈ സൗഹൃദസന്തുലിതാവസ്ഥയുടെ താളംതെറ്റലുകളാണ് മനുഷ്യ-വന്യജീവിസംഘർഷമായി ഈയിടെ കൊടുമ്പിരിക്കൊണ്ടിരിക്കുന്നത്. ഒരു കാര്യം ശരിയാണ്; പ്രകൃതിയും മൃഗങ്ങളും മനുഷ്യരും ചേർന്ന് ധാരണയോടെ മാത്രമേ മുന്നോട്ടുപോകാനാവൂ. പ്രകൃതിസംരക്ഷണത്തിനും മൃഗപരിപാലനത്തിനും മനുഷ്യപരിരക്ഷണത്തിനും കാലങ്ങളായി നിയമങ്ങളും വ്യവസ്ഥകളും ക്രമങ്ങളുമുള്ള നാടാണിത്.

കേരളം ഇതുവരെ കേട്ടിട്ടില്ലാത്തവിധം വന്യമൃഗഭീഷണിയിലാണ് വനമേഖലയോടു ചേർന്ന പ്രദേശങ്ങളിലെ മനുഷ്യർ. ആന, കടുവ, പുലി, കാട്ടുപോത്ത്, കുരങ്ങ് മുതലായ വന്യജീവികളുടെ കാടിറങ്ങിയുള്ള വരവ് വയനാട്ടിലടക്കമുള്ള കർഷകരുടെ ജീവിതക്രമത്തെ താളംതെറ്റിച്ചെന്നു മാത്രമല്ല, ദുരിതത്തിലാഴ്ത്തുകയും ചെയ്തു. കാടിറങ്ങുന്ന ദുരന്തം നാട്ടുകാരെ വിറപ്പിക്കുന്നതു തുടർക്കഥയായിട്ടും സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഉദാസീനനയം നീതീകരിക്കാനാവില്ല.

സംസ്ഥാന ഭൂവിവിസ്തൃതിയിൽ മുപ്പതു ശതമാനത്തോളം വനമേഖലയാണ്. ആദിവാസികളുൾപ്പെടെ 35 ലക്ഷത്തിലധികം ആളുകൾ വനത്തിനകത്തും വനാതിർത്തിയോടു ചേർന്നും കഴിയുന്നതായാണു കണക്ക്. വന്യജീവിയാക്രമണം എപ്പോൾ വേണമെങ്കിലും സംഭവിക്കാവുന്ന ഇരുന്നൂറോളം ഗ്രാമങ്ങൾ സംസ്ഥാനത്തുണ്ട്. ഇവരെയും ഇവരുടെ കൃഷിയിടങ്ങളെയും സംരക്ഷിക്കാൻ നാളിതുവരെ സർക്കാർ എന്തുചെയ്തു? പിടിപ്പുകേടുകൊണ്ട് ചെലവായ കോടികളുടെ കണക്കവതരിപ്പിക്കാമെന്നല്ലാതെ, ഫലപ്രദമായ എന്തെങ്കിലും നടപടികൾ ആസൂത്രണം ചെയ്യാനായോ? പദ്ധതികൾ പാളിപ്പോയതിന്റെ തെളിവുകളാണല്ലോ നിർബാധം തുടരുന്ന വന്യജീവിയാക്രമണങ്ങൾ.

കഴിഞ്ഞ മൂന്നു വർഷത്തിനിടെ രാജ്യത്ത് 1700 ലേറെ മനുഷ്യരാണ് വന്യജീവിയാക്രമണത്തിൽ കൊല്ലപ്പെട്ടത്. കേരളത്തിൽ 2008 മുതൽ 2022 വരെ 1310 പേരുടെ ജീവൻ കാട്ടുമൃഗങ്ങളുടെ വിളയാട്ടത്തിൽ പൊലിഞ്ഞു. ഇക്കാലത്ത് സംസ്ഥാനത്താകെ രജിസ്റ്റർ ചെയ്യപ്പെട്ട വന്യജീവിയാക്രമണക്കേസുകളാകട്ടെ അയ്യായിരത്തിനടുത്താണ്.

വനത്തെ കോർഭാഗമെന്നും അതിനു ചുറ്റുമുള്ളതിനെ ബഫർഭാഗമെന്നും കാടിനു പുറത്തുള്ളതിനെ പാരസ്പര്യം പുലർത്തുന്ന ഭാഗമെന്നുമാണല്ലോ പൊതുവെ കണക്കാക്കുന്നത്. കോർഭാഗത്ത് മൃഗങ്ങൾക്ക് അലോസരമുണ്ടാക്കുന്ന ഒരു പ്രവർത്തനവും പാടില്ല എന്നതാണ് ശാസ്ത്രീയമായ നിർദേശമെങ്കിലും ഇതു പലപ്പോഴും ലംഘിക്കപ്പെടുന്നുണ്ട്. മൃഗങ്ങളുടെ സ്വാഭാവികമായ ആവാസവ്യവസ്ഥയെ തകിടംമറിക്കുന്ന കൈയേറ്റങ്ങളും നിർമാണപ്രവർത്തനങ്ങളും ഒട്ടും ന്യായീകരിക്കാനാവില്ല. കാടു കൈയേറുന്ന മാഫിയാസംഘങ്ങളെയും അതിനൊത്താശയൊരുക്കുന്ന രാഷ്ട്രീയ-ഉദ്യോഗസ്ഥലോബികളെയും ചങ്ങലയ്ക്കിടാൻ ഇച്ഛാശക്തിയുള്ള ഒരു സർക്കാർ ഇവിടെ ഉണ്ടായിരുന്നെങ്കിൽ, കാട്ടുമൃഗങ്ങൾ സ്വൈരവിഹാരം നടത്തുന്ന കോർഭൂമിയെ സംരക്ഷിക്കാൻ നമുക്കു കഴിയുമായിരുന്നു.

കാട്ടിലേക്കുള്ള വിനോദസഞ്ചാരം സർക്കാരിനും നാട്ടുകാർക്കും നല്ല വരുമാനമാർഗമാണെങ്കിലും കാടിന്റെ സ്വച്ഛതയ്ക്കു അതു ഭംഗം വരുത്തുന്നുണ്ട്. വനംകൈയേറ്റത്തിന്റെ ഫലമായി ജല-ഭക്ഷ്യക്ഷാമമുണ്ടായിട്ടുണ്ടോ എന്നുള്ള കാര്യങ്ങൾ നിരീക്ഷിക്കേണ്ടതുണ്ട്. വനത്തിനുള്ളിലെ പ്ലാവും മാവുംപോലുള്ള ഫലവൃക്ഷങ്ങൾ വെട്ടിമാറ്റി അക്കേഷ്യയും യൂക്കാലിപ്റ്റസും വച്ചുപിടിപ്പിച്ചതോടെ മൃഗങ്ങൾക്ക് ഭക്ഷണദൗർലഭ്യമുണ്ടായി. പൊള്ളുന്ന കാലാവസ്ഥയിൽ കാട്ടരുവികളും തോടും വറ്റിവരണ്ടതോടെ മൃഗങ്ങൾ വെള്ളം തേടി മനുഷ്യവാസമുള്ള ഇടങ്ങളിലേക്കിറങ്ങുന്നതും സ്വാഭാവികം. കാലാവസ്ഥാവ്യതിയാനത്തെത്തുടർന്ന് മൃഗങ്ങൾ ആവാസകേന്ദ്രങ്ങൾ വിട്ടുപോകുന്ന പ്രവണതയും ഇല്ലാതില്ല. വനമേഖലയോടു ചേർന്നുള്ള കൃഷിയിടങ്ങളിലെ വിളകളിലുണ്ടായ മാറ്റം വന്യമൃഗങ്ങളെ ആകർഷിക്കുന്നതായി വിലയിരുത്തുന്നുണ്ട്. പ്രധാനമായും തെങ്ങ്, പ്ലാവ്, കവുങ്ങ്, വാഴ, കരിമ്പ് തുടങ്ങിയ കൃഷിയിടങ്ങളിലേക്ക് ആനകൾ പതിവായെത്തുന്നത് ഇതിന്റെ സൂചനയാണ്.

മൃഗങ്ങൾ വനാതിർത്തി ഭേദിച്ച് പുറത്തിറങ്ങാതിരിക്കാൻ ശാസ്ത്രീയമായ പ്രതിരോധസംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിൽ നാം പരാജയമടയുന്നു. സൗരോർജവേലി, കിടങ്ങുകൾ, ആനമതിലുകൾ തുടങ്ങിയ സംവിധാനങ്ങളുടെ ഗുണദോഷങ്ങൾ സൂക്ഷ്മമായി ചർച്ച ചെയ്തു വിലയിരുത്തണം. വനം-വന്യജീവി വകുപ്പിനെ കൂടുതൽ ആൾബലവും ആയുധശേഷിയും നൽകി സുസജ്ജമാക്കണം. സംസ്ഥാനത്ത് വനംവകുപ്പ് അടയാളപ്പെടുത്തിയ ആയിരത്തിലേറെ മനുഷ്യ-വന്യജീവി സംഘർഷമേഖലകളിൽ വനപാലകരുടെ നിരന്തരശ്രദ്ധയും ജാഗ്രതയുമുണ്ടാകണം. വന്യജീവിയാക്രമണംമൂലം ജനം പൊറുതിമുട്ടി നിൽക്കുമ്പോൾ സർക്കാർ അവസരത്തിനൊത്ത് ഉണർന്നു പ്രവർത്തിച്ചേ മതിയാകൂ. സർക്കാർസംവിധാനങ്ങൾ കാര്യക്ഷമമാക്കുകയും നടപടികൾക്കു വേഗം കൂട്ടുകയും ചെയ്താൽ, സൃഷ്ടികളുടെ മകുടമായ മനുഷ്യന്റെ ജീവനും സ്വത്തിനും സുരക്ഷയൊരുക്കാൻ നമുക്കു കഴിയും. ■

# രാഷ്ട്രം രാഷ്ട്രപിതാവിനെ വിസ്മരിച്ചുവോ?

(1-ാം പേജ് തുടർച്ച)

ഇതൊക്കെ യാഥാർഥ്യമാക്കാൻ കഴിയാത്ത വെറും സ്വപ്നങ്ങളല്ലേ എന്നു ചിലർ ചോദിച്ചേക്കുന്നുവരാം. യാഥാർഥ്യമാക്കാനുള്ള കഠിനശ്രമത്തിനൊടുവിൽ പരാജയപ്പെടുന്നവർക്കേ ഈ ചോദ്യം ചോദിക്കാൻ അവകാശമുള്ളൂ. ഇന്ത്യ പ്രതിജ്ഞാബദ്ധതയോടെ ഇതിനുള്ള ശ്രമം നടത്തിയിട്ടില്ല എന്നതാണു യാഥാർഥ്യം. കൈവന്ന രാഷ്ട്രീയസ്വാതന്ത്ര്യംപോലും അധികാരം കൈയാളുന്ന ചുരുക്കം ചില ശക്തികളിലൊതുങ്ങിപ്പോയി. വികസനത്തിനുവേണ്ട എല്ലാ യത്നങ്ങളും അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും ദൂഷിതവലയത്തിൽ കുടുങ്ങി ലക്ഷ്യം കാണാതെപോയി. അധികാരത്തിനുവേണ്ടിയുള്ള തത്ത്വദീക്ഷയില്ലാത്ത രാഷ്ട്രീയ ചാഞ്ചാട്ടങ്ങൾ അധികാരവിനിയോഗത്തെ ജനാധിപത്യമൂല്യങ്ങളുടെ ശവപ്പറമ്പാക്കി. നേതൃത്വതലത്തിൽ ആവിഷ്കരിക്കപ്പെടുന്ന വികസനസംരംഭങ്ങളൊന്നും അതു നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥവർഗത്തിന്റെ ആത്മാർഥതയില്ലായ്മയും ജനവിരുദ്ധതയുംമൂലം ഉണങ്ങിയ മണ്ണിലൊഴുകിവീണ ഇത്തിരി വെള്ളംപോലെ ലക്ഷ്യത്തിലെത്താതെ വറ്റിപ്പോയി.

ഇതോടൊപ്പം, വർഗീയതയുടെയും തീവ്രവാദത്തിന്റെയും ആസുരശക്തികൾ രാഷ്ട്രത്തിന്റെ സ്വാസ്ഥ്യവും സമാധാനവും കരണ്ടുകൊണ്ടിരിക്കുന്നു. അഹിംസയല്ല, ഹിംസയാണ് വർത്തമാനകാലത്തിനു പ്രിയങ്കരം. ഗാന്ധിജിയെ മറന്ന ഒരു ജനതയ്ക്ക്, രാഷ്ട്രപിതാവിനെ വിസ്മരിക്കുന്ന ഒരു രാഷ്ട്രത്തിന്, വികസനത്തിന്റെയും സമാധാനത്തിന്റെയും ആകാശങ്ങൾ കീഴടക്കാനാവില്ല. ആധുനികേന്ത്യയുടെ ദുരന്തം ഇതല്ലാതെ മറ്റെന്താണ്?



മഹാത്മാഗാന്ധിയെ മാതൃകയാക്കിയ അമേരിക്കയിലെ മാർട്ടിൻ ലൂഥർ കിങ്ങും ദക്ഷിണാഫ്രിക്കയിലെ നെൽസൺ മണ്ടേലയും ലോകനേതാക്കളായി ആദരിക്കപ്പെടുന്നുണ്ട്. എന്നാൽ, അത്തരമൊരു ഗാന്ധിയൻ നേതൃത്വമാതൃക ഇന്നും ഇന്ത്യയ്ക്ക് അന്യമാണ്. അതിർത്തിഗാന്ധിയെന്നു വിശേഷിപ്പിക്കപ്പെട്ട പഠാൻ നേതാവ് ഖാൻ അബ്ദുൾ ഗാഫർഖാനെ നമ്മൾ മാനിക്കുകയല്ല, അപമാനിക്കുകയാണു ചെയ്തത്. ഇനിയുമൊരു ഗാന്ധിയെ വേണ്ട എന്നാണ് ഇന്ത്യയുടെ ഭാവമെന്നു തോന്നുന്നു. എങ്കിൽ ഗുരുത്വദോഷത്തിൽനിന്നു നമുക്കൊരിക്കലും മുക്തി ലഭിക്കാനിടയില്ല എന്നു നമ്മൾ ഭയപ്പെടേണ്ടിയിരിക്കുന്നു. ■

കഥ

# ഒരു നിയോഗത്തിന്റെ ചാവുനിലങ്ങൾ



ഗിരീഷ് കെ. ശാന്തിപുരം

കനത്ത പുറംചട്ടയുള്ള വിശുദ്ധഗ്രന്ഥത്തിൽനിന്നാണ് യൂദാസ് ഇറങ്ങിവന്നത്. എന്റെ വിശുദ്ധ മനനങ്ങളുടെ, സുതാര്യഗന്ധം നിറയുന്ന ഒരു പുലർകാലത്തിലായിരുന്നത്.

ഭൂമി ഒരു മഞ്ഞുകാലനിദ്രയുടെ ആലസ്യംവിട്ടുണർന്നിരുന്നില്ല. ഞാനോ പാതിരാക്കോഴിക്കൊപ്പം ഉറക്കമുണർന്ന്, വിശുദ്ധചിന്തകളുടെ കുന്തിരിക്കഗന്ധമറിഞ്ഞ് വചനങ്ങളുടെ യോർദാൻനദിയിലൂടെ ഒഴുകി നീങ്ങുകയായിരുന്നു. അപ്പോഴാണ് യൂദാസ് വന്നത്.

നരച്ച നിറമുള്ള നീളൻകുപ്പായവും ഉത്തരീയവും ധരിച്ച് എനിക്കു മുമ്പിൽ വന്നുനിൽക്കുന്ന, നീണ്ട നാസികയും കൗശലം മുറ്റിയ കണ്ണുകളും കട്ടിപ്പുരികവുമുള്ള മനുഷ്യനെ കണ്ടപ്പഴേ എനിക്കു തീർച്ചയുണ്ടായിരുന്നു. ഇത് യൂദാസ്തന്നെ.

കാരണം, യൂദാസിനെയും എനിക്കു നല്ല പരിചയമായിരുന്നു. യേശുവിനെപ്പോലെ, പത്രോസിനെപ്പോലെ, പന്ത്രണ്ടാമനായ യൂദാസിനെയും ഞാൻ വിശുദ്ധഗ്രന്ഥത്തിന്റെ ഏടുകളിൽനിന്നു ഹൃദയംകൊണ്ടു പരിചയപ്പെട്ടിരുന്നു. എന്നിട്ടും ഞാൻ ചോദിച്ചു:

"യൂദാസ് അല്ലേ...?"

"യൂദാസ് ഇസ്കറിയോത്ത." യൂദാസ് പ്രതിവചിച്ചു.

എനിക്കും യൂദാസിനുമിടയിൽ ഒരു മെഴുകുവിളക്ക് അഗ്രസന്ധ്യാവാതത്തിൽ ഉലഞ്ഞു കത്തുന്നുണ്ടായിരുന്നു. വിളക്കുവെളിച്ചം മിനുക്കിയ യൂദാസിന്റെ മുഖം മ്ലാനമായിരിക്കുന്നുവെന്നു ഞാൻ കണ്ടു.

ഞാൻ യൂദാസിനെ സൂക്ഷിച്ചുനോക്കി. ക്ലാന്തതയുടെ മുഖാവരണമണിഞ്ഞ് ഒരു ശിലാവിഗ്രഹംപോലെ യൂദാസ് ചലനമറ്റു നിന്നു. കണ്ണുകൾ ഉലയുന്ന വിളക്കുനാളത്തിൽത്തന്നെയാണ്. ഞങ്ങൾക്കിടയിൽ വെളിച്ചവും മൗനവും ഇളകിക്കൊണ്ടിരുന്നു.

ഞങ്ങൾക്കിടയിലെ നിശ്ശബ്ദത എനിക്ക് ആത്മനിഷ്ഠമായ ഒരു വായനപോലെ സാന്ദ്രവും വിശുദ്ധവുമായിത്തോന്നി. അയാളുടെ മൗനങ്ങളാണ് യൂദാസിന്റെ സത്യങ്ങളെന്നു ഞാൻ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടുതന്നെ ആ മൗനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് യൂദാസിനെ മൗനംകൊണ്ടുതന്നെ വിചാരണചെയ്യാൻ ഞാൻ തീരുമാനിച്ചു.

പക്ഷേ, എനിക്ക് എന്റെ മനസ്സിനെ പിന്നാക്കം പിടിക്കേണ്ടി വന്നു. കാരണം, ഒരു കുറ്റവാളിയുടെ മുഖാവരണത്തോടെ, പൂർവകാലചെയ്തികളെക്കുറിച്ചുള്ള പശ്ചാത്താപപീഡയോടെ ഒരു വിചാരണയ്ക്കായി നിന്നുതരുന്ന ആളൊന്നുമല്ല യൂദാസ്. അതു പഠിക്കാൻ തക്കവണ്ണമുള്ള അപൂർണവിരാമങ്ങളുടെ നിശ്ശബ്ദനിമിഷങ്ങളുണ്ടല്ലോ വിശുദ്ധലിഖിതങ്ങളിൽ.

സമയം ഇഴഞ്ഞുനീങ്ങുകയാണ്. മെഴുകുവിളക്ക് കണ്ണടയ്ക്കാനും കിഴക്ക് പ്രഭാങ്കുരങ്ങൾ പൊട്ടാനും അധികമുണ്ടാവില്ല.

എന്റെ ഹൃദയം യൂദാസിനോടുള്ള അനുകമ്പയും അലിവുംകൊണ്ടു നിറഞ്ഞു. ആ നിറവിന്റെ കാതരഭാവത്തോടെ ഞാൻ ചോദിച്ചു:

"യൂദാസ്, നീ എന്തേ ഇപ്രകാരം പ്രവർത്തിച്ചു...?"

യൂദാസ് വിളക്കുനാളത്തിൽനിന്ന് കണ്ണുകൾ പറിച്ച് എന്റെ കണ്ണുകളിൽ വച്ചു. അവന്റെ നോട്ടം തണുത്തുറഞ്ഞ ഒരു സ്പർശംപോലെയായിരുന്നു. എങ്കിലും, എന്റെ കണ്ണുകൾ ആ ചോദ്യം വീണ്ടും വീണ്ടും ആവർത്തിച്ചുകൊണ്ടിരുന്നു.

"ഞാൻ യൂദാസ് ആയതുകൊണ്ട്..."

എന്റെ ചോദ്യത്തിന്റെ മുനയൊടിക്കുന്നതായിരുന്നു യൂദാസിന്റെ ഉത്തരം. യൂദാസിനെക്കുറിച്ചുള്ള എന്റെ ചിന്തകളിൽ സഹതാപജന്യമായ ചില നിമിഷങ്ങൾക്കപ്പുറം, അയാളുടെ ധാർഷ്ട്യത്തെക്കുറിച്ച് എനിക്കു നല്ല അറിവുണ്ടായിരുന്നു. ഒരിക്കലും ഉത്തരം കിട്ടാത്ത ചില ചോദ്യങ്ങളും.



എന്റെ മനസ്സിൽ നിരവധിയായ സന്ദേഹങ്ങളുടെ അത്തിമരച്ചില്ലകൾ ഇളകി. പിന്നെ അവ വേനലിൽ ഇലപൊഴിച്ച് ആകാശത്തേക്കു ചില്ലകൾ നീട്ടിനിൽക്കുന്ന പ്രാർഥനാരൂപങ്ങളായി...

യൂദാസിനെതിരേ ഒരു വിചാരണയുടെ വിധിഭാവങ്ങളെടുത്തണിയാൻ ഞാൻ ന്യായാസനങ്ങളിൽ ഉപവിഷ്ടനല്ലല്ലോ... ഞാൻ എന്റെ മനസ്സിനെ അരൂപചിന്തകളിൽനിന്നു മോചിപ്പിച്ചുകൊണ്ടു പറഞ്ഞു:

"യൂദാസ്, നിന്നെപ്രതി എനിക്കു സഹതാപവും സ്നേഹവും ഉണ്ട്."

യൂദാസ്, ഒന്നുലഞ്ഞു. വിളക്കിനടുത്തേക്ക് അനങ്ങിനിന്നു. എന്നിട്ടു പറഞ്ഞു: "പക്ഷേ, ഞാൻ എന്നെയല്ലാതെ ആരെയും സ്നേഹിച്ചിരുന്നില്ല."

വരണ്ട ഒരു കാറ്റുപോലെയായിരുന്നു യൂദാസിന്റെ ശബ്ദം. ഞാൻ അജ്ഞേയമായൊരു ജിജ്ഞാസയുടെ വിളുമ്പിൽനിന്നു സന്ദേഹംകൊണ്ടു.

"ഗുരുവിനെയും...?"

"എനിക്ക്... എനിക്കറിഞ്ഞുകൂടാ..." അവന്റെ ശബ്ദം ഇടറിയിരുന്നു.

ഒരു പുതിയ വെളിപാടിന്റെ, കണ്ടെത്തലിന്റെ ഒരു രജതരേഖ ഇടിമിന്നൽപോലെ എന്നിലേക്കു തുളച്ചുകയറി. യൂദാസിന്റെ സത്യങ്ങൾ മൗനങ്ങളിൽനിന്ന് ശബ്ദങ്ങളിലേക്കു മാറിയിരിക്കുന്നു.

ഗുരുവിനോടൊപ്പമുള്ള പരസ്യരഥ്യകളിലൊന്നും യൂദാസ് തന്റെ സത്യങ്ങൾ സംസാരിച്ചിരുന്നില്ല. സംസാരിച്ചതൊക്കെയും തന്റെ വ്യാജങ്ങളായിരുന്നു. അതാകട്ടെ, എല്ലാ അർഥങ്ങളിലും ഗുരു തിരിച്ചറിഞ്ഞിരുന്നുതാനും.

ബേഥനിയായിൽവച്ച് മാർത്തയുടെ സഹോദരി മറിയം യേശുദേവന്റെ പാദങ്ങൾ തൈലാഭിഷേകം ചെയ്ത രംഗം ഞാൻ ഓർമിച്ചു. അപ്പോൾ യൂദാസ് ചോദിച്ചത് ഇപ്രകാരമാണ്:

"ഈ തൈലം മുന്നൂറു ദനാറയ്ക്കു വിറ്റ് ദരിദ്രർക്കു കൊടുക്കാത്തതെന്ത്?"

"അങ്ങനെ ചെയ്തിരുന്നെങ്കിൽ അതിൽനിന്ന് പകുതിയിലേറെയും ഞാൻ അപഹരിക്കുമായിരുന്നു..." എന്റെ ചിന്തകൾ അറിഞ്ഞിട്ടെന്നവണ്ണം യൂദാസ് പറഞ്ഞു.

ഞാൻ തെല്ലതിശയത്തോടെ യൂദാസിനെ നോക്കി. കുറ്റബോധത്തിന്റെ തിണർപ്പ് ബാധിച്ചൊരു മുഷിഞ്ഞ മുഖഭാവത്തോടെ അയാൾ എനിക്കു മുമ്പിൽ നിൽക്കുന്നു.

"എനിക്ക് ഒരിക്കലും ഗുരുവിൽനിന്ന് ഒന്നും മറയ്ക്കാൻ കഴിഞ്ഞിരുന്നില്ല..." യൂദാസ് പറഞ്ഞു.

യൂദാസ് കണ്ണുകൾ തുടയ്ക്കുകയായിരുന്നു. സത്യത്തിൽ അയാൾ മറ്റൊരു മെഴുകുവിളക്കായി എരിയാൻ തുടങ്ങുകയായിരുന്നു എന്നെനിക്കു തോന്നി.

യൂദാസ് പറഞ്ഞത് സത്യമായിരുന്നു. യൂദാസിന്റെ ഓരോ ചെയ്തികളിലും അയാളുടെ ഹൃദയം ഒരു സ്ഫടികച്ചീളിന്റെ സുതാര്യതയോടെ യേശു കണ്ടിരുന്നു.

അതുകൊണ്ടാണല്ലോ, 'തൈലം എന്റെ ദേഹത്തുപൂശിയ ഇവൾ എന്റെ ശവസംസ്കാരത്തിനായി ഇതു ചെയ്തിരിക്കുന്നു' എന്ന് യേശു പറഞ്ഞത്.

യേശു എന്നും അങ്ങനെയായിരുന്നു. ഒരുപാട് അർഥങ്ങളും ഒരുപാടു സത്യങ്ങളും ഒളിപ്പിച്ച തന്റെ മറുപടിയോരോന്നും കാതുള്ളവർക്കു കേൾക്കാനും തന്റെ പ്രവൃത്തികളോരോന്നും കണ്ണുള്ളവർക്കു കാണാനും വേണ്ടിയായിരുന്നു.

"ഒന്നും അറിഞ്ഞതായി ഭാവിച്ചില്ല. ഒന്നും കേട്ടതായി ഭാവിച്ചില്ല. ഗുരുവിനോടൊപ്പം നടക്കുമ്പോഴും പ്രവർത്തിക്കുമ്പോഴും എന്റെ മനസ്സിൽ ദുരയായിരുന്നു. സമ്പത്തിനോടുള്ള ദുര. ലൗകികഭോഗങ്ങളോടുള്ള ആസക്തി..." യൂദാസ് പറഞ്ഞു.

യൂദാസ് പറഞ്ഞത് സത്യമാണെന്ന് എനിക്കു തോന്നി. അല്ലെങ്കിൽത്തന്നെ അയാൾ ഇപ്പോൾ സത്യങ്ങൾ മാത്രമാണല്ലോ സംസാരിക്കുക. തിരിച്ചറിയേണ്ടിയിരുന്നപ്പോൾ അറിഞ്ഞിട്ടും യൂദാസ് അങ്ങനെ ഭാവിക്കുകയോ പ്രവർത്തിക്കുകയോ ചെയ്തിരുന്നില്ല.

എനിക്കു മുമ്പിൽ ഇപ്പോൾ യൂദാസ് തുറന്നുവച്ച ഒരു ഗ്രന്ഥംപോലെയാണ്. ഒരു മനഃശാസ്ത്രജ്ഞന്റെ വിരുതോടെ എനിക്ക് യൂദാസിനെ എളുപ്പം വിശകലനം ചെയ്യാൻ കഴിയുന്നുണ്ട്.

'ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം' എന്നു പ്രഖ്യാപിച്ചുകൊണ്ടു തന്നോടൊപ്പം ചേർത്ത ശിഷ്യഗണത്തിൽ യൂദാസ് ഒരു വിധിവിഹിതംപോലെയാണ് പണംസൂക്ഷിപ്പുകാരനായി മാറിയത്. നാണയങ്ങളുടെ കിലുക്കം എന്നും യൂദാസിനെ വിഭ്രമിപ്പിച്ചിരുന്നു. ആരുമറിയാതെ പണം മോഷ്ടിച്ചു മാറ്റിയിരുന്ന യൂദാസ് യേശുവിന്റെ പരസ്യജീവിതകാലത്തെ അദ്ഭുതങ്ങൾക്കെല്ലാം കണക്കുപറഞ്ഞു പണം വാങ്ങാൻ ആഗ്രഹിച്ചിരുന്നിരിക്കണം.

"നേര്, ഞാൻ അങ്ങനെ ആഗ്രഹിച്ചിരുന്നു..." യൂദാസ് പിറുപിറുത്തു. "പറുദീസയിൽ ഗുരുവിനോടൊപ്പം ഇടംകണ്ടെത്താൻ ശ്രമിക്കാതെ ഭൂമിയിൽ ഒരു സിംഹാസനം പണിയാനായിരുന്നല്ലോ ഞാൻ ശ്രമിച്ചിരുന്നത്..."

യൂദാസിന്റെ ശബ്ദം ഒരു വിലാപംപോലെയായിരുന്നു. പുറത്തു പതിവില്ലാതെ മഞ്ഞുപെയ്യാൻ തുടങ്ങിയിരുന്നു. തണുപ്പ് അതിന്റെ നീണ്ടുകൂർത്ത നഖങ്ങളാൽ അസ്ഥിയോളം അള്ളിപ്പിടിക്കുന്നു. പുറത്തു മരച്ചില്ലകളിൽ ഏതോ ഒരു പേരറിയാപ്പക്ഷി അപരിചിതശബ്ദത്തിൽ കരഞ്ഞു.

വെട്ടം വീഴാൻ അധികമുണ്ടാവില്ല. മെഴുകുവിളക്ക് എരിഞ്ഞു തീരാറായിരിക്കുന്നു. യൂദാസ് വല്ലാത്തൊരു ഭാവത്തോടെ പുറത്തെ സാന്ദ്രതയകലുന്ന ഇരുട്ടിലേക്കു നോക്കി. ആഗതമാകുന്ന പകൽവെളിച്ചത്തെ അയാൾ ഭയപ്പെടുന്നതുപോലെ എനിക്കു തോന്നി:

യൂദാസിനെക്കുറിച്ചുള്ള എന്റെ വിചാരങ്ങളിൽ എനിക്ക് അപ്രാപ്യമായ പുതിയ ഉത്തരങ്ങൾ തേടുകയായിരുന്നു ഞാൻ. ഇപ്പോൾ യൂദാസ് ആ ഉത്തരങ്ങളുമായി എനിക്കു മുമ്പിൽ നിൽക്കുകയാണ്. ഞാൻ ചോദിച്ചു:

"എന്തിനാണ് യൂദാസ് നീ ഗുരുവിനെ ഒറ്റുകൊടുത്തത്?" യൂദാസൊന്ന് നടുങ്ങിയതായി എനിക്കു തോന്നി. വല്ലാത്തൊരു വ്യഥയോടെ, അടക്കിപ്പിടിച്ച ഒരു തേങ്ങലോടെ അവൻ നിലത്തു മുട്ടുകുത്തി ശിരസ്സു കുനിച്ചു. യൂദാസിന്റെ ശിരസ്സപ്പോൾ ഒരു ചരിത്രത്തിന്റെ പാപങ്ങളത്രയും പേറി കുനിഞ്ഞുപോയതുപോലുണ്ടായിരുന്നു.

*ശേഷം 14-ാംപേജിൽ*




**ഫെബ്രുവരി 12**
**ദനഹാക്കാലം**
**ആറാം ഞായർ**

**നിയ 24:14–22**
**ഏശ 63:7–16**
**ഹെബ്രാ 8:1–6**
**യോഹ 3:22–31**

# ഈശോതന്നെയാണ് മിശിഹാ



ഡോ. ജോസഫ് കരികുളം



**പൂ**ർണദൈവവും പൂർണമനുഷ്യനുമായ ഈശോമിശിഹാ ഭൂമിയിൽ അവതരിച്ചതിന്റെ ലക്ഷ്യത്തെയും ദൈവവുമായുള്ള അവന്റെ ബന്ധത്തെയും ധ്യാനിക്കുന്ന ദനഹാക്കാലം സമാപിക്കുകയാണ്. അടുത്ത ഞായറാഴ്ച ഈശോയുടെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യപ്രാപ്തിയെ ധ്യാനിക്കുന്ന നോമ്പുകാലം ആരംഭിക്കുകയാണ്. അതിനാൽത്തന്നെ ദനഹാക്കാലത്തിന്റെ ഈ അവസാന ഞായറാഴ്ച ഈശോയെ ചൂണ്ടി അവൻതന്നെയാണ് മിശിഹാ എന്നുറപ്പിക്കുന്ന സ്നാപകന്റെ വാക്കുകളും അതിനു പിന്തുണ നൽകുന്ന വചനഭാഗങ്ങളുമാണ് സഭ ധ്യാനിക്കുന്നത്. ഈശോ, ഇസ്രായേൽജനം പ്രതീക്ഷിച്ചിരുന്ന മിശിഹായാണെന്നും അവൻ പൂർണദൈവവും പൂർണ മനുഷ്യനുമാണെന്നും അവൻ ഈ ഭൂമിയിലേക്കു വന്നത് മനുഷ്യനു സ്വയമേവ സാധിക്കാൻ കഴിയാതിരുന്ന രക്ഷ (ദൈവമഹത്ത്വത്തിലേക്കുള്ള പ്രവേശനം, നിത്യജീവൻ) അവനു നേടിക്കൊടുക്കുന്നതിനുമാണെന്നുള്ള അടിസ്ഥാനവിശ്വാസത്തോടെയേ നോമ്പുകാലത്തേക്കു നമുക്കു പ്രവേശിക്കാനാകൂ. അതിനായുള്ള തെളിവുകളും സാക്ഷ്യങ്ങളും നൽകി നമ്മെ ഈശോയിലുള്ള വിശ്വാസത്തിൽ ഉറപ്പിക്കുകയാണ് ഇന്നത്തെ വായനകൾ.

കാരുണ്യവും പങ്കുവയ്ക്കലും തന്റെ ജനത്തിന്റെ കടമകളാക്കി ദൈവം പ്രഖ്യാപിക്കുമ്പോൾ (നിയമാ. 24:14–22) തന്റെ ജനത്തെ അവിടുന്ന് ഓർമിപ്പിക്കുന്ന രണ്ടു വസ്തുതകളുണ്ട്. ഒന്ന്, ഇസ്രായേൽജനം തങ്ങളുടെ ഇടയിലുള്ള വിദേശികളോടും പാവപ്പെട്ടവരോടും എന്തുകൊണ്ടു കരുണ കാണിക്കണമെന്നുള്ള ചോദ്യത്തിന് ഉത്തരം നൽകുന്നു. "നീ ഈജിപ്തിൽ അടിമയായിരുന്നെന്നും നിന്റെ ദൈവമായ കർത്താവ് നിന്നെ അവിടെനിന്നു മോചിപ്പിച്ചുവെന്നും ഓർക്കണം" (24:18). ഈശോയിൽ പൂർത്തിയായ രക്ഷയുടെ കാരണവും ഇതുതന്നെയാണ്. പാപത്തിനടിമയായി ദൈവവുമായുള്ള ബന്ധം തിരസ്കരിക്കുന്ന മനുഷ്യാ, നിന്റെ ദൈവമായ കർത്താവ് നിന്നെ പാപത്തിന്റെ അടിമത്തത്തിൽനിന്നു മോചിപ്പിക്കുന്നു എന്നു നീ ഓർക്കണം!

രണ്ട്, "മക്കൾക്കുവേണ്ടി പിതാക്കന്മാരെയോ പിതാക്കന്മാർക്കുവേണ്ടി മക്കളെയോ വധിക്കരുത്. പാപത്തിനുള്ള മരണശിക്ഷ അവനവൻതന്നെ അനുഭവിക്കണം" (24:16). മനുഷ്യനുവേണ്ടി ദൈവം നൽകുന്ന നിയമം ദൈവം തനിക്കുതന്നെ ബാധകമാക്കുന്നില്ല എന്നു നാമോർക്കണം. അപ്രകാരമായിരുന്നെങ്കിൽ മനുഷ്യൻ തന്റെ പാപങ്ങൾക്കുവേണ്ടി വധിക്കപ്പെടേണ്ടിവരുമായിരുന്നു. എന്നാൽ, മനുഷ്യനുവേണ്ടി ദൈവം നൽകിയ നിയമം, തനിക്കു ബാധകമാക്കാതെ ദൈവം മനുഷ്യന്റെ പാപങ്ങൾക്കുവേണ്ടി തന്റെ പുത്രനെ മരണത്തിനു വിട്ടുകൊടുത്ത്, എല്ലാ മനുഷ്യർക്കുമായി ഒരിക്കൽ മാത്രം, എന്നേക്കുമായി പാപപരിഹാരം ചെയ്യുന്നു. അങ്ങനെ, പാപത്തിന്റെ ഫലമായ മരണത്തിൽനിന്നും രക്ഷയുടെ അടയാളമായ നിത്യജീവനിലേക്ക് അവനെ നയിക്കുന്നു.

ദൈവം തന്റെ ജനത്തിനുവേണ്ടി പാപപരിഹാരം ചെയ്യുന്നതിനെ ഏശയ്യായും സൂചിപ്പിക്കുന്നുണ്ട് (ഏശ. 63:7–16). "അവരുടെ കഷ്ടതകളിൽ ദൂതനെ അയച്ചില്ല, അവിടുന്നുതന്നെയാണ് അവരെ രക്ഷിച്ചത്" (63:9). കാലാകാലങ്ങളായി ഇസ്രായേൽ ജനത്തോട് ഇങ്ങനെ പ്രവർത്തിക്കുന്ന ദൈവത്തെ ജനം എതിർക്കുന്നതായും ഏശയ്യാ സൂചിപ്പിക്കുന്നു: "എന്നിട്ടും അവർ എതിർത്തു" (63:10). ഇസ്രായേൽ ജനത്തിൽനിന്ന് ദൈവം പിൻവലിക്കുന്ന സ്നേഹത്തെയും കൃപയെയുംകുറിച്ച് ഇസ്രായേൽ ജനം ബോധവാന്മാരാണെങ്കിലും (63:15) ദൈവത്തെ എതിർത്ത് അനുസരണക്കേടിലേക്കു പോകുന്ന അവരുടെ സ്വഭാവം മാറുന്നില്ല.

ഈശോയാണ് മിശിഹാ എന്നുള്ള പൊതുബോധം സൃഷ്ടിക്കുന്നതിൽ വലിയ പങ്കുവഹിച്ച പ്രവാചകനാണ് സ്നാപകയോഹന്നാൻ. അദ്ദേഹത്തിന്റെ ജനനലക്ഷ്യവും അതുതന്നെയാണല്ലോ. ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണ് ഈശോ (യോഹ. 1:29) എന്നുള്ള പ്രസ്താവനയോടെ ഈശോയുടെ ദൗത്യത്തെ വ്യക്തമായി സ്നാപകൻ പ്രഖ്യാപിക്കുന്നു. ആ പ്രഖ്യാപനത്തിനു പൂർണത നൽകുന്ന സുവിശേഷഭാഗമാണ് ഇന്നത്തേത് (യോഹ. 3:22–31).

യോഹന്നാന്റെ കാഴ്ചപ്പാടിൽ ഭൂമിയും സ്വർഗവും തമ്മിൽ വലിയ വ്യത്യാസമുണ്ട്. അത് ഇവിടെ ഈശോയും സ്നാപകനും തമ്മിലുള്ള താരതമ്യപ്പെടുത്തലിൽ പ്രകടമാണ്. അദ്ദേഹം ഈശോയെ ഉന്നതത്തിൽനിന്നുള്ളവനായും തന്നെത്തന്നെ ഭൂമിയിൽനിന്നുള്ളവനായും ചൂണ്ടിക്കാണിക്കുന്നു (3:27.31). ഉന്നതത്തിൽനിന്നു വരുന്നവർക്കു വഴിമാറിക്കൊടുക്കുകയെന്നത് സൃഷ്ടികളായ മനുഷ്യരെ സംബന്ധിച്ചിടത്തോളം കരണീയമാണ്. അതുകൊണ്ട് യോഹന്നാൻ കളമൊഴിയുകയാണ്: നിരാശയോടെയല്ല, പൂർണമായ സന്തോഷത്തോടെ (3:29). കാരണം, തന്റെ ജനനത്തിന്റെ ലക്ഷ്യം പൂർണമായും സാക്ഷാത്കരിക്കപ്പെടുന്നതിന് അവൻ സാക്ഷിയാകുന്നു.

താൻ മിശിഹായല്ല, അവനു മുമ്പേ അയയ്ക്കപ്പെട്ടവനാണ് എന്ന ബോധം എളിമയോടെ ജീവിക്കാൻ സ്നാപകനെ സഹായിക്കുന്നു. ഇക്കാര്യം സ്നാപകൻ നേരത്തേതന്നെ തന്റെ ശിഷ്യരോടു സൂചിപ്പിച്ചിരുന്നു എന്ന കാര്യം അദ്ദേഹം അവരെ ഓർമിപ്പിക്കുന്നുണ്ട് (3:28). അതിനാൽ, മിശിഹായെ കാണുമ്പോൾ താൻ ആർക്കുമുമ്പേ അയയ്ക്കപ്പെട്ടുവോ അവൻ ആഗതനായിരിക്കുന്നുവെന്നും, ഇനി തന്റെ ആവശ്യമില്ല എന്നും യോഹന്നാൻ തിരിച്ചറിയുന്നു. യോഹന്നാൻ ജലം കൊണ്ടാണ് മാമ്മോദീസ നൽകുന്നതെങ്കിൽ, ആത്മാവിനെക്കൊണ്ടു സ്നാനം നൽകുന്നവൻ ഇതാ ഇവിടെ നിൽക്കുന്നു. അതിനാൽ, താൻ മാറിക്കൊടുക്കേണ്ടവനാണെന്ന് യോഹന്നാൻ തിരിച്ചറിയുന്നു.

പാപപരിഹാരത്തിനുള്ള യഥാർഥ കുഞ്ഞാടായി മാറേണ്ടവൻ ഈശോയാണെന്ന തിരിച്ചറിവ് നൽകിക്കൊണ്ട് പാപപരിഹാരത്തിന്റെ നോമ്പുകാലത്തേക്ക് ഹെബ്രായലേഖനം നമ്മെ നയിക്കുന്നു (ഹെബ്രാ. 8:1–6). ഭൂമിയിലുള്ള പുരോഹിതരിൽനിന്നും പ്രവാചകന്മാരിൽനിന്നും വ്യത്യസ്തമായി ദൈവംതന്നെ, തന്റെ പുത്രനിലൂടെ രക്ഷയ്ക്കുവേണ്ടിയുള്ള പാപപരിഹാരം നിർവഹിക്കുന്നു. മറ്റെന്തു സമർപ്പിച്ചാലും പാപപരിഹാരത്തിനു മതിയാകില്ല എന്നു വരുന്ന സമയത്ത് ഈശോമിശിഹാ ബലിയർപ്പകനും ബലിവസ്തുവുമാകുന്നു. ഈശോമിശിഹായാകുന്ന ദൈവംതന്നെയാണ് നമ്മുടെ പാപങ്ങൾക്കു പരിഹാരം ചെയ്യുന്നവനും ബലിവസ്തുവുമെന്നു തിരിച്ചറിയുന്ന നമുക്ക് പാപപരിഹാരം അവനിൽ നേടാമെന്നു ഉറച്ചബോധ്യത്തോടെ നോമ്പിലേക്കു പ്രവേശിക്കാം. ■




## പരിമളച്ചെപ്പ്

പ്രസാധനം : അൽഫോൻസാ ജ്യോതി പ്രോവിൻസ്, അരുവിത്തുറ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 300




അൽഫോൻസാമ്മയുടെ വിശുദ്ധിയുടെ അമൃതം നുകർന്ന്, അവളുടെ ആത്മീയതയുടെ ഉറവയിൽനിന്നു പാനം ചെയ്ത് സ്വന്തം കർമമണ്ഡലങ്ങളിൽ ക്രിസ്തുസ്നേഹത്തിന്റെ, പ്രകാശം പരത്താൻ ഈ ഗ്രന്ഥം അനേകരെ സഹായിക്കുന്നു.

## സക്രാരിയുടെ കൂട്ടുകാരി

ഗ്രന്ഥകർത്താ : ആന്റണി പന്തല്ലൂർപ്പറമ്പിൽ
പ്രസാധനം : വിമല ബുക്സ്, കാഞ്ഞിരപ്പള്ളി
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 80



ജീവിതത്തിലുണ്ടായ പീഡകളെയും വേദനകളെയും കുരിശിൻചുവട്ടിൽ സമർപ്പിച്ച, ക്രൂശിതനെ സ്നേഹിച്ച, ക്രൂശിതന്റെ പീഡകളെ സ്വയം ഏറ്റുവാങ്ങിയ ധന്യ മരിയ സെലിന്റെ ജീവിതത്തിലൂടെ സഞ്ചരിക്കുന്ന ഗ്രന്ഥം.

# വഞ്ചിക്കപ്പെടുന്ന വിശ്വാസം



ഫാ. ജോസഫ് നെച്ചിക്കാട്ട്



ലണ്ടനിലെ ഫ്രാങ്ക്‌ലാൻഡ് ജയിലിലെ തടവുകാരനായിരുന്നു ഹാരോൾഡ് ഷിപ്മാൻ എന്ന ഡോക്ടർ. ഹൈഡുപ്രദേശത്തുള്ള എല്ലാവർക്കും സുപരിചിതനായിരുന്നു ഇയാൾ. എന്താണ് ഒരു ഡോക്ടർ ഇങ്ങനെ തടവിലാകാൻ കാരണം?

1975 മാർച്ചിൽ പ്രാക്ടീസുതുടങ്ങിയ കാലംമുതൽ 1998 ജൂലൈവരെയുള്ള കാലയളവിൽ അയാൾ ഏകദേശം 215 രോഗികളെയെങ്കിലും ഡയോമോർഫിൻ എന്ന മയക്കുമരുന്ന് ഓവർഡോസായി കുത്തിവച്ച് കൊന്നുകളഞ്ഞിട്ടുണ്ട് – അതിൽ 171 പേരും സ്ത്രീകളായിരുന്നു.

ഒരു ഡോക്ടർ എന്ന നിലയ്ക്ക് ഷിപ്മാനെ ആരും സംശയിച്ചില്ല. ഒക്കെ സ്വാഭാവികമരണങ്ങളായി കണക്കാക്കപ്പെട്ടു. 1998 ൽ കാത്ത്‌ലീൻ ഗ്രിണ്ടിയുടെ അകാലചരമത്തോടെയാണ് ഡോക്ടറുടെ പേരിൽ സംശയം തോന്നിത്തുടങ്ങിയതും അന്വേഷണം ആരംഭിച്ചതും. ഡയിം ജാനറ്റ് തയ്യാറാക്കിയ 2000 പേജുള്ള കുറ്റപത്രത്തിൽ ഇവയെല്ലാം സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

ഒരു രോഗി അന്ധമായ ആശ്രയം അർപ്പിക്കുന്നതു ഡോക്ടറിലാണ്. നിസ്സഹായതയുടെ പരകോടിയാണ്, ഓപ്പറേഷൻ ടേബിളിൽ ബോധമറ്റു കീറിമുറിക്കപ്പെട്ടു കിടക്കുന്നവൻ. ഡോക്ടറിലുള്ള വിശ്വാസം ഒന്നു മാത്രമാണ് ആ സ്ഥിതിയിൽ കിടക്കാൻ അയാളെ പ്രേരിപ്പിക്കുന്നത്. അവിടെനിന്നുതന്നെ ചതി വന്നാലോ?

പ്രേമിച്ചു കല്യാണം കഴിച്ച പ്രിയപ്പെട്ട ബിജു ഒരു സുന്ദരസായാഹ്നത്തിൽ തന്നെ കൊല്ലാൻ കൂർത്ത കത്തി മുഖത്തേക്കു കുത്തിക്കയറ്റുമെന്ന് കൊല്ലം എഴുകോൺ കുറുപ്പംമലമേലേതിൽ സിന്ധു കിനാവിലും കരുതിയില്ല. മദ്യപിച്ചെത്തിയ ബിജു സിന്ധുവിന്റെ മുഖത്തേക്ക് ആഞ്ഞുകുത്തി (8–2–2004). കത്തിയുടെ മുന എല്ലു തുളച്ച് 15 സെന്റിമീറ്റർ ഉള്ളിലെത്തിനിന്നു! 2004 ഫെബ്രുവരി 8 നു നടന്നത് തിരുവനന്തപുരം മെഡിക്കൽ കോളജു കണ്ടിട്ടുള്ളതിലേക്കും വലിയ ശസ്ത്രക്രിയയായിരുന്നു.

വീട്ടിൽ കശപിശ ഉണ്ടാകുമായിരുന്നുവെങ്കിലും, തന്റെ പ്രിയപ്പെട്ട ഭർത്താവ് തന്റെ മുഖത്തേക്കു കത്തി കുത്തിക്കയറ്റുമെന്ന്, അതും കൊല്ലണമെന്ന ഉദ്ദേശ്യത്തോടെ ചെയ്യുമെന്ന് സിന്ധുവിനു ചിന്തിക്കാനായില്ല. കത്തിയെടുത്തപ്പോഴും അതിനു വഞ്ചനയുടെ മുനയുണ്ടെന്ന് അവൾ കരുതിയില്ല. പക്ഷേ, അരുതാത്തതു സംഭവിച്ചു – തികച്ചും അവിചാരിതമായി.

ഇതുപോലൊരു ക്രൂരതയാണ് അമേരിക്കയിലെ മിസൗറിയിൽ 2004 ഡിസംബർ 19 ന് അരങ്ങേറിയതും. മിസൗറി സ്വദേശിനിയായ ബോബി ജോ സ്റ്റിന്നെറ്റിന്റെ പ്രധാനതൊഴിൽ റാറ്റ് ടെറിയർ ഇനത്തിൽപ്പെട്ട നായ്ക്കളെ വളർത്തി വില്ക്കുകയായിരുന്നു. ലിസ മോണ്ട്ഗോമറി എന്ന കൺസാസ്കാരി ബോബിയുമായി ചങ്ങാത്തം സ്ഥാപിച്ചു. നായയെ വാങ്ങാനെന്ന വ്യാജേന പതുക്കെപ്പതുക്കെ അവൾ അടുത്തുകൂടി. ലിസയെ ബോബി ഒരിക്കൽപ്പോലും സംശയിച്ചില്ല. പക്ഷേ, ലിസ നോട്ടമിട്ടതു നായയെ അല്ല, ബോബിയുടെ ഗർഭസ്ഥശിശുവിനെയായിരുന്നു. ബോബിയെ കുത്തിമലർത്തി ഗർഭപാത്രം വെട്ടിപ്പിളർന്ന് അവൾ ശിശുവിനെ പുറത്തെടുത്തു. പട്ടിയെ വാങ്ങാനെത്തിയവൾ കുട്ടിയെയും കൊണ്ടു കടന്നു – ഒരിക്കലും ചിന്തിക്കാത്ത ചതി.

ഇന്ദിരാഗാന്ധി വധിക്കപ്പെട്ടത് സിക്ക് ബോഡിഗാർഡ്സിന്റെ വെടിയേറ്റാണല്ലോ. പ്രധാനമന്ത്രിയെ ശത്രുക്കളിൽനിന്നു രക്ഷിക്കാൻ നിയുക്തരായ അംഗരക്ഷകർ അവർക്കുനേരേ നിറയൊഴിച്ചപ്പോൾ ആ ശബ്ദം കേട്ട് ലോകമനഃസാക്ഷി ഞെട്ടി.

യൂദാസിന്റെ ചതിയും ഓർമവരുന്നു. യൂദാസിനെ യേശു സ്നേഹിച്ചു. അതുകൊണ്ടുതന്നെയാണ് അവനെ വിളിച്ചത്. അവനെ വിശ്വസിച്ചു – അതാണ് പണസഞ്ചി അവനെ ഏല്പിക്കാനുള്ള കാരണവും. എങ്കിലും, ഗുരുവിനെ അവൻ വഞ്ചിച്ചു – ചുംബിച്ചുകൊണ്ട് ഒറ്റിക്കൊടുത്തു.

സ്നേഹത്തിന്റെ പ്രകടനമാണ് ചുംബനം. ഗ്രീക്കുഭാഷയിൽ അതിനു രണ്ടു പ്രയോഗങ്ങളുണ്ട് – ഫിലെയിൻ, കാത്താഫിലെയിൻ. ആദ്യത്തേതു സാദാ ചുംബനമാണ് – ആരും ആർക്കും കൊടുക്കാറുള്ളത്. രണ്ടാമത്തേത് അഗാധസ്നേഹത്തിന്റെ അടയാളമാണ് – കാമുകി കാമുകനു കൊടുക്കുന്ന ഗാഢാശ്ലേഷത്തോടെ പ്രേമചുംബനം, ആവർത്തിച്ചാവർത്തിച്ചുള്ള ചുടുചുംബനം. അതാണ് യൂദാസ് നല്കിയതെന്നത്രേ സുവിശേഷകന്മാർ സാക്ഷ്യപ്പെടുത്തുന്നത് (മർക്കോ. 14:15). ചുംബനത്തെപ്പറ്റി യൂദാസ് പറയുമ്പോൾ (മത്താ. 26:48) വെറും ഫിലെയിൻ എന്ന വാക്കുമാത്രമാണ് പ്രയോഗിക്കപ്പെടുന്നതെന്നതും ശ്രദ്ധിക്കുക.

വിശ്വാസവഞ്ചന എന്ന പ്രയോഗത്തിന് ഒത്തിരിയേറെ ആഴങ്ങളുണ്ട്. ഇവിടത്തെ വിശ്വാസം വെറും ഫെയിത്ത് (Faith) അല്ല; ട്രസ്റ്റ് (Trust) എന്ന വാക്കാണ് അവിടെ വിവക്ഷിക്കപ്പെടുന്നത്–ഒരാൾ മറ്റൊരാളെ വിശ്വസിച്ചു ഭരമേല്പിക്കുന്ന വിഷയം. അവിടെ ഒരു പ്രതിഷ്ഠയുണ്ട്. അതാണു യേശു യൂദാസിൽ സാധിച്ചത്. അനേകായിരങ്ങളിൽ നിന്നാണ് യൂദാസിനെ യേശു തിരഞ്ഞെടുത്തത്. കാരണം, “അവൻ യേശുവിനു പ്രിയങ്കരനായിരുന്നു.” അവനെ യേശു സ്നേഹിച്ചു. “സൂക്ഷിച്ചു നോക്കിക്കൊണ്ട് അവനെ തന്റെ പക്കലേക്കു വിളിച്ചു”, ധനികനായ യുവാവിനെ എന്നപോലെ (മർക്കോ. 10:21). ധനികനായ യുവാവു സങ്കടത്തോടെ പിന്തിരിഞ്ഞിടത്തു യൂദാസ് സന്തോഷപൂർവം പിന്തുടർന്നു. പക്ഷേ, അവന്റെ ഉള്ളിലിരിപ്പു മോശമായിരുന്നു. ഒരു അടിമയുടെ വില മാത്രമാണ് അവൻ ഗുരുവിനു കണക്കാക്കിയത് (മത്താ. 26:14). ട്രസ്റ്റ് എന്ന പദംപോലും പൊട്ടിത്തെറിച്ചുപോകുന്ന പരകോടിയാണിവിടം. ഒരു അടിമയെപ്പോലെ അവന്റെയും പാദങ്ങൾ കഴുകിത്തുടച്ചപ്പോഴും, ഗദ്സേമനിയിൽ രക്തം വിയർത്തപ്പോഴും ഗുരു അവന്റെ ചുംബനവും മുൻകൂർ അനുസ്മരിച്ചിട്ടുണ്ടാകണം.

നിനച്ചിരിയാത്ത നേരത്തു വരുന്നതാണു കവർച്ച!

അപ്രതീക്ഷിതമായി വരുന്നത് അപകടവും.

പക്ഷേ, വിശ്വസിച്ചിരുന്നിടത്തുനിന്നാണ് വഞ്ചന വരുന്നത്.

ഏറ്റവും വലിയ വഞ്ചനയാണ് വിശ്വാസവഞ്ചന. അന്ധമായി ആശ്രയിക്കുകയും വിശ്വസിക്കുകയും ചെയ്തിടത്തുനിന്ന് അവിചാരിതമായി അതു വരുമ്പോൾ മനസ്സും ശരീരവും ഒപ്പം തളർന്നുപോകും. ബിജുവിന്റെ കുത്ത് സിന്ധുവിനെ അക്ഷരാർഥത്തിൽ മരവിപ്പിച്ചുകളഞ്ഞു; അംഗരക്ഷകർ ഇന്ദിരാഗാന്ധിയെയും. യൂദാസിന്റെ ചുംബനം യേശുവിന്റെ ആത്മാവിലേക്കാണു തുളച്ചിറങ്ങിയത്. യേശു ഒരിക്കൽ സൂചിപ്പിച്ചതുപോലെ, ഒരിക്കലും പൊറുക്കപ്പെടാത്ത – സത്യാത്മാവിനെതിരായ, പാപമായി അതു മാറി (മത്താ. 12:31–32). യൂദാസിനു മനസ്തപിക്കാനുള്ള കൃപാവരം കിട്ടിയിരിക്കാനിടയില്ലെന്ന വസ്തുതയും ബാക്കിനില്ക്കുന്നു.

■




മാത്യൂസ് ആർപ്പൂക്കര

## കാടുമുഴക്കി

ഉച്ചത്തിൽ ശബ്ദമുണ്ടാക്കുന്ന വലിയൊരു പക്ഷിയാണ് കാടുമുഴക്കി. ഇംഗ്ലീഷിൽ Greater Racket - Tailed Drongo എന്നു പറയും. ശാസ്ത്രനാമം Dicrurus paradi-seus എന്നാണ്. നല്ല തിളക്കമാർന്ന കറുപ്പുനിറമാണ് കാടുമുഴക്കിപ്പക്ഷിക്ക്. വാലറ്റം രണ്ടായിപ്പിരിഞ്ഞിരിക്കും. കൊക്കിനുമുകളിൽ പീലികൾപോലെ ഉയർന്നുനില്ക്കുന്ന ശിഖയും കാണാം. കാട്ടിലും നാട്ടിലും കാണപ്പെടുന്ന പക്ഷിയാണിത്.

ആനറാഞ്ചിയും കാക്കത്തമ്പുരാൻ അഥവാ കാക്കത്തമ്പുരാട്ടി എന്നു വിളിക്കുന്ന പക്ഷിയും കാടുമുഴക്കിയുടെ കുടുംബത്തിൽപ്പെടുന്ന പക്ഷികളാണ്. നമ്മുടെ നാട്ടിൻപുറങ്ങളിൽ കാണാറുള്ള കൊച്ചുപക്ഷിയാണ് ആനറാഞ്ചി. തിളക്കമുള്ള കറുപ്പുനിറവും അറ്റം രണ്ടായി പിരിഞ്ഞ ഇരട്ട വാലുമാണിതിനുള്ളത്. കാടുമുഴക്കിയെപ്പോലെ. കൊക്കിന്റെ ഭാഗത്തു ഒരു വെള്ളിപ്പുള്ളിയുണ്ട്. വൈദ്യുതക്കമ്പികളിലും മറ്റും ഈ പക്ഷിയെ കാണാം. ആനറാഞ്ചിയുടെ ശാസ്ത്രനാമം Dicrurus macrocerus.

കാക്കത്തമ്പുരാട്ടി മെലിഞ്ഞ ഉടലും സ്ലേറ്റിന്റെ നിറമുള്ള പുറംഭാഗവും ഉള്ള പക്ഷിയാണ്. ഇവയുടെ അടിഭാഗം ഇരുണ്ട ചാരനിറമാണ്. ചുവപ്പൻ കണ്ണുകളുള്ള ഈ പക്ഷിയുടെ വാലിന്റെ അറ്റം രണ്ടായി പിരിഞ്ഞിരിക്കും. കാടുകളിലും മരങ്ങൾ തിങ്ങിനിറഞ്ഞ പ്രദേശങ്ങളിലും ഇവയെ കാണാം. ശാസ്ത്രനാമം : Dicrurus leucophaeus.

■



# മനുഷ്യപ്പറ്റിന്റെ വിജയസ്മിതം



ശ്രീദേവി എസ്.കെ.

**1974** ഏപ്രിലിലെ വേനൽച്ചൂട്. ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (llsc) എന്ന ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗ്രൗണ്ടിൽ ഗുൽമോഹറുകൾ ചുവപ്പു കൊഴിക്കുന്ന സമയം. കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിലെ പി.ജി. വിദ്യാർഥികളിൽ ഒരേയൊരു പെൺകുട്ടി തന്റെ ഹോസ്റ്റലിലേക്കുള്ള വഴിമധ്യേ നോട്ടീസ് ബോർഡിലെ ഒരു തൊഴിൽപരസ്യത്തിൽ മിഴിയുടക്കി നിന്നു. വിദേശ സ്കോളർഷിപ്പോടെ കമ്പ്യൂട്ടർ സയൻസിൽ ഉപരിപഠനം നടത്താനാഗ്രഹിച്ച ആ പെൺകുട്ടി ഇന്ത്യയിൽ ഒരു ജോലി സ്വപ്നംപോലും കണ്ടിട്ടുണ്ടായിരുന്നില്ല.

'ടെൽകോ' (ഇന്നത്തെ ടാറ്റാ മോട്ടോഴ്സ്) എന്ന അതിപ്രശസ്തമായ ഓട്ടോമൊബൈൽ കമ്പനി, നല്ല ചുറുചുറുക്കും അധ്വാനശീലവും ഉള്ള യുവഎൻജിനീയർമാരെ ക്ഷണിച്ചുകൊണ്ടുള്ള ഒരു പരസ്യമായിരുന്നു അത്. എന്നാൽ, 'സ്ത്രീകൾ അപേക്ഷിക്കേണ്ടതില്ല' എന്ന അടിക്കുറിപ്പാണ് ആ പെൺകുട്ടിയെ ചൊടിപ്പിച്ചത്. സഹപാഠികളായ ആൺകുട്ടികളെക്കാൾ മികച്ച അക്കാദമിക് നിലവാരം പുലർത്തിയ ആ പെൺകുട്ടിക്ക് അതുകൊണ്ടുമാത്രം ജീവിതത്തിൽ വിജയം കാംക്ഷിക്കാൻ സാധിക്കില്ലെന്നു ബോധ്യപ്പെട്ട നിമിഷമായിരുന്നു അത്.

ഒട്ടും അമാന്തിക്കാതെ, ടെൽകോ അധികൃതരോട് ഈ അന്യായത്തെപ്പറ്റി ചോദിക്കാൻ തന്നെ തീരുമാനിച്ചു. അങ്ങനെ വെറുമൊരു പോസ്റ്റ് കാർഡിൽ അവർ എഴുതിത്തുടങ്ങി. പക്ഷേ, ആർക്കാണ് എഴുതേണ്ടതെന്നു മാത്രം നിശ്ചയമുണ്ടായില്ല. ആകെ കേട്ടറിവുള്ളത് ടാറ്റാ ഗ്രൂപ്പിന്റെ തലവൻ ജെ.ആർ.ഡി. ടാറ്റാ ആണെന്നുള്ളതു മാത്രമാണ്. പത്രത്തിൽ കണ്ടു മാത്രം പരിചയം. (പക്ഷേ 'ടാറ്റാ മോട്ടോർസിന്റെ ശില്പി' എന്നറിയപ്പെടുന്ന വ്യവസായപ്രമുഖൻ സുമന്ത് മുൽഗോക്കർ ആയിരുന്നു ടാറ്റാ എൻജിനീയറിങ് ആൻഡ് ലോക്കോമോട്ടിവ് കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ്).

'വ്യവസായരംഗത്തെ മുൻഗാമികളും അഗ്രഗണ്യരുമായ ടാറ്റാ കമ്പനി ഉന്നതവിദ്യാഭ്യാസരംഗത്തും നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. ഭാഗ്യവശാൽ അവർ സ്ഥാപിച്ച ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ വിദ്യാഭ്യാസം ചെയ്യാൻ തനിക്കു സാധിച്ചു. എന്നാൽ, അവർ തന്നെ സ്ത്രീപുരുഷവിവേചനം നടപ്പാക്കുന്നു' എന്നു കാണിച്ച് ഒരു തുറന്ന കത്ത് ജെ.ആർ.ഡി. ടാറ്റായ്ക്ക് അയച്ചു. പത്തു ദിവസത്തിനകം ടെൽകോയുടെ പൂനെ ഓഫീസിൽ ഇന്റർവ്യൂവിനു ഹാജരാകാൻ ഒരു ടെലിഗ്രാം ആ പെൺകുട്ടിക്കു കിട്ടി. സ്ത്രീകൾ അപേക്ഷിക്കേണ്ടതില്ല എന്ന് പ്രത്യേകം കുറിച്ചിരുന്ന പരസ്യം കണ്ട് ജെ. ആർ.ഡിക്കു കത്തെഴുതിയ പെൺകുട്ടി ആ അഭിമുഖത്തിൽ വിജയിച്ചു. അങ്ങനെ ടാറ്റാ എൻജിനീയറിങ് ആൻഡ് ലോക്കോമോട്ടീവ് കമ്പനിയിൽ (ടെൽകോ) കമ്പ്യൂട്ടർ എൻജിനീയറായ ആദ്യ വനിതയായി സുധ കുൽക്കർണി എന്ന സുധാമൂർത്തി. ഇന്നിതാ അവർ പദ്മഭൂഷൺ തിളക്കത്തിൽ.

1996 ൽ ആരംഭിച്ച ഒരു പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ് ആണ് ഇൻഫോസിസ് ഫൗണ്ടേഷൻ. വെള്ളപ്പൊക്കബാധിതപ്രദേശങ്ങളിൽ വീടുകൾ നിർമിച്ചുനൽകുക, പൊതുശുചിത്വം, ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, സ്ത്രീശക്തീകരണം, കല, സംസ്കാരം, ദാരിദ്ര്യനിർമാർജനം ഇവയെല്ലാം ഉൾക്കൊണ്ടുള്ള ഒരു സാമൂഹികപ്രവർത്തനമാണ് ഇൻഫോസിസ് ഫൗണ്ടേഷന്റേത്. തമിഴ്നാട്ടിലെയും ആൻഡമാനിലെയും സുനാമി, ഗുജറാത്തിലെ ഭൂകമ്പം, ഒറീസ, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിലെ വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിദുരന്തങ്ങളിൽ സുധാമൂർത്തി ഓടിപ്പാഞ്ഞെത്തി.

ഇവയ്ക്കൊക്കെപ്പുറമേ നല്ലൊരു മനുഷ്യസ്നേഹിയും സംരംഭകയും അധ്യാപികയും സാഹിത്യകാരിയും സിനിമാപ്രേമിയും കൂടിയാണ് സുധാമൂർത്തി.

2011 – 12 ൽ കർണാടകസർക്കാർ അവരുടെ സാഹിത്യസൃഷ്ടികൾക്ക് 'അത്തിമബെ അവാർഡ്' നൽകി ആദരിച്ചു. കന്നഡയിലും മറാത്തിയിലും ഇംഗ്ലീഷിലും സാഹിത്യസംഭാവനകൾ നടത്തി. 'ഡോളർ സോസ്' എന്ന കന്നഡ നോവൽ എഴുതിയ അവർ പിന്നീട് ഇംഗ്ലീഷിൽ 'ഡോളർ ബഹു' (Dollar Bahu) എന്ന പേരിൽ അത് വിവർത്തനം ചെയ്തു. 2001 ൽ അത് സി ടിവി ഒരു ടെലിവിഷൻ നാടകപരമ്പരയായി സംപ്രേക്ഷണം ചെയ്തിരുന്നു.

1950 ഓഗസ്റ്റ് 19 ന് കർണാടകയിലെ ഷിഗോണിലാണ് സുധാമൂർത്തി ജനിച്ചത്. അച്ഛൻ ഡോ. ആർ.എച്ച്. കുൽക്കർണി. അമ്മ വിമല കുൽക്കർണി. മാതാപിതാക്കളോടും മുത്തശ്ശിമാരോടുമൊപ്പമാണ് സുധാമൂർത്തി വളർന്നത്.' ഞാൻ എന്റെ മുത്തശ്ശിയെ എങ്ങനെ വായിക്കാൻ പഠിപ്പിച്ചു' (How I taught my grandmother to read) എന്നത് സുധാമൂർത്തിയുടെ ശ്രദ്ധേയമായ ഒരു രചനയാണ്. 'Grandma bag of stories' എന്ന് മറ്റൊരു നോവലും അവർ എഴുതിയിട്ടുണ്ട്. പ്രസിദ്ധീകരിച്ച പുസ്തകങ്ങളിൽ യാത്രാവിവരണങ്ങളും വിദ്യാഭ്യാസപുസ്തകങ്ങളും സാങ്കേതികപുസ്തകങ്ങളും ഉൾപ്പെടുന്നു.

2006 ൽ സാമൂഹികസേവനത്തിന് പദ്മശ്രീ നേടിയ സുധാമൂർത്തി മികച്ച ഒരു സാമൂഹിക സംരംഭകയാണ്. നിരവധി അനാഥാലയങ്ങൾ സ്ഥാപിക്കുകയും ഗ്രാമപ്രദേശങ്ങളിൽ പ്രാക്ടീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കർണാടകസർക്കാരിന്റെ എല്ലാ സ്കൂളുകളിലും കമ്പ്യൂട്ടറും ലൈബ്രറിസൗകര്യങ്ങളും ഏർപ്പെടുത്താനുള്ള ധീരമായ ചുവടുവയ്പ്പുകൾ നടത്തി. ഹാർവാർഡ് സർവകലാശാലയിൽ 'ദി മൂർത്തി ക്ലാസിക്കൽ ലൈബ്രറി ഓഫ് ഇന്ത്യ' സ്ഥാപിച്ചു.

ഇൻഫോസിസ് ടെക്നോളജിസിന്റെ ഏഴു സ്ഥാപകരിൽ ഒരാളായ എൻ.ആർ. നാരായണമൂർത്തിയാണ് സുധാമൂർത്തിയുടെ ജീവിതപങ്കാളി. 'ടെൽകോ'യിൽ ജോലി ചെയ്യുമ്പോഴായിരുന്നു അവരുടെ വിവാഹം. 2021 ഡിസംബർ 31 ന് ഇൻഫോസിസ് ചെയർപേഴ്സൺ സ്ഥാനത്തുനിന്ന് സുധാമൂർത്തി വിരമിച്ചു.

അക്ഷത, രോഹൻ എന്നിവരാണ് മക്കൾ. ബ്രിട്ടന്റെ പ്രധാനമന്ത്രിയും കൺസർവേറ്റീവ് പാർട്ടിയുടെ നേതാവുമായ ഋഷി സുനക് ആണ് അക്ഷതയുടെ ഭർത്താവ് എന്നത് ഒരു ചരിത്രനിയോഗമാവാം. 74-ാമത് റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ചു പ്രഖ്യാപിച്ച പത്മ പുരസ്കാരങ്ങളിൽ സാമൂഹികപ്രവർത്തനവിഭാഗത്തിൽ ഉയർന്ന സിവിലിയൻ ബഹുമതിയായ പദ്മഭൂഷൻ നൽകി രാജ്യം ആദരിച്ചു. ■

## സുധാമൂർത്തി പദ്ഭൂഷൺ തിളക്കത്തിൽ



## എസ്. എം. വൈ. എം. പാലാ രൂപത പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു



*പാലാ രൂപത എസ്.എം.വൈ.എം. 2023 പ്രവർത്തനവർഷം സംസ്ഥാനപ്രസിഡന്റ് ഷിജോ ഇടയാടിയിൽ ഉദ്ഘാടനം ചെയ്യുന്നു.*

കോതനല്ലൂർ: എസ് എം വൈ എം പാലാ രൂപതയുടെ 2023 പ്രവർത്തനവർഷം കോതനല്ലൂർ വിശുദ്ധ ഗർവാസീസ് & പ്രോത്താസീസ് ഫൊറോനാപ്പള്ളിയിൽ കെ സി വൈ എം സംസ്ഥാന പ്രസിഡന്റ് ഷിജോ ഇടയാടിയിൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് തോമസ് ബാബു അധ്യക്ഷത വഹിച്ച യോഗത്തിൽ മോൻസ് ജോസഫ് എം എൽ എ മുഖ്യപ്രഭാഷണം നടത്തുകയും 2022 രൂപതാസമിതിയിലെ അംഗങ്ങൾക്ക് മെമെന്റോ നൽകി ആദരിക്കുകയും ചെയ്തു. 2023 പ്രവർത്തനവർഷത്തെ കർമരേഖയുടെ പ്രകാശനം കോതനല്ലൂർ ഫൊറോനാപ്പള്ളി വികാരി ഫാ. സെബാസ്റ്റ്യൻ പടിക്കക്കുഴുപ്പിൽ നിർവഹിച്ചു.

രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി ആമുഖപ്രഭാഷണം നടത്തി. രൂപത ജനറൽ സെക്രട്ടറി ടോണി കവിയിൽ, രൂപത ജോയിന്റ് ഡയറക്ടർ സി. നവീന സിഎംസി, ഫൊറോന ഡയറക്ടർ ഫാ. ആൽബിൻ പുതുപ്പറമ്പിൽ, മുൻ പ്രസിഡന്റ് ജോസഫ് കിണറ്റുകര, കോതനല്ലൂർ മേഖലാ കൗൺസിലർ സാവിയോ സജിത്ത്, രൂപത വൈസ് പ്രസിഡന്റ് സെഞ്ചു ജേക്കബ് എന്നിവർ പ്രസംഗിച്ചു.

*കർദിനാൾ റോബർട്ട് സറാ രചിച്ച 'ആധ്യാത്മികജീവിതത്തിന്റെ മതബോധനം' എന്ന ഗ്രന്ഥത്തെക്കുറിച്ച് ഒരു പഠനം.*

13



# അവൻ പറയുന്നത് നിങ്ങൾ ചെയ്യുവിൻ

ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**ക**ഴിഞ്ഞലക്കം ലേഖനം പൗരോഹിത്യബ്രഹ്മചര്യത്തെപ്പറ്റി പ്രതിപാദിച്ചുകൊണ്ടാണ് സമാപിപ്പിച്ചത്. പൗരോഹിത്യബ്രഹ്മചര്യം വരാനിരിക്കുന്ന ലോകത്തിനു സാക്ഷ്യമായിരിക്കുമ്പോൾത്തന്നെ 'മറ്റുള്ളവർക്കായുള്ള മനുഷ്യനായി' മുഴുവൻ സമയവും വർത്തിക്കാനുള്ള സ്വാതന്ത്ര്യം പുരോഹിതനു പ്രദാനം ചെയ്യുന്നു.

**പ്രാർഥനയുടെ മനുഷ്യൻ**

വൈദികന്റെ അജപാലനശുശ്രൂഷയുടെ വിജയം അടങ്ങിയിരിക്കുന്നത് അത് എപ്പോഴും അതിന്റെ ഉറവിടത്തോടു ബന്ധപ്പെട്ടിരിക്കുന്നതിനാലാണ്. ഈ ഉറവിടം ഈശോമിശിഹായോടുള്ള അഗാധമായ സ്നേഹമാണ്.

ദൈവത്തെ മറന്നും സദാസമയവും പ്രവർത്തനങ്ങളിൽ മുഴുകിയും പ്രക്ഷുബ്ധമായ ജീവിതം നയിക്കുന്ന ആളുകളുടെ മധ്യേ വൈദികൻ ദൈവികസാന്നിധ്യത്തിന്റെ അടയാളമായിക്കൊണ്ട് തന്റെ ജീവിതത്തെ മുഖ്യമായും പ്രാർഥനയ്ക്കായി വിനിയോഗിക്കുന്നു. രാവും പകലും പ്രാർഥനയിൽ ചെലവഴിക്കുന്ന നമ്മുടെ കർത്താവുതന്നെയാണ് പുരോഹിതന്റെ കൺമുമ്പിലെ മാതൃക. "ആ ദിവസങ്ങളിൽ പ്രാർഥിക്കാനായി ഈശോ ഒരു മലയിലേക്കു പോയി ദൈവത്തോടു പ്രാർഥിച്ചുകൊണ്ട് രാത്രി മുഴുവൻ അവൻ അവിടെ ചെലവഴിച്ചു. (ലൂക്കാ. 6: 12).

കൊവിഡ് 19 ന്റെ കാലം വൈദികർക്കും വിശ്വാസികൾക്കും ഒരുപോലെ പ്രാർഥനയുടെ ആഴങ്ങൾ കണ്ടെത്താൻ ഉപകരിച്ചുകാണുമെന്ന് കർദിനാൾ സറാ വിശ്വസിക്കുന്നു. ജനങ്ങളുടെ സാന്നിധ്യമില്ലാതെ വി. കുർബാന അർപ്പിക്കേണ്ടിവന്നപ്പോൾ കിഴക്കോട്ടുതിരിയാനും ദൈവവുമായി കൂടുതലായ അടുപ്പം അനുഭവിക്കാനും ഇടവന്നുകാണുമെന്നും ഭാവിയിൽ 'ലോകവ്യാപാരങ്ങളുടെ തിക്കിലും തിരക്കിലും, മാനുഷികമാത്രമായ 'ആരാധനക്രമവും' അതിഭാഷണവും കാർമികനും വിശ്വാസികളും തമ്മിലുള്ള നിരർഥകവും നിഷ്ഫലവുമായ മുഖാമുഖവും' പുനരാരംഭിക്കാൻ ഇടയാകാതിരിക്കട്ടെ എന്നാണ് ഗ്രന്ഥകർത്താവ് ആഗ്രഹിക്കുന്നത്. സംഘാടകൻ എന്നതിനെക്കാൾ ദൈവസന്നിധിയിൽ പ്രാർഥനകൾ അർപ്പിക്കുന്നവനാണു പുരോഹിതൻ. ഒരു പുരോഹിതന്റെ നിരവധി ചുമതലകൾക്കു നടുവിൽ കൃത്യമായ ഒരു സമയം ദിവസേന പ്രാർഥനയ്ക്കായി മാറ്റിവയ്ക്കണം. ഈശോ ഗദ്സേമനിയിൽ പ്രാർഥിക്കാനായി പോയ കാര്യം പറയുമ്പോൾ സുവിശേഷകനായ വി. ലൂക്കാ, **"അനന്തരം ഈശോ പതിവുപോലെ ഒലിവുമലയിലേക്കു പോയി"** എന്നാണ് എഴുതുന്നത്.

പ്രാർഥന വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പ്രവൃത്തിയാണ്. പലവിധത്തിലുള്ള വിരസതയും വിഷമസന്ധികളും പ്രാർഥനാജീവിതത്തിൽ അനുഭവപ്പെടാറുണ്ട്. അതുകൊണ്ട് പ്രാർഥനയിൽ ഉറച്ചുനിൽക്കാൻ അസാധാരണമായ മനോധൈര്യം ആവശ്യമാണ്. അനുദിനം കുരിശുമെടുത്തുകൊണ്ട് ഈശോയെ അനുഗമിക്കുന്നതിന്റെ ഭാഗമായി, പ്രാർഥനാജീവിതത്തിൽ ഉറച്ചുനില്ക്കാനുള്ള ശ്രമങ്ങളെ, ഓരോ വൈദികനും കാണേണ്ടതാണ്. അൾത്താരയിൽ സംഭവിക്കുന്ന മിശിഹായുടെ കുരിശുമരണവും ഉത്ഥാനവും അടങ്ങുന്ന യാഗം പുരോഹിതന്റെ ആത്മാവിലും ആവർത്തിക്കപ്പെടണമെന്ന് പന്ത്രണ്ടാം പീയൂസ് മാർപാപ്പാ ഉദ്ബോധിപ്പിക്കുന്നുണ്ട്.

**വൈദികന്റെ തുടർപരിശീലനം**

തിരുപ്പട്ടസ്വീകരണത്തോടെ പഠനവും പരിശീലനവും അവസാനിച്ചുവെന്ന് ഒരു വൈദികനും വിചാരിക്കരുതെന്ന് വി. ജോൺ പോൾ മാർപാപ്പാ 1979 ൽ പെസഹാവ്യാഴാഴ്ച വൈദികർക്കെഴുതിയ കത്തിൽ ഓർമിപ്പിക്കുന്നുണ്ട്. മിശിഹാ പുരോഹിതനിൽ രൂപപ്പെടുന്നത് പരിശുദ്ധ റൂഹായുടെ ക്രമാനുഗതമായ പ്രവർത്തനത്തിലൂടെയാണ്. വ്യക്തിപരവും ആരാധനക്രമപരവുമായ പ്രാർഥനാജീവിതത്തിൽ വളരാനും അജപാലനശുശ്രൂഷയുടെ നിർവഹണത്തിനും തുടർന്നുള്ള പഠനം അത്യാവശ്യമാണ്. ആധ്യാത്മികത, ദൈവശാസ്ത്രം, തത്ത്വശാസ്ത്രം തുടങ്ങിയ എല്ലാ മേഖലകളിലും തുടർപരിശീലനം നേടാൻ വൈദികൻ ഉത്സുകനായിരിക്കണം. വി. ജോൺ പോൾ മാർപാപ്പാ എഴുതുന്നു: "നമ്മുടെ അജപാലനപ്രവർത്തനങ്ങളും ദൈവവചനപ്രഘോഷണവും പൗരോഹിത്യശുശ്രൂഷ മുഴുവനും നമ്മുടെ ആധ്യാത്മികജീവിതത്തിന്റെ തീക്ഷ്ണതയെ ആശ്രയിച്ചാണിരിക്കുന്നത്. ഈ തീക്ഷ്ണതയാകട്ടെ വൈദികരുടെ ജ്ഞാനതൃഷ്ണയെ ആശ്രയിച്ചുമാണിരിക്കുന്നത്."

ബൗദ്ധികപരിചിന്തനങ്ങളും പരിശുദ്ധത്രിത്വവുമായുള്ള ഹൃദയൈക്യത്തിൽ വളർത്തുന്ന പ്രാർഥനയും ജീവിതത്തിൽ സംയോജിപ്പിച്ച മഹാനായ വേദപാരംഗതനാണ് വി. തോമസ് അക്വിനാസ്. ദിവ്യകാരുണ്യസന്നിധിയിൽ ദീർഘനേരം പ്രാർഥിച്ച ശേഷമാണ് അദ്ദേഹം തന്റെ എഴുത്തുമേശയെ സമീപിച്ചിരുന്നതെന്ന് വി. തോമസ് അക്വിനാസിന്റെ ജീവിതചരിത്രകാരൻ രേഖപ്പെടുത്തുന്നുണ്ട്. ആഴമായ പ്രാർഥനയിലൂടെ അനുഭവിച്ചറിഞ്ഞ കാര്യങ്ങളാണ് വിശുദ്ധൻ തന്റെ ബൗദ്ധികരചനകളിലൂടെ പ്രകടമാക്കിയിരുന്നത്.

**അജപാലനം**

മെത്രാന്മാർക്കും പുരോഹിതന്മാർക്കും ദൈവജനത്തെ നയിക്കുന്ന കാര്യത്തിൽ മോശതന്നെയാണ് ഉത്തമമാതൃക. പാദരക്ഷകൾ അഴിച്ചുമാറ്റി കത്തിജ്വലിക്കുന്ന മുൾപ്പടർപ്പിൻമുമ്പാകെ എളിമയോടെ ദൈവവുമായി സംഭാഷണത്തിൽ ചെലവഴിച്ച ശേഷം പ്രകാശപൂരിതമായ മുഖത്തോടെ താഴ്വരയിലേക്ക്, ജനമധ്യത്തിലേക്ക് ഇറങ്ങിവരുന്ന പ്രാർഥനയുടെ മഹാമാതൃകയായ മോശയെയാണ് മെത്രാന്മാർക്കും വൈദികർക്കും അനുകരിക്കാനായി വി. ജോൺപോൾ രണ്ടാമൻ മാർപാപ്പാ നിർദേശിക്കുന്നത്. ജനത്തെ വിശുദ്ധീകരിക്കുന്നതിനും ദൈവഭയത്തിൽ വളർത്തുന്നതിനും മോശ വളരെയധികം ക്ലേശിക്കേണ്ടിവന്നു.

വിശ്വാസികളെ നേർവഴിക്കു നയിക്കാൻ മോശയെപ്പോലെ മെത്രാന്മാരും വൈദികരും വളരെയേറെ ക്ലേശിക്കേണ്ടിവരുന്നുണ്ട്.

വിശുദ്ധ ആഗസ്തീനോസിനുതന്നെയും തന്റെ ചുമതലകളുടെ ഭാരത്താൽ തളർന്നുപോകുന്ന സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. Sarcina episcopalis എന്നാണ് അദ്ദേഹം പറഞ്ഞിരുന്നത്. പട്ടാളക്കാരൻ തോളിൽ വഹിക്കുന്ന ഭാരമേറിയ ഭാണ്ഡത്തിനാണ് ലത്തീനിൽ 'സർചീനാ' എന്നു പറഞ്ഞിരുന്നത്. എങ്കിലും നഷ്ടധൈര്യനാകാതെ അദ്ദേഹം തന്റെ ദൗത്യം തുടർന്നുപോന്നു. അദ്ദേഹം പറയുന്നു: "പ്രസംഗിക്കുക, തിരുത്തുക, കുറ്റപ്പെടുത്തുക, പടുത്തുയർത്തുക, എല്ലാവർക്കുംവേണ്ടി കഠിനാധ്വാനം ചെയ്യുക, ഇതൊരു ഭാരമേറിയ ചുമതലയാണ്. കഠിനപ്രയത്നം ആവശ്യപ്പെടുന്ന ചുമതലയാണ്. ആരാണ് ഈ അധ്വാനത്തിൽ നിന്ന് ഒളിച്ചോടാൻ ആഗ്രഹിക്കാത്തത്? എന്നാലും, സുവിശേഷം എന്നെ പിന്തുടരുന്നു. (വി. ആഗസ്തീനോസ് 339-ാം പ്രഭാഷണം)

മെത്രാന്മാർക്കും വൈദികർക്കും അവരുടെ അജപാലന ചുമതലകളിൽനിന്ന് അവധിയെടുക്കാൻ പറ്റില്ലെന്നാണ് വി. ജോൺപോൾ രണ്ടാമൻ പഠിപ്പിക്കുന്നത്. ജീവിതാന്ത്യംവരെ വിനയത്തോടും ദാരിദ്ര്യാരൂപിയിലും വലിയവർക്കും ചെറിയവർക്കും മിശിഹായെപ്പോലെ സമീപസ്ഥനായിരിക്കണമെന്നാണ് വി. ജോൺപോൾ പാപ്പാ ഉദ്ബോധിപ്പിക്കുന്നത്.

**പുരോഹിതനും ലോകവും**

ദൈവവും മനുഷ്യനുമിടയിൽ ഒരു പാലമായി വർത്തിക്കേണ്ടവനാണ് പുരോഹിതൻ. ദൈവമഹത്ത്വവും വിശുദ്ധിയും ലോകത്തിനു വെളിപ്പെടുത്തുന്ന കർത്തവ്യം പുരോഹിതന്റേതാണ്. അതുപോലെതന്നെ എല്ലാ മാനുഷികനന്മകളുടെയും വിളനിലമായി വർത്തിക്കേണ്ട കടമയും പുരോഹിതനുണ്ട്. "അതിനാൽ, എന്റെ സഹോദരരേ, സത്യവും മാന്യവും നീതിയുക്തവും വിശുദ്ധവും സ്നേഹയോഗ്യവും സ്തുത്യർഹവും വിശിഷ്ടവും പ്രശംസനീയവുമായ കാര്യങ്ങൾ നിങ്ങൾ ചിന്തിക്കുവിൻ" (ഫിലി. 4:8).

**യോനായുടെ അടയാളം**

കർത്താവ് പറയുന്ന കാര്യങ്ങൾ നിനവേനിവാസികളെ അറിയിക്കാനായാണ് യോനാ അയയ്ക്കപ്പെടുന്നത്. എന്നാൽ, ആ ദൗത്യത്തിൽനിന്നു പലായനം ചെയ്യാനാണ് പ്രവാചകൻ ശ്രമിക്കുന്നത്. ആ പ്രലോഭനം വൈദികന് ഉണ്ടാകരുത്.



തോമസ് മെർട്ടൻ 'യോനായുടെ അടയാളം' എന്ന ഗ്രന്ഥത്തിൽ എഴുതുന്നു: എതിർദിശയിൽ പോകാൻ എനിക്ക് അതിയായ മോഹമുണ്ടായിരുന്നു. പാപികളുടെ മനസ്സിനെ ഉണർത്തി മനസ്താപത്തിലൂടെ ദൈവത്തിങ്കലേക്കു പിന്തിരിയാൻ അവരെ പ്രേരിപ്പിക്കാൻ ദൈവം എന്നെ ചുമതലപ്പെടുത്തി. ദൈവം എനിക്ക്, ഒരു പാത ചൂണ്ടിക്കാണിച്ചു. എന്നാൽ, എന്റെ ഭയവും സ്വന്തമായ പ്ലാനും മറ്റൊരു വഴിയേ പോകാൻ എന്നെ പ്രേരിപ്പിച്ചു. യോനാ ആകാവുന്നത്ര വേഗത്തിൽ ദൈവം നിർദേശിച്ച ലക്ഷ്യത്തിൽനിന്ന് അകന്നുപോകുമ്പോൾ കടലിൽ കോളിളക്കമുണ്ടാവുകയും കടലിൽ എറിയപ്പെട്ട യോനായെ വിഴുങ്ങിയ സ്രാവ് ദൈവം ഉദ്ദേശിച്ചിടത്ത് അവനെ എത്തിക്കുകയും ചെയ്തു.

വൈദികന്റെ കുറവുകൾ, യോനായുടെ കാര്യത്തിലെന്നപോലെ പരിഹരിച്ച്, മിശിഹായുടെ അടയാളമായിത്തീരാൻ അവൻ ശുദ്ധീകരിക്കപ്പെടണം.

മാതാവിനെ വിശുദ്ധ യോഹന്നാന് അമ്മയായി നല്കിയ ഈശോ ഓരോ വൈദികനും പരിശുദ്ധ അമ്മയെ മാതാവായി നല്കിയിട്ടുണ്ട്. എപ്പോഴും, പ്രത്യേകിച്ച് വി. കുർബാന അർപ്പണസമയത്ത് മാതാവിന്റെ സ്നേഹസാന്നിധ്യം വൈദികന് അനുഭവവേദ്യമാകണം.

എല്ലാ അനുഗ്രഹങ്ങളുടെയും മധ്യസ്ഥയായ മറിയത്തോട് എല്ലാ ക്രൈസ്തവർക്കും, പ്രത്യേകിച്ച് വൈദികർക്ക് പുത്രസഹജമായ ഭക്തി ഉണ്ടായിരിക്കണമെന്ന് കർദിനാൾ സറാ ഉപദേശിക്കുന്നു.

'അവൻ പറയുന്നത് നിങ്ങൾ ചെയ്യുവിൻ' (യോഹ. 2, 5) എന്നുതന്നെയാണ് പരിശുദ്ധ അമ്മ നമ്മോടും പറയുന്നത്. ■



നോവൽ 16

ഇഗ്നേഷ്യസ് കലയന്താനി

# മഴനിലാവ്

*കഥാസാരം: ഒരു നിർധന നമ്പൂതിരിക്കുടുംബത്തിലെ അഞ്ചു പെൺമക്കളിൽ മൂത്തയാളാണ് ഇന്ദുലേഖ. അവൾക്കു ദൂരെ സ്കൂളിൽ റ്റീച്ചറായി ജോലികിട്ടി. സ്കൂൾ മാനേജർ ആനന്ദന്റെ മകൻ അഭിഷേകുമായി ഇന്ദു സൗഹൃദത്തിലായി. അവർ തമ്മിൽ പ്രണയമാണെന്ന് സഹപ്രവർത്തകയായ സ്നേഹലത മാനേജരെ തെറ്റിദ്ധരിപ്പിച്ചു. കോപാകുലനായ മാനേജർ അവളെ പിരിച്ചുവിട്ടു. ജോലിയും കൊടുത്ത പണവും നഷ്ടമായി എന്നറിഞ്ഞപ്പോൾ പക്ഷാഘാതം വന്നു കിടപ്പിലായിരുന്ന ഇന്ദുവിന്റെ അച്ഛൻ നാരായണൻ നമ്പൂതിരി ഹൃദയാഘാതം വന്നു മരിച്ചു. അമ്മയുടെയും അനിയത്തിമാരുടെയും കുത്തുവാക്കുകൾകേട്ട് സഹികെട്ടപ്പോൾ ഇന്ദു സ്കൂളിലെ സഹപ്രവർത്തകയും കൂട്ടുകാരിയുമായ അശ്വതിറ്റീച്ചറിന്റെ വീട്ടിൽ കുറച്ചു ദിവസം താമസിക്കാനായി പുറപ്പെട്ടു.*

*(തുടർന്നു വായിക്കുക)*

**ഇ**ന്ദു അശ്വതിറ്റീച്ചറിന്റെ വീട്ടിലെത്തിയപ്പോൾ അഞ്ചുമണി കഴിഞ്ഞിരുന്നു. റ്റീച്ചർ അവളെ സന്തോഷത്തോടെ സ്വീകരിച്ചിരുത്തി വിശേഷങ്ങൾ തിരക്കി.

''ഞാൻ നിന്റെ ജോലീടെ കാര്യം ഇന്നലെ സതീഷേട്ടനോടു പറഞ്ഞു. പുള്ളിക്കാരൻ അന്വേഷിക്കാന്നു പറഞ്ഞിട്ടുണ്ട്."

"ഒരു ജോലി കിട്ടിയില്ലെങ്കിൽ എന്റെ ജീവിതം വഴിമുട്ടിപ്പോകും റ്റീച്ചർ."

"ദൈവം എന്തെങ്കിലുമൊരു വഴി കാണിച്ചുതരും ഇന്ദൂ."

അശ്വതി സമാധാനിപ്പിച്ചിട്ട് അവളെ മുകളിലത്തെ നിലയിലേക്കു കൂട്ടിക്കൊണ്ടുപോയി. കിടപ്പുമുറി തുറന്നുകൊടുത്തിട്ട് പറഞ്ഞു:

''വേഷം മാറിയിട്ട് പോയി നന്നായി ഒന്നു കുളിക്ക്. മനസ്സും ശരീരവുമൊക്കെ ഒന്നു തണുക്കട്ടെ. അപ്പോഴേക്കും ഞാൻ ചായ എടുക്കാം."

അശ്വതി പടികളിറങ്ങി താഴേക്കു പോയി. ഇന്ദു വേഷം മാറിയിട്ട് പോയി കുളിച്ചു. കുളികഴിഞ്ഞു വന്നപ്പോഴേക്കും ചായയും പലഹാരങ്ങളും റെഡി.

"കഴിക്ക്." അശ്വതി അവളുടെ മുമ്പിലേക്ക് പലഹാരങ്ങൾ വിളമ്പിയ പ്ലേറ്റ് നീക്കിവച്ചിട്ട് അരികിൽ കസേരയിലിരുന്നു. വിശേഷങ്ങൾ പങ്കുവച്ചിരിക്കുമ്പോൾ പുറത്ത് ബൈക്കിന്റെ ശബ്ദം.

"ചേട്ടൻ വന്നെന്നു തോന്നുന്നു." അശ്വതി എണീറ്റു പുറത്തേക്കിറങ്ങി. ഭർത്താവിനോടൊപ്പമാണ് അവൾ തിരികെവന്നത്.

ഇന്ദു എണീറ്റ് ഭവ്യതയോടെ നിന്നു. കുശലാന്വേഷണത്തിനുശേഷം അദ്ദേഹം ഡ്രസ് മാറാനായി കിടപ്പുമുറിയിലേക്കു പോയി.

അത്താഴം കഴിച്ചുകൊണ്ടിരിക്കുമ്പോൾ സതീഷ് ചോദിച്ചു.

"ഇന്ദുവിന് എന്തു ജോലിയാ ചെയ്യാൻ പറ്റ്വാ?"

''എന്തുവേണമെങ്കിലും ചെയ്യാം. ജീവിക്കാൻ ഒരു വരുമാനം വേണമെന്നേയുള്ളൂ.'

"തുണിക്കടേൽ സെയിൽസ്ഗേളായിട്ടു നിൽക്കാൻ പറ്റുമോ? എളുപ്പം കിട്ടുന്ന പണി അതേയുള്ളൂ."

"നിൽക്കാം.''

"എന്റെ ബാങ്കിലെ ഒരു കസ്റ്റമറിന് ടൗണിൽ ഒരു തുണിക്കടയുണ്ട്. ന്യൂ ഫാഷൻ ടെക്സ്റ്റയിൽസ്. അയാളിന്ന് ബാങ്കിൽ വന്നപ്പം ഞാൻ സംസാരിച്ചു. ജോലി തരാന്നു പറഞ്ഞു. പക്ഷേ, ശമ്പളം കുറവാ. ദിവസം അഞ്ഞൂറു രൂപ."

"അതു മതി. ഒരു ജോലിയാണ് എനിക്കിപ്പം ആവശ്യം."

"എന്നാ നാളെപ്പോയി ജോയിൻ ചെയ്യാം."

"വേറെവിടേലും നല്ല ജോലി കിട്ടിയാൽ അങ്ങോട്ടു മാറാം."

"ഉം."

ഇന്ദുവിനു സന്തോഷമായി. ജീവിക്കാൻ ഒരു വരുമാനമായല്ലോ. നാട്ടിൽനിന്ന് അകലെയായതുകൊണ്ട് വീട്ടുകാരുടെയും അയൽക്കാരുടെയും കുത്തുവാക്കുകളും കേൾക്കണ്ട.

പിറ്റേന്ന് അശ്വതിയോടും സതീഷിനോടുമൊപ്പം ഇന്ദു ന്യൂ ഫാഷൻ ടെക്സ്റ്റയിൽസിൽ സെയിൽസ്ഗേളായി ജോലിയിൽ പ്രവേശിച്ചു.

പുതിയ ജോലി ഇന്ദുവിനു സന്തോഷപ്രദമായിരുന്നു. പത്തുമുതൽ എട്ടുവരെയായിരുന്നു ജോലിസമയം. ആദ്യത്തെ കുറെ ദിവസം അശ്വതിയുടെ വീട്ടിൽ താമസിച്ചാണ് ജോലിക്കു പോയിരുന്നത്. പിന്നെ ടൗണിലെ ഒരു ഹോസ്റ്റലിലേക്കു താമസം മാറ്റി. പള്ളിക്കരയിൽനിന്ന് നാലു കിലോമീറ്റർ ദൂരമുണ്ട് ടൗണിലേക്ക്. ഞായറാഴ്ച ദിവസം ഇന്ദു അശ്വതിറ്റീച്ചറിന്റെ വീട്ടിൽ വന്നിരുന്ന് വിശേഷങ്ങൾ പങ്കുവയ്ക്കും. ഉച്ചയ്ക്ക് അവിടെനിന്നാകും ഊണ്. റ്റീച്ചർ ചെയ്ത ഉപകാരത്തിന് അവൾ ഒരുപാട് നന്ദി പറഞ്ഞു.

*   *   *

ഇന്ദു ന്യൂ ഫാഷൻ ടെക്സ്റ്റയിൽസിൽ ജോലി ചെയ്യുന്ന വാർത്ത ആനന്ദന്റെ ചെവിയിലെത്തി. സ്നേഹലതയാണ് അത് എത്തിച്ചത്.

"സാറിനോടുള്ള ഒരു വെല്ലുവിളിയായിട്ടാ അവളീ നാട്ടിലേക്കു വീണ്ടും വന്നത്. അഭിഷേക് അടുത്തമാസം അമേരിക്കേന്നു തിരിച്ചെത്തില്ലേ. അവനെ കാണാനാ അവളു വന്നതെന്നാ ഞാനറിഞ്ഞത്. സാറു നോക്കിക്കോ, അവൾ അവനെ അടിച്ചെടുത്തോണ്ടു പോകും. സാറിന്റെ സ്വത്തും കാശുമൊക്കെ വൈകാതെ അവളുടെ കൈയിലിരിക്കും."

സ്നേഹലത പരമാവധി വിഷം കുത്തിവയ്ക്കാൻ നോക്കി.

ആലോചിച്ചുനോക്കിയപ്പോൾ അതു ശരിയാണെന്ന് ആനന്ദനു തോന്നി. സ്നേഹലത പറഞ്ഞതുപോലെ തന്നോടു പ്രതികാരം വീട്ടാനല്ലേ അവളീ നാട്ടിലേക്കു വീണ്ടും വന്നത്? അഞ്ചുലക്ഷം തിരികെക്കൊടുക്കാത്തതിന് അൻപതുലക്ഷം അടിച്ചെടുക്കണമെന്ന വാശിയുമായിട്ടാവും അവൾ വന്നത്.

ന്യൂ ഫാഷൻ ടെക്സ്റ്റയിൽസ് ഉടമ ശ്രീധരൻനായരെ ആനന്ദനറിയാം. വസ്ത്രവ്യാപാരരംഗത്തെ, ആനന്ദന്റെ പ്രതിയോഗിയാണയാൾ. ശ്രീധരൻനായരുടെ കടപൂട്ടിക്കാൻ ആനന്ദൻ പല കുതന്ത്രങ്ങളും പ്രയോഗിച്ചിട്ടുണ്ട്. അതെല്ലാം പൊളിച്ചടുക്കിയിട്ടുണ്ട് ശ്രീധരൻനായർ. കാണുമ്പോൾ ചിരിച്ചു കുശലം പറയുമെങ്കിലും ഉള്ളിൽ ശത്രുക്കളാണ് ഇരുവരും. തന്നെ തകർക്കാൻവേണ്ടി ഇന്ദുവിനെ അയാൾ വിളിച്ചുവരുത്തി ജോലിക്കുവച്ചതാണോ എന്നുപോലും ആനന്ദൻ സംശയിച്ചു.

ഒരു ശനിയാഴ്ച രാത്രി ഇന്ദുവിനെ ആനന്ദൻ ഫോണിൽ വിളിച്ചു. അപ്രതീക്ഷിതമായിരുന്നു ഇന്ദുവിന് ആ കോൾ.

''അച്ഛൻ മരിച്ചുപോയി അല്ലേ? ഇന്നലെയാ ഞാനറിഞ്ഞത്. കേട്ടപ്പം ഒരുപാട് വിഷമമായി. ഞാൻ കാരണമാണല്ലോ എല്ലാം സംഭവിച്ചത്. ഒന്നും വേണ്ടിയിരുന്നില്ല എന്ന് എനിക്കിപ്പോൾ തോന്നുന്നു. ചെയ്ത തെറ്റിന് ഞാൻ പ്രായശ്ചിത്തം ചെയ്യാൻ തയ്യാറാ. താൻ നാളെ എന്റെ വീട്ടിലേക്കൊന്നു വരോ?"

"എന്തിന്? വാങ്ങിച്ച അഞ്ചുലക്ഷം തിരികെ തരാനാണോ?"

''അഞ്ചല്ല. പത്തുലക്ഷം തരാൻ ഞാൻ തയ്യാറാ. നാളെ ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് എന്റെ വീട്ടിലേക്കു വാ.'' ആനന്ദൻ ഫോൺ കട്ട് ചെയ്തു.

ഇന്ദു ആലോചിച്ചു. പോകണോ? പശ്ചാത്താപം തോന്നിയിട്ട് വിളിച്ചതാകുമോ അയാൾ? ആയിരിക്കാം. ഒരു മനുഷ്യന് പശ്ചാത്താപം തോന്നാൽ നിമിഷനേരം മതിയല്ലോ.

അശ്വതിറ്റീച്ചറോട് ഫോൺ ചെയ്ത് ഇന്ദു കാര്യം പറഞ്ഞു.

''ഇന്ദു ചെല്ല്. ചിലപ്പം ദൈവം ഇന്ദുവിന്റെ കഷ്ടപ്പാട് കണ്ടിട്ട് അയാളുടെ മനസ്സു മാറ്റിയതാകും."

അശ്വതിയുടെ പ്രോത്സാഹനം കിട്ടിയപ്പോൾ ഇന്ദുവിന്റെ ആശങ്ക മാറി.

പിറ്റേന്ന് ഉച്ചകഴിഞ്ഞ് ഇന്ദു ആനന്ദന്റെ വീട്ടിലേക്കു യാത്രയായി. ഗേറ്റുകടന്ന് വീട്ടുമുറ്റത്തേക്കു കയറിയപ്പോൾ കണ്ടു, ആനന്ദൻ സിറ്റൗട്ടിലെ കസേരയിലിരിക്കുന്നു. ഇന്ദുവിനെ കണ്ടതും എണീറ്റ് ചെറുചിരിയോടെ സ്വാഗതം ചെയ്തു.

"നമുക്കകത്തേക്കിരിക്കാം."

ആനന്ദൻ അവളെ സ്വീകരണമുറിയിലേക്കു ക്ഷണിച്ചു. ഇന്ദു അയാളുടെ പിന്നാലെ സാവധാനം സ്വീകരണമുറിയിലേക്കു കയറി. ആനന്ദന്റെ നിർദേശപ്രകാരം അവൾ സെറ്റിയിലിരുന്നു. അഭിമുഖമായി ഇരുന്നിട്ട് ആനന്ദൻ പറഞ്ഞു:

"ഒരിക്കൽ ഇന്ദു എന്നോടു പറഞ്ഞു ഒരു മകളെപ്പോലെ കാണണമെന്ന്. അന്ന് ഇത്തിരി മദ്യപിച്ചിട്ടുണ്ടായിരുന്നതുകൊണ്ട് പരിധിവിട്ട് ഞാനെന്തൊക്കെയോ പറഞ്ഞുപോയി. പിന്നെ ആലോചിച്ചപ്പം എന്റെ ഭാഗത്താ തെറ്റെന്നു തോന്നി. ആ വിഷമവുമായി നടക്കുകയായിരുന്നു ഞാൻ. അച്ഛൻ മരിച്ചൂന്നു കേട്ടപ്പം മനസ്സുവല്ലാതെ നൊന്തു. അതുകൊണ്ടാ ഞാനിങ്ങോട്ടു വിളിപ്പിച്ചത്."

ഇന്ദു ഒന്നും മിണ്ടിയില്ല.

"ന്യൂ ഫാഷൻ ടെക്സ്റ്റയിൽസിൽ എത്രരൂപ ശമ്പളം കിട്ടും ഇന്ദുവിന്?"

"ദിവസം അഞ്ഞൂറു രൂപ."

"ഒരു കാര്യം ചെയ്തോളൂ. ഇന്ദു എന്റെ കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലിക്കു കയറിക്കോളൂ. ദിവസം ആയിരം രൂപ വച്ചു തരാം. അടുത്തവർഷം സ്കൂളിൽ വേക്കൻസിയുണ്ടാവുമ്പം അവിടെ നിയമനം തരാം. അതുമല്ല, വാങ്ങിച്ച അഞ്ചുലക്ഷം ഞാൻ തിരിച്ചുതന്നേക്കാം. ഞാൻ ചെയ്ത തെറ്റിന് ഇങ്ങനെയെങ്കിലും ഒരു പ്രായശ്ചിത്തമാകട്ടെ."

ഇന്ദു അതിശയത്തോടെ നോക്കി. തന്റെ മുമ്പിലിരിക്കുന്നത് ആനന്ദൻതന്നെയാണോ? പറഞ്ഞതെല്ലാം സത്യമാണോ? അതോ ഇതിൽ ചതിയുണ്ടോ?

"ഇന്ദുവിന്റെ അച്ഛന്റെ ശാപം എന്റെ മേൽ ഏൽക്കാതിരിക്കണമെങ്കിൽ ചെയ്ത തെറ്റിനു ഞാൻ പ്രായശ്ചിത്തം ചെയ്തേ പറ്റൂ."

ആനന്ദൻ ആളാകെ മാറിയല്ലോ എന്നവൾ അതിശയിച്ചു.

'എനിക്കൊന്ന് ആലോചിക്കണം."

"ആലോചിച്ചോളൂ. ആലോചിച്ചിട്ട് നാളെ മറുപടി പറഞ്ഞാൽ മതി."

ഇന്ദു എണീറ്റു. ഗേറ്റു കടന്നു റോഡിലേക്കിറങ്ങിയപ്പോൾ ആലോചിച്ചു. ഈ ഓഫർ സ്വീകരിക്കണോ?"

ഇതിനു പിന്നിൽ എന്തെങ്കിലും ചതിയുണ്ടോ? കണ്ടിട്ട് പശ്ചാത്താപം ഉണ്ടെന്നു തോന്നുന്നു.

അശ്വതി റ്റീച്ചറിനു ഫോൺ ചെയ്ത് അവൾ കാര്യങ്ങൾ പറഞ്ഞു. എല്ലാം കേട്ടിട്ട് അശ്വതി പറഞ്ഞു:

"അച്ഛൻ മരിച്ചൂന്നു കേട്ടപ്പം കുറ്റബോധം തോന്നിക്കാണും. അയാൾ ആത്മാർഥമായിട്ടാണു



പറഞ്ഞതെന്ന് ഇന്ദുവിനു തോന്നുന്നുണ്ടെങ്കിൽ ആ ജോലി സ്വീകരിക്കുന്നതാകും നല്ലത്. ഇരട്ടി ശമ്പളം കിട്ടുമല്ലോ. മാത്രമല്ല, അടുത്തവർഷം സ്കൂളിൽ നിയമനം തരാന്നും പറഞ്ഞിട്ടുണ്ടല്ലോ."

"പശ്ചാത്താപം തോന്നി പറഞ്ഞതാകും എന്നാണ് ഞാനും കരുതുന്നത്. അല്ലെങ്കിൽ എന്നെ വിളിച്ച് ഇങ്ങനെ ഒരു ഓഫർ തന്നിട്ട് അയാൾക്കെന്താ മെച്ചം?"

"ഞാനും അതാ ആലോചിച്ചെ. ഇന്ദു ആ ജോലി സ്വീകരിക്കുന്നതാകും നല്ലത്. അഞ്ചുലക്ഷം തിരികെ തരാന്നും പറഞ്ഞിട്ടുണ്ടല്ലോ. ദൈവം അയാളുടെ മനസ്സ് മാറ്റിയതാകും."

അശ്വതി പ്രോത്സാഹിപ്പിച്ചപ്പോൾ ഇന്ദുവിനു സന്തോഷമായി. അന്നു രാത്രിതന്നെ അവൾ ആനന്ദനെ വിളിച്ചു സമ്മതമറിയിച്ചു.

പിറ്റേന്ന് അവൾ ന്യൂഫാഷൻ ടെക്സ്റ്റയിൽസിലെ ജോലി രാജിവച്ചു. അതിനടുത്ത ദിവസം ആനന്ദന്റെ കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടിൽ അവൾ ജോലിക്കു കയറി. റിസപ്ഷനിസ്റ്റായിട്ടായിരുന്നു നിയമനം. പുതിയ ജോലി ഇന്ദുവിന് ഏറെ ഇഷ്ടമായി.

*(തുടരും)*



# മലയാളിയുടെ തീൻമേശക്കുതിപ്പുകൾ

റ്റോം ജോസ് തഴുവംകുന്ന്




വേഷം, ഭാഷ, സാംസ്കാരം, ജീവിതശൈലി തുടങ്ങി നമ്മുടെ പൈതൃകമായ പലതും നാം മാറ്റിക്കൊണ്ടിരിക്കുന്നു. ഈ മാറ്റത്തിൽ നമ്മുടെ ഭക്ഷണവും വന്നുപെട്ടിരിക്കുന്നു. നാടൻഭക്ഷണങ്ങൾ തീൻമേശയിൽനിന്നു പുറത്തായിരിക്കുന്നു. വിഭവവിവരപ്പട്ടിക വൈദേശികമായിരിക്കുന്നു. പരിചിതമല്ലാത്തതു ഭക്ഷിക്കുന്നതിൽ 'അഭിമാനം' കൊള്ളുന്നവരാണ് നാമെന്നുള്ള ഒരു തോന്നൽ പാചകക്കാർക്കും ഹോട്ടലുടമകൾക്കും കേറ്ററിങ്ങുകാർക്കും ഉണ്ടെന്നു തോന്നുന്നു.

നാമൊക്കെ കൃഷിക്കാരാണെന്നുള്ള ഒരു കാഴ്ചപ്പാടുണ്ടെങ്കിലും ഭക്ഷ്യവിളകൾ ഉത്പാദിപ്പിക്കുന്നതിൽ പഴയകാലത്തത്ര ശ്രദ്ധയും താത്പര്യവും ഇല്ലാതായി. ആർക്കുവേണം നാടിന്റെ വിളകൾ എന്നു പറയാതെ പറയുന്നു. 'ഡിജിറ്റലിസം' ഭക്ഷണക്രമത്തെയും ബാധിച്ചിരിക്കുന്നു. 'ഊരും പേരും' അറിയില്ലെങ്കിലും ഭക്ഷണശാലയിലെ ചില്ലലമാരയിലെ 'സുന്ദരന്മാരെ' നാം യാതൊരു വകതിരിവുമില്ലാതെ ഭക്ഷിക്കും. ഒരുപക്ഷേ, നാം ഭക്ഷിച്ച് അഭിപ്രായം പറഞ്ഞിട്ടായിരിക്കും അതിന്റെ 'നാമം' നിശ്ചയിക്കുക. എന്തുതന്നെയായാലും വെറൈറ്റി ആയിരിക്കണമെന്ന് നമുക്കു നിർബന്ധമുണ്ട്. വിരുന്നുകൾ മത്സരബുദ്ധ്യാതന്നെ അദ്ഭുതപ്പെടുത്തുന്ന 'വെറൈറ്റി സമ്മേളനം' ആകണമെന്നും നമുക്കു നിർബന്ധമുണ്ട്.

ഭക്ഷണമുണ്ടാക്കുന്ന സ്ഥലത്തിന്റെ ശുചിത്വമോ ഉണ്ടാക്കുന്നവരുടെ ആധികാരികപരിചയമോ ചേരുവകളുടെ നന്മയോ എന്നതിനെക്കാളും 'പരിഷ്കാരി'യാകണം തീൻമേശയെന്ന് നമുക്കിന്നു നിർബന്ധമാണ്. അതുകൊണ്ടു തന്നെ ഭക്ഷണത്തിലെ 'ഗുണം' നമ്മെ അലട്ടാറില്ല. രുചി പ്രധാനമാണുതാനും. നമ്മുടെ ശരീരത്തിന്റെ സന്തുലിതവും ആരോഗ്യപൂർണവുമായ പ്രവർത്തനങ്ങളെക്കുറിച്ച് ഇന്നത്തെ അഭ്യസ്തവിദ്യർക്ക് അറിയാമെന്നാണു ധാരണ. പക്ഷേ, എല്ലാമറിയുമ്പോഴും ഭക്ഷണം എങ്ങനെ മോഡേണാക്കാമെന്നാണ് ചിന്തയത്രയും! മോഡേണെല്ലാം നമ്മെ രോഗികളാക്കുകയാണോ?

ഇപ്പോഴത്തെ ഭക്ഷണമേറെയും 'വിദേശടച്ചു'ള്ളതാണ്; നമ്മുടെയിഷ്ടവും അതിലേക്കാണെന്നത് യാഥാർഥ്യം! എന്നാൽ, ഈ ഭക്ഷ്യവിഭവങ്ങളുടെ വിദേശപാചകം ഏറെ ശുചിത്വം നിറഞ്ഞതും തയ്യാറാക്കുന്നവർ ഏറെ പരിചയസമ്പന്നരുമാണെന്നത് നാം തിരിച്ചറിയണം. വിദേശത്തെ പുകഴ്ത്തുന്ന നാം അവിടത്തെ ആരോഗ്യപരിരക്ഷയും ജീവനോടുള്ള കരുതലും തിരിച്ചറിയാതെപോകരുത്. ആയുസ്സിനെയും ആരോഗ്യത്തെയും തകരാറിലാക്കുന്ന ഒരു ഭക്ഷണവും വിദേശി പ്രോത്സാഹിപ്പിക്കില്ല; വിശ്വസിച്ചു ഭക്ഷിക്കാമെന്നു സാരം! നമ്മുടെ നാട്ടിലെ സ്ഥിതി സുരക്ഷിതമാണോ? ഭക്ഷണം ആരോഗ്യത്തിനുള്ളതാണെങ്കിലും ഇന്നത്തെ നമ്മുടെ ഭക്ഷണശീലം നമ്മെ രോഗാതുരവും മരണത്തിനുവരെ കാരണവുമാക്കുന്നതായി മാറിയിരിക്കുന്നു. അനുദിനവാർത്തകൾ ഇത്തരം യാഥാർഥ്യങ്ങൾ നമ്മെ ഓർമപ്പെടുത്തുകയും ചെയ്യുന്നു.

'നമ്മുടെ ഭക്ഷണമാണ് നമ്മുടെ മരുന്നു'മെന്ന് ആധുനിക ശാസ്ത്രം ഉൾക്കൊണ്ടു വർത്തിക്കണം. രുചിവൈവിധ്യം ഒരുക്കുന്ന മസാലക്കൂട്ടുകളും വിരുദ്ധാഹാരരീതികളും നാം മാറ്റണം. ഇന്നത്തെ ഭക്ഷണത്തിന്റെ രസതന്ത്രം മനുഷ്യന്റെ ജീവശാസ്ത്രപരമായ ശാരീരികപ്രവർത്തനത്തിന്റെ താളം തെറ്റിക്കുന്നത് നാം തിരിച്ചറിയാത്തതെന്ത്? ജീവിതശൈലീരോഗത്തിനൊപ്പം ആധുനികഭക്ഷണം ഒരുക്കുന്ന 'ദുർമേദസു'കൾ നമ്മെ കൂടുതൽ രോഗികളാക്കുന്നു. കായികമായി അധ്വാനിക്കാതിരിക്കാനുള്ളതെല്ലാം അടുക്കളയിലും പുറത്തും സ്ഥാനം പിടിച്ചപ്പോൾ മനുഷ്യരുടെ ആരോഗ്യവും ആയുസ്സും അനുദിനം കുറയുകയാണ്. ശരീരത്തിന്റെ ശാസ്ത്രമോ ഭക്ഷണത്തിലടങ്ങിയിരിക്കുന്ന വൈറ്റമിനുകളുടെ ശതമാനമോ അറിയാതെ വീട്ടിലും പറമ്പിലും വിളഞ്ഞതെല്ലാം രുചിയോടെ കഴിച്ചിരുന്ന പഴമക്കാർക്ക് ഇന്നും ആരോഗ്യമുണ്ട്; ദന്തരോഗമില്ല, അസ്ഥിരോഗമില്ല, ആമാശയത്തിനും കുടലിനും പ്രശ്നമില്ല. മൂത്രാശയരോഗമില്ല, ഓർമയ്ക്കും കാഴ്ചയ്ക്കും കുറവില്ല...?

പ്രശ്നങ്ങൾ സങ്കീർണമാകുമ്പോഴാണ് നമ്മുടെ നിയമങ്ങൾ സടകുടഞ്ഞെഴുന്നേൽക്കുന്നത്. നമ്മുടെ ശ്രദ്ധാകേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന 'ഫോറിനിൽ' പ്രശ്നങ്ങൾ സങ്കീർണമാകാതിരിക്കാനാണ് നിയമനിർമാണം നടത്തിയിരിക്കുന്നത്. മനുഷ്യജീവൻ അവിടെ അമൂല്യമാണ്; ഭക്ഷ്യവിഷബാധയേറ്റുള്ള മരണംപോലുള്ള അസാധാരണത്വമൊന്നും അവിടെയില്ല. ജനം വിശ്വസ്തരാണ്; പൗരബോധമുള്ളവരാണ്; വിദ്യാഭ്യാസത്തിന്റെ സാരാംശം നഷ്ടപ്പെടാത്തവരാണ്; സ്വാർഥതയെന്നതിന് 'സ്വാശ്രയം' എന്നു വികലമായി എഴുതിച്ചേർക്കാത്ത ഹൃദയമുള്ളവരാണ്! ഓരോരുത്തരുടെയും കർത്തവ്യനിർവഹണത്തിലെ 'സത്യം' മറ്റുള്ളവർക്കു വിശ്വാസ്യമായി മാറുമ്പോഴാണ് സമൂഹത്തിന്റെ ശക്തിയും ഊർജവും അരക്കിട്ടുറപ്പിക്കാനാകുക. എത്ര നിയമം ശക്തമാക്കിയാലും നമ്മുടെ ഹൃദയശുദ്ധി കാത്തുസൂക്ഷിക്കാത്തിടത്തോളം ഒന്നിലും സത്യമുണ്ടാകണമെന്നില്ല; നിയമപരമായ ലേബലുകൾ എല്ലാ ഭക്ഷണശാലകളിലും ഭക്ഷണപ്പൊതികളിലും ഉണ്ടായാലും ഉള്ളിലെ സത്യം സത്യമാകണമെങ്കിൽ നമ്മുടെയൊക്കെ ഹൃദയത്തിൽ സത്യമുണ്ടാകണം! നമ്മുടെ ഭക്ഷണശാലകളും ഭക്ഷണവുമൊക്കെ നമുക്കുവേണ്ടിയുള്ളതാണെന്നും അതു പരമാവധി ആരോഗ്യപരമായി തയ്യാറാക്കേണ്ടതാണെന്നും നിയമം പറഞ്ഞാലേ നമുക്ക് ഉൾക്കൊള്ളാനാകുകയുള്ളോ? നല്ലതു ഭക്ഷിക്കാനും നല്ലതുമാത്രം വിതരണം ചെയ്യാനും മനഃസാക്ഷിയുണ്ടാകണം. ആത്യന്തികമായി ചിന്തിക്കുമ്പോൾ ഞാൻ നന്നാകാത്തതുതന്നെയാണ് സമൂഹത്തിലെ മൂല്യച്യുതിക്കു കാരണമെന്നു കാണാനാകും!

നല്ലതു കഴിക്കണമെന്നു നിർബന്ധബുദ്ധിയുണ്ടാകേണ്ടതും വ്യക്തിയുടെ തീരുമാനമാണ്. നമുക്കു ലഭിക്കുന്നത് വൃത്തിയുള്ളതും തികഞ്ഞ ശുചിത്വവും പോഷകസമ്പുഷ്ടവുമായിരിക്കണമെന്നുള്ളത് ആവശ്യക്കാരുടെ ആവശ്യവുമായിരിക്കണം. ആത്മസംതൃപ്തിയോടെ നമ്മുടെ നാടിന്റെ മികവിനെ തീൻമേശയിലും ആദരിക്കാൻ നാം പഠിക്കണം. നമ്മുടെ വിരുന്നുകളിൽ എന്തു വിളമ്പണമെന്നു തീരുമാനിക്കുന്നത് ആതിഥേയനല്ലേ? അതിഥി ആവശ്യപ്പെട്ടിട്ടാണോ, 'ബുദ്ധിയും കാഴ്ചയും വിശപ്പും' കെടുത്തുന്ന 'വിലയേറിയ' വിഭവങ്ങൾ വിളമ്പുന്നത്? രുചിയും ആവശ്യങ്ങളും നാം രൂപപ്പെടുത്തുന്നതാണ്. രോഗത്തിനുള്ള മരുന്ന് കൈവശം കരുതി 'രോഗാതുരമായ' ഭക്ഷണം മതിവരുവോളം കഴിക്കുന്നതിലെ സാംഗത്യം ചിന്തിക്കേണ്ടതല്ലേ?

വ്യക്തിപരമായി പല ഭക്ഷണങ്ങളും വിലക്കപ്പെട്ടതാണെങ്കിലും തിരക്കുള്ള വിരുന്നുശാലകളിൽ ആർക്കും ഒന്നിനും വിലക്കില്ല. എല്ലാവർക്കും എല്ലാ ഭക്ഷണവും യോജിക്കണമെന്നില്ല. എന്നാൽ, വിളമ്പുന്നവരെക്കാൾ ഭക്ഷിക്കുന്നവരല്ലേ ഇതിലെ ആവശ്യവും അനാവശ്യവും തിരിച്ചറിയേണ്ടത്? എന്തു വിളമ്പിയാലും കഴിക്കുന്നത് നമുക്കു നല്ലതാണോ? കാട്ടിലൂടെ മേഞ്ഞുനടക്കുന്ന മൃഗങ്ങൾ വിഷച്ചെടികൾ തിന്നാറുണ്ടോ? ആരാണ് അവയ്ക്കൊക്കെ 'അരുതു'കളുടെ 'ക്ലാസ്' എടുക്കുന്നത് എന്നു ചിന്തിക്കാറുണ്ടോ? പക്ഷിമൃഗാദികൾക്കും വൃക്ഷലതാദികൾക്കും ചിട്ടയായ ഭക്ഷണ'ക്രമം' ഉണ്ടെന്നിരിക്കെ വിവേകബുദ്ധിയുള്ള 'ഡിജിറ്റൽ' മനുഷ്യരായ നമുക്കെന്തേ മരണമുഖത്തിരിക്കുന്ന ഭക്ഷണം തിരിച്ചറിയാനാകാത്തത്? കൊതിയും രുചിയും അനാരോഗ്യത്തെ 'ശക്തിപ്പെടുത്തുന്നു'വെന്നു തിരിച്ചറിയാൻ വൈകരുത്. ജനനവും മരണവും തമ്മിൽ ദൈവം നിശ്ചയിച്ചുറപ്പിച്ച ഒരു 'അകല'മുണ്ട്. അതു തിന്നും കുടിച്ചും ചെറുതാക്കരുത്! ജീവിതം അമൂല്യമാണ്; ജീവിക്കുകയെന്നത് പ്രാർഥനയാകണം; ഭക്ഷണത്തിലെ മായവും വിഷവും അഴുക്കും നമ്മുടെ മനസ്സിന്റെ അഴുക്കിനെത്തന്നെയാണു സൂചിപ്പിക്കുന്നത്. വിഷം വിൽക്കുന്നവർക്കും വീടും കുടുംബവുമില്ലേ? അവരും ഭക്ഷണം കഴിക്കുന്നത് ആയുസ്സിനും ആരോഗ്യപോഷണത്തിനുമല്ലേ? മനുഷ്യനു ചുറ്റും സർവതും വിശുദ്ധിയോടെ സൃഷ്ടിച്ച് മനുഷ്യരിൽ വിശ്വാസമർപ്പിച്ച് അവർക്കു സ്വാതന്ത്ര്യം നൽകിയ ദൈവത്തെ നാം മറക്കുകയാണോ? 'കോടീശ്വരനാകാനുള്ള തത്രപ്പാടിൽ നമ്മെയൊക്കെ സാത്താൻ കൂട്ടിലടയ്ക്കുന്ന കാഴ്ചയാണോ ഇക്കാലത്തെ 'ഹൈലൈറ്റ്' എന്നു ചിന്തിക്കുന്നത് ഉചിതമാകും?

പരിസ്ഥിതിയെയും നമ്മുടെ പരിതഃസ്ഥിതിയെയും തിരിച്ചറിയണം. മലയാളിയുടെ ഭക്ഷണത്തനിമയെന്നുള്ളത് ലോകത്തിന്റെ മുമ്പിൽ പൊലിമതന്നെയാണ്. ആദ്യം നമ്മിലെ നല്ലതു തിരിച്ചറിയാനാകണം. നമ്മുടെ ജീവിതചുറ്റുപാടുകളെ ജീവിതത്തിനനുയോജ്യമായി ക്രമീകരിക്കാനുള്ള ഇച്ഛാശക്തിയും ആത്മവിശ്വാസവും ആത്മസംതൃപ്തിയും നാം സ്വന്തമാക്കണം. നിയമങ്ങൾ ശക്തമാകുന്നതോടൊപ്പം നിയമങ്ങളെല്ലാം നമ്മുടെ തന്നെ സുരക്ഷിതത്വത്തിനുള്ളതാണെന്നു തിരിച്ചറിയാനും അനുസരിക്കാനും പഠിക്കണം. ഭക്ഷിക്കുന്നതെന്തോ അതാണ് മനുഷ്യർ എന്നു പറയാറുണ്ട്; ഭക്ഷണരീതിയും സംസ്കാരവും സംസ്കൃതിയും പൈതൃകവുമായി ഇഴചേരുന്നുണ്ട്; മരുഭൂമിയിലെ സസ്യം മഞ്ഞുമലയിൽ വളരില്ല. സാഹചര്യം പിടിച്ചുനില്പിന്റെ അടിസ്ഥാനമാണ്; ലഭിച്ച സാഹചര്യത്തെ അനുകൂലമാക്കാൻ കഴിയണം; അതും ആരോഗ്യത്തോടെയും ആയുസ്സോടെയും. മറക്കരുത്, മനുഷ്യൻ ഒരദ്ഭുതമാണ്; വിശദീകരിക്കാനാകാത്തവിധമുള്ള ദൈവത്തിന്റെ കരവേല! നല്ലതു ഭക്ഷിക്കാം; നല്ലതു വിതരണം ചെയ്യാം; നമുക്കൊന്നിച്ചു വളരാം, ജീവിക്കാം!



ടി.പി. ശാസ്തമംഗലം

## പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

# മൊഴിയിതളും താരത്തെന്നലും

**ച**ലച്ചിത്രനാമത്തിന്റെ കാര്യത്തിലായാലും അല്ലാതെയായാലും പുതിയ പുതിയ പരീക്ഷണങ്ങൾ നടത്തുന്നതുകൊള്ളാം, അവ കലാസൃഷ്ടിക്ക് എന്തെങ്കിലും പ്രയോജനം ചെയ്യുമെങ്കിൽ. സ്വന്തം മാതൃഭാഷയായ മലയാളത്തെ ഉപേക്ഷിച്ച് ഇംഗ്ലീഷിലേക്കു ചേക്കേറിയ നാടൻസായ്പന്മാർ ഇപ്പോഴും ഇവിടെയൊക്കെത്തന്നെയുണ്ട്. മനസ്സിലാകാത്ത വാക്കുകളും പ്രയോഗങ്ങളും സിനിമാപ്പേരുകളായി ഇതിനകംതന്നെ നമ്മുടെ മുമ്പിൽ വന്നുകഴിഞ്ഞു. ഏറ്റവും ഒടുവിലിതാ മലയാള അക്ഷരമാലയിലെ ഒരെണ്ണത്തിനെ കൂട്ടുപിടിച്ചുകൊണ്ട് ഒരു ചലച്ചിത്രം വന്നിരിക്കുന്നു. പടത്തിന്റെ ശീർഷകം 'ഋ' എന്നാണ്. ഏതുതരത്തിൽ വേണമെങ്കിലും പേരിടാനുള്ള സംവിധായകന്റെ അവകാശത്തെ ഇവിടെയാരും ചോദ്യം ചെയ്യുന്നില്ല. പോരെങ്കിൽ നമ്മുടെ മനസ്സിൽ ഷാജി എൻ. കരുൺ ഇട്ട 'സ്വം' എന്ന ചലച്ചിത്രനാമം ഒളിമങ്ങാതെ കിടപ്പുണ്ടുതാനും. 'ഋ' എന്ന സിനിമയുടെ പോസ്റ്റർ ശ്രദ്ധിച്ചോ? ഇംഗ്ലീഷിൽ ഈ ചിത്രത്തിന്റെ പേര് 'Iru' എന്നാണ് എഴുതിയിരിക്കുന്നത്. നാമെല്ലാം 'ഋ' എന്ന അക്ഷരം ഉച്ചരിക്കുന്നത് മലയാളത്തിൽ എഴുതിയിരിക്കുന്നതുപോലെതന്നെയല്ലേ? 'ഇറു' എന്നല്ലല്ലോ. അപ്പോൾ ഈ മറിമായം എങ്ങനെ സംഭവിച്ചു? അന്വേഷിക്കേണ്ട വിഷയമാണിത്.

ഈ ചിത്രത്തിൽ ആകെയുള്ളതു രണ്ടു പാട്ടുകളാണ്. അവ രണ്ടും ഭേദപ്പെട്ടവയായി പരിഗണിക്കാനാവില്ല. സ്ഥലപരിമിതി നിമിത്തം ഒരു ഗാനത്തെക്കുറിച്ചു മാത്രം എഴുതാം:

"കൺകളിലുയിർ എൻ കണിമലർ  
നിൻ ചിരികളിൽ പാൽമൊഴിയിതൾ  
പെയ്യാതെ പെയ്യുന്നു നീയേ  
തോരാതെ ഏതേതു ചേലിൽ  
കാതോരമീരാവിലേറെ




എന്നാലുമൊന്നായി വാഴ്ക  
നിൻരൂപമേന്തുന്ന നാൾകൾ  
നെഞ്ചാകെ കൊഞ്ചാതെ കൊഞ്ചും"

(ഗാനരചന – വിശാൽ ജോൺസൺ; സംഗീതം – സൂരജ് എസ്. കുറുപ്പ്; ആലാപനം – വിനീത് ശ്രീനിവാസൻ, മഞ്ജരി).

കുറെക്കാലമായി ഗാനരചനയിൽ നടന്നുവരുന്ന ഒരു പറ്റിപ്പിനെക്കുറിച്ചു ചൂണ്ടിക്കാണിക്കാൻ പറ്റിയ വരികളാണിവ. 'പെയ്യാതെ പെയ്യുന്നു', 'കൊഞ്ചാതെ കൊഞ്ചും' എന്നതുപോലെയുള്ള പ്രയോഗങ്ങൾ എത്ര വേണമെങ്കിലും ആധുനികഗാനങ്ങളിൽ കേൾക്കാം. മൊഴിക്ക് ഇതളുണ്ടെന്നു നമുക്ക് അറിഞ്ഞുകൂടായിരുന്നു. പാൽമൊഴി എന്നാണ് എഴുതിയിരിക്കുന്നത് എന്നുകൂടി അറിയുക. നായികയാണത്രേ പെയ്യാതെ പെയ്യുന്നത്. കഷ്ടം! അവളെയോർത്തു നമുക്കു സഹതപിക്കാം. പെയ്യാതെ പെയ്യുന്നു എന്നു മാത്രമല്ല അവൾ തോരാനും കൂട്ടാക്കുന്നില്ലപോലും!

എട്ടുവരികളാണ് ഈ പല്ലവിയിൽ സ്ഥാനം പിടിച്ചിട്ടുള്ളത്. ഇവ എട്ടും എട്ടുതരത്തിൽ വിഘടിച്ചുനിൽക്കുന്നു. എട്ടിന്റെ പണി എന്ന് ആധുനികഭാഷയിൽ ശൈലി രൂപപ്പെട്ടിട്ടുണ്ട്. അത്തരത്തിൽ പറഞ്ഞാൽ പാട്ടെഴുത്തുകാരൻ മറ്റു ചലച്ചിത്രശില്പികൾക്ക് എട്ടിന്റെ പണി കൊടുത്തതാവുമോ? ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നു.

"ചെന്താരമേ താരമേ  
വിണ്ണേറിടും ചന്തമേ  
പാരിനിളം തെന്നലായ് വന്നുവോ നീ"

ഇത്രയും ഭാഗം ഗായകൻ പാടുമ്പോൾ തുടർന്നുള്ള മൂന്നു വരികൾ ഗായികയുടെ ശബ്ദത്തിലാണ് നാം കേൾക്കുന്നത്. മിക്ക ഗായികമാർക്കുമുള്ള കുഴപ്പം – ആലാപനത്തിൽ വാക്കുകൾ വ്യക്തമാകാതിരിക്കുക – ഇവിടെ മഞ്ജരിയെയും ബാധിച്ചിട്ടുണ്ട്. നമ്മുടെ ഗായികമാർ മലയാളിയല്ലാത്ത ശ്രേയ ഘോഷാൽ മലയാളഗാനങ്ങൾ പാടുന്നതു കേൾക്കണം. എന്തൊരു ഉച്ചാരണശുദ്ധി, എന്തൊരു വ്യക്തത!

ചെന്താരം പാരിലെത്തിയപ്പോൾ തെന്നലായി മാറിയെന്നു രചയിതാവു പറയുന്നു. ഇത്തരത്തിൽ ഇന്ദ്രജാലക്കാരെപ്പോലും കടത്തിവെട്ടുന്ന അദ്ഭുതങ്ങൾ സൃഷ്ടിക്കുന്നു ഇക്കാലത്തെ പാട്ടെഴുത്തുകാർ. ഒരു പാട്ടുപോലും ജനഹൃദയങ്ങളെ ചലനം കൊള്ളിക്കാതെ പോയിട്ടും ഗാനരചയിതാക്കൾക്ക് ഒരു കുലുക്കവുമില്ല. അവർക്കു പേരു വെള്ളിത്തിരയിൽ തെളിഞ്ഞാൽ മാത്രം മതി. അവർ അക്ഷരസ്നേഹികളല്ല, അക്ഷരവിരോധികളാണെന്നു നിസ്സംശയം പറയാം. ■

---

# സംശയിക്കാമെങ്കിലും

നുറുങ്ങുകഥ

ഉണ്ണി വാരിയത്ത്

പുരോഗമനത്തിന്റെ പേരിൽ, പരിഷ്കാരത്തിന്റെ പേരിൽ, ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്നു അടുക്കള.

തീൻമേശപ്പുറത്തെ ഫാസ്റ്റ്ഫുഡ് വിഭവങ്ങൾ വെട്ടിവിഴുങ്ങുകയാണ് വീട്ടുകാർ. ഇനിയുള്ള കാലം അടുക്കള നാമാവശേഷമായിത്തീരുമോ?

സംശയിക്കാമെങ്കിലും, സംഭവിക്കാതിരിക്കട്ടേയെന്ന് ആശിക്കാനേ കഴിയൂ.



---

## ഈശോ FROM THE BIBLE (40)



ഫാ. തോമസ് പാട്ടത്തിൽചിറ CMF

# താങ്ങ്

**അ**ബലർക്കു താങ്ങായി വന്നവൻ കുരിശിന്റെ കനത്താൽ താഴെവീഴാതിരിക്കാനുള്ള ഒരു സാധാരണക്കാരനായ വഴിപോക്കന്റെ കൈത്താങ്ങ്. ശിലപോലും അലിഞ്ഞുപോകുന്ന ദുഃഖക്കയത്തിൽ അവന്റെ ശിരസ്സിന്റെ ഭാരമല്പം കുറയ്ക്കാനെന്ന വണ്ണം ശിഷ്യൻപോലുമല്ലായിരുന്ന ഒരു ശിമയോനെ ദൈവം നിയമിച്ചിരുന്നു. രക്ഷകൻ പേറിയത് മനുഷ്യരാശിയുടെ പാപമാണെന്നും, തന്മൂലം മനുഷ്യർതന്നെയാണ് അവനെ താങ്ങേണ്ടതെന്നുമുള്ള ഭാരപ്പെടുത്തുന്ന ഒരോർമപ്പെടുത്തൽ. പടയാളികളുടെ നിർബന്ധംമൂലമാണെങ്കിലും അവൻ അതു ചെയ്തു. തന്റെ യാത്രയുടെ ബാക്കിദൂരം നസ്രായനെ തുണയ്ക്കാനുള്ള അവസരം അവനു ലഭിച്ചു. വഴിയിൽ വീണുകിട്ടിയ



വലിയൊരു ഭാഗ്യമായിരുന്നു അതെന്നും, അതുമൂലം തന്റെ പേരും പ്രവൃത്തിയും ഒരുനാൾ വേദഗ്രന്ഥത്തിൽ വിലിഖിതമാകുമെന്നും അയാൾ അറിഞ്ഞിരുന്നോ? എവിടെയെങ്കിലും, എപ്പോഴെങ്കിലും ചില ശിമയോന്മാരെ തളരുമ്പോൾ താങ്ങായും കാലിടറുമ്പോൾ കൈവടിയായും നമുക്കുവേണ്ടി കർത്താവ് അയയ്ക്കുന്നുണ്ട്. പരിചിതരും അപരിചതരും വഴിയാത്രികർപോലും ചിലപ്പോൾ ആശ്വാസമായേക്കാം. ഏതായാലും, ആ സഹായം രക്ഷകൻ നിരസിച്ചില്ല. സന്തോഷത്തോടെ സ്വീകരിച്ചു. തന്മൂലം ആ പിതാവിന്റെ മാത്രമല്ല, അവന്റെ പുത്രന്മാരുടെ പേരുകൾകൂടി രക്ഷാകരചരിത്രത്തിൽ ചേർക്കപ്പെട്ടു.

മറ്റുള്ളവരുടെ വേദനകളിൽ ആരും നിർബന്ധിച്ചില്ലെങ്കിലും, ശിമയോനാകാനുള്ള വിളി നമുക്കുണ്ട്. ആ കിറേനക്കാരനെപ്പോലെ കുറേയെങ്കിലും പരസഹായികളാകാൻ നമുക്കു കഴിയുന്നുണ്ടോ? അവശരെ തുണയ്ക്കാൻ നമ്മുടെ കരങ്ങൾ കുറുകിപ്പോകരുത്. അശരണരിൽ സ്വന്തം മുഖം കാണുമ്പോൾ മാത്രമേ അവർക്കു ശരണമേകാൻ നമുക്കു മനസ്സുണ്ടാകൂ. നമ്മുടേതായ ജീവിതസാഹചര്യങ്ങളിൽ സാധ്യമായ സഹായങ്ങൾ ചുറ്റുമുള്ളവർക്കു ചെയ്തുകൊടുക്കാം. സൽപ്രവൃത്തികൾ ചെയ്യാൻ ആരുടെയും നിർബന്ധത്തിനു നോക്കിനില്ക്കേണ്ട കാര്യമില്ല. നമ്മുടെ കടമയാണത്. ആർക്കും ഭാരമാകാതെ, ആരുടെയെങ്കിലുമൊക്കെ ചുമടുതാങ്ങികളായി മാറാം. ആയുസ്സ് അർഥപൂർണമാകുന്നത് അപ്പോഴാണ്. തങ്ങളുടെ ആപത്തുകളിൽ അല്പം സഹായത്തിനായി വിളിക്കാൻ നമ്മുടെ പേര് ഓർക്കുന്നവരായി ആരെങ്കിലുമൊക്കെയുണ്ടെങ്കിൽ നാമും ശിമയോന്റെ വഴിയിലാണ്. പരസഹായത്തിനു കിട്ടുന്ന അവസരങ്ങളെ പാഴാക്കാതിരിക്കാം. അന്യരുടെ ആവശ്യങ്ങളറിഞ്ഞ് നാം അവരെ ശുശ്രൂഷിക്കുമ്പോൾ അവരുടെ കടപ്പാടിന്റെ കണക്കുപുസ്തകത്തിൽ നമ്മുടെ പേരുകളും കുറിക്കപ്പെടും. പാരിൽ പരസഹായത്തിന്റെ പര്യായങ്ങളായി ജീവിക്കാം. ഒപ്പം, വാഴ്‌വിലെ കൊച്ചുജീവിതം കടലോളം കടപ്പാടിന്റെ കണക്കുപുസ്തകമാണെന്നു വിസ്മരിക്കരുത്. ആരുടെയും സേവനത്തെ നിസ്സാരമായി കാണാതിരിക്കാം. സാന്ത്വനം സമ്മാനിക്കുന്നവരോടും, തെറ്റുകൾ തിരുത്തിത്തരുന്നവരോടും, വീഴ്ചകളിൽ വീണ്ടെടുക്കുന്നവരോടും, മുറിവുകളിൽ മരുന്നേകുന്നവരോടുമൊക്കെയുള്ള നമ്മുടെ കടപ്പാടിന്റെ കണക്കുകൾ കണക്കറ്റവയാണ്. ■

# ഈ ലോകം, എനിക്കുകൂടി അവകാശപ്പെട്ടതല്ലേ?

## ഒരു ഗർഭസ്ഥശിശുവിന്റെ നെടുവീർപ്പുകൾ

■ ബ്രൂണി മരിയ ടെൻസി



**ഭൂ**മിയിലേക്ക് ഒരു വരവ് സ്വപ്നം കണ്ടു നടക്കുമ്പോഴാണ് അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നത്. ഞാൻ എത്തിയ വിവരം 'അമ്മ' പോലും അറിഞ്ഞിരുന്നില്ല. അമ്മയുടെ ആഹ്ളാദവും കുടുംബത്തിലെ ചർച്ചകളും സ്വപ്നം കണ്ടു കഴിഞ്ഞിരുന്ന എനിക്ക് അമ്മയുടെ പ്രതികരണം താങ്ങാവുന്നതിലും അപ്പുറമായിരുന്നു. നമുക്ക് ഇപ്പോൾത്തന്നെ ഒരു ആൺകുട്ടിയും പെൺകുട്ടിയും ഉണ്ടല്ലോ, പിന്നെ എന്തിനാ വീണ്ടും ഒരു കുട്ടി? എന്റെ ഹൃദയമിടിപ്പുതന്നെ നിന്നുപോകുമോ എന്ന അവസ്ഥ. കുഞ്ഞുകണ്ണുകൾ നിറഞ്ഞൊഴുകി, എന്റെ തേങ്ങലുകൾ അടക്കാൻ ഞാൻ കഷ്ടപ്പെട്ടു.

അപ്പ അമ്മയെ സമാധാനിപ്പിക്കുകയും പ്രതീക്ഷ നൽകുകയും ചെയ്തു. ഞാൻ എന്റെ ചേച്ചിയെയും ചേട്ടനെയും നോക്കി. അമ്മയുടെയും അപ്പയുടെയും കല്യാണം കഴിഞ്ഞു മക്കൾ ഉണ്ടാകാൻ വൈകിയപ്പോൾ എന്നും ചികിത്സയും പ്രാർഥനയുമായിക്കഴിഞ്ഞിരുന്ന കുടുംബം ഇപ്പോൾ എന്നെ വേണ്ടെന്നു വയ്ക്കാൻ തീരുമാനിക്കുന്നത് എന്താണെന്നു മനസ്സിലാകുന്നില്ല. പിന്നെ ഒരു ആശ്വാസം അമ്മയും അപ്പയും ദുബായിയിൽ താമസിക്കുകയാണ്. അവിടെ അബോർഷൻ നിയമവിരുദ്ധമാണല്ലോ എന്ന ആശ്വാസത്തിൽ ഞാൻ ഇരുന്നു. ഇടയ്ക്ക് അമ്മയുടെ വയറ്റിൽ ഉമ്മ വയ്ക്കും, തൊട്ടുനോക്കും, പിന്നെ എന്റെ കാലൊക്കെ അമ്മയുടെ വയറ്റിൽ ഉരസിനോക്കും. അമ്മ എന്നെ ഒന്നു മനസ്സിലാക്കിയിരുന്നെങ്കിൽ എന്ന് ആശിച്ചു.

അപ്പയ്ക്കും അമ്മയുടെ മനസ്സുമാറ്റാൻ കഴിഞ്ഞില്ല. അങ്ങനെ അമ്മ തനിയെ നാട്ടിലേക്കു യാത്രതിരിച്ചു. അവിചാരിതമായി അമ്മ മാത്രം നാട്ടിലെത്തിയപ്പോൾ എല്ലാവരും കാര്യം അന്വേഷിച്ചു. അമ്മയാണെങ്കിൽ തീരുമാനത്തിൽ ഉറച്ചു നിന്നുകൊണ്ട് കാര്യം അവതരിപ്പിച്ചു. മക്കളില്ലാത്ത ദമ്പതികളുടെ ദുഃഖവും പ്രതിസന്ധിയും അറിഞ്ഞിട്ടും ഇത്തരമൊരു നിഷ്കരുണമായ പ്രവൃത്തിക്കൊരുങ്ങിയ അമ്മയെ അമ്മയുടെ വീട്ടുകാർ കൈയൊഴിഞ്ഞു. പിന്നെ അപ്പയുടെ അമ്മയെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി ആശുപത്രിയിലേക്കു കൊണ്ടുപോയി.

ഞാൻ നിസ്സഹായനായി കൈകൾ കൂപ്പി അമ്മയോട് അപേക്ഷിച്ചു. എന്നാൽ, എന്തൊക്കെയോ ചിന്തകൾ അമ്മയെ ശക്തമായി മുന്നോട്ടുനയിച്ചു. അങ്ങനെയിരിക്കുമ്പോൾ അമ്മയുടെ ഫോണിലേക്ക് ഒരു വീഡിയോ വന്നു. ഒരു കുഞ്ഞിനെ അബോർഷൻ ചെയ്തുകളയുന്ന ദൃശ്യങ്ങൾ. അതു കാണുമ്പോൾ ഞാൻ അമ്മയുടെ മുഖത്തേക്കു നോക്കി. എന്നാൽ, ഭാവഭേദമില്ലാതെ ഇരുന്ന അമ്മയ്ക്ക് ഒരിക്കൽക്കൂടി ഞാൻ കണ്ണീരിൽ കുതിർന്ന ഒരു ചുടുമുത്തം നൽകി കണ്ണടച്ചിരുന്നു. അപ്പോഴേക്കും ഡോക്ടറെ കാണാൻ നേഴ്സ് അമ്മയെ വിളിച്ചു.

ഒരു വനിതാഡോക്ടറെ കണ്ടപ്പോൾ എനിക്ക് കുറച്ചാശ്വാസം ലഭിച്ചു. അവർ എന്നെ മനസ്സിലാക്കി അമ്മയെ അനുനയിപ്പിക്കും എന്ന പ്രതീക്ഷ കൈവിടാതെ ഞാൻ കാത്തിരുന്നു. സ്കാനിങ്ങിൽ എന്റെ ശരീരം 'അമ്മ' കാണുമ്പോൾ ഞാൻ പരമാവധി ചിരിച്ചുനോക്കി. പക്ഷേ, ഒരു മാംസപിണ്ഡമായി മാത്രം എന്നെ പരിഗണിച്ച ആ ഡോക്ടറും എന്നെ നിരാശപ്പെടുത്തി. അമ്മയ്ക്കു പ്രായം കവിഞ്ഞുണ്ടാകുന്ന ഗർഭധാരണം മാനസികവൈകല്യമുള്ള ഒരു കുട്ടിക്ക് ജന്മം നൽകുമെന്ന മുട്ടുന്യായവും നിരത്തി അവർ അമ്മയുടെ പക്ഷംചേർന്നപ്പോൾ ഞാൻ തലയിൽ കൈവച്ചുപോയി. കൈയും കാലും വേർപെട്ടു നെഞ്ചുപിടയുന്ന വേദനയുമായി ജനിക്കുംമുമ്പേ മരണമടയുന്ന എന്റെ അവസ്ഥ ദൈവത്തിനു സമർപ്പിച്ചു. എന്റെ മരണത്തിനു തീയതി കുറിച്ചുവാങ്ങിയ അമ്മയുടെ തീരുമാനം ആരെങ്കിലും തെറ്റാണെന്നു ചൂണ്ടിക്കാണിക്കുമെന്ന അവസാനപ്രതീക്ഷയും അസ്തമിച്ചു.

എന്നിരുന്നാലും, എനിക്കുവേണ്ടിയുള്ള പ്രാർഥനയുമായി ആരൊക്കെയോ കൂടെനിന്നു. അബോർഷൻനിയമം കൈയിലെടുക്കുന്നവർക്കായി ലോകം മുഴുവൻ ഉയരുന്ന പ്രാർഥനകളും എനിക്കു ശക്തി നൽകി. പക്ഷേ, അപ്പന്റെയും അമ്മയുടെയും ജീവിതം സന്തോഷത്തോടെ മുന്നോട്ടു പോകണം എന്നുതന്നെയായിരുന്നു എന്റെയും ആഗ്രഹം. ഇത് എനിക്കു പറയാനുള്ള ഒരു അവസരംപോലും ലഭിച്ചില്ലല്ലോ എന്നതായിരുന്നു എന്നെ വീണ്ടും വീണ്ടും വേദനിപ്പിച്ചത്. അങ്ങനെ, എനിക്കായി ഡോക്ടർ കരുതിവച്ച സമയം വന്നെത്തി. വന്ധ്യതാചികിത്സയ്ക്കായി കാത്തിരിക്കുന്ന ദമ്പതികളുടെ മുന്നിലൂടെ അമ്മ ഡോക്ടറെ കാണാൻ നടന്നുപോകുമ്പോൾ അവരിൽ ഒരാളുടെ മൊബൈൽ ഫോൺ ബെല്ലടിച്ചു. ആ പാട്ടു എനിക്കും അമ്മയ്ക്കുമായി കരുതിവച്ചപോലെയുണ്ടായിരുന്നു. ദൈവത്തിന്റെ കുഞ്ഞല്ലേ നീ, സങ്കടത്താൽ വാടീടല്ലേ... സഹനങ്ങൾ കൃപകളാക്കാം, യേശുവിന്റെ ക്രൂശിൽ നൽകൂ...!

അമ്മ ഒരു നിമിഷം വയറ്റിൽ സ്പർശിച്ചു; ഞാനും അമ്മയുടെ കൈയിലേക്ക് എന്റെ കുഞ്ഞുവിരലുകൾ നീട്ടി. അമ്മയിൽ ഒരു ശക്തിയും മുഖത്തു പ്രകാശവും പ്രകടമായി. ഡോക്ടറെയുടെ മുന്നിൽ ചെന്ന അമ്മ, 'എന്റെ കുഞ്ഞിന്റെ വളർച്ചയ്ക്കാവശ്യമായ മരുന്നുകൾ എഴുതിത്തന്നാലും' എന്നാണ് പറഞ്ഞത്. ആരാലും അറിയപ്പെടാതിരുന്ന അമ്മ ഇനിമുതൽ എന്റെ അമ്മ എന്ന പേരിൽ അറിയപ്പെടണമെന്ന ആഗ്രഹവും ഉള്ളിൽ പേറി ഞാൻ മാസങ്ങൾ പിന്നിട്ടു. ഒരിക്കൽപോലും പിരിഞ്ഞിരിക്കാതിരുന്ന അപ്പയും അമ്മയും എന്നെ ഉപേക്ഷിക്കാമെന്ന തീരുമാനത്തിനു മാപ്പപേക്ഷിച്ചു പ്രാർഥനയോടെ എന്റെ ജനനത്തിനായി ഒരുങ്ങി.

എന്നും കഥകൾ പറഞ്ഞും പാട്ടുകൾ പാടിത്തന്നും ഉദരത്തിലുള്ള എന്നെ അമ്മ പരിചരിച്ചു. ഞങ്ങൾ നല്ല കൂട്ടായ ആ ഒൻപതു മാസങ്ങൾ കഴിഞ്ഞപ്പോൾ എന്റെമേൽ കത്തിവയ്ക്കാനൊരുങ്ങിയ ഡോക്ടറുടെ കൈകളിലേക്കുതന്നെ ഞാൻ പിറന്നുവീണു. ഒത്തിരി ജനനങ്ങൾക്കു സാക്ഷിയായ ഡോക്ടർ ആദ്യമായാണ് ഗർഭച്ഛിദ്രം ചെയ്യാനിരുന്ന ശിശുവിനെ കൈകളിൽ എടുക്കുന്നത്.

നിയമങ്ങൾ എന്തെല്ലാം സാധ്യതകൾ കല്പിച്ചുതന്നാലും തന്റെ അടുക്കൽ വരുന്നവരെ ഭ്രൂണഹത്യ എന്ന തിന്മയിൽനിന്നു മനസുമാറ്റും എന്നതായിരിക്കണം ഒരു ഡോക്ടറുടെ ധീരമായ തീരുമാനം. എന്നെ നെഞ്ചോടു ചേർത്ത്, ദുബായ് എന്ന സ്വപ്നഭൂമി ഉപേക്ഷിച്ചു നാട്ടിൽ താമസിച്ച് അമ്മ കാത്തിരുന്നതും ഈ ഒരു നിമിഷത്തിനായിരുന്നു. അങ്ങനെ ഡോക്ടറുടെ സാന്നിധ്യത്തിൽ ത്തന്നെ അമ്മ പേര് നൽകാനുള്ള അപേക്ഷയിൽ 'ദൈവത്തിന്റെ സമ്മാനം' എന്ന് അർഥം വരുന്ന 'മാത്യു' എന്ന പേര് എഴുതിച്ചേർത്തു. ■

# ഒരു നിയോഗത്തിന്റെ ചാവുനിലങ്ങൾ

*6-ാം പേജ് തുടർച്ച*

നൊമ്പരങ്ങളുടെ, അസ്വസ്ഥതകളുടെ വന്യതയാർന്നൊരു ആൾരൂപമായി യൂദാസ് പരിണമിക്കുകയായിരുന്നു. ഞാൻ ശബ്ദം താഴ്ത്തി വിളിച്ചു:

"യൂദാസ്..."

"എനിക്കറിഞ്ഞുകൂടാ... പക്ഷേ, ഞാനങ്ങനെ ചെയ്തു. എനിക്ക് അങ്ങനെ ചെയ്യേണ്ടി വന്നു. യഹൂദപ്രമാണിമാർ ഒരു പ്രലോഭനമായി വച്ചുനീട്ടിയ മുപ്പതു വെള്ളിനാണയങ്ങൾ എന്നെ ചതിച്ചുകളഞ്ഞു..."

യൂദാസ് കരയുകയായിരുന്നു. പശ്ചാത്താപവിവശനായ ഒരാത്മാവിന്റെ നൊമ്പരസ്പന്ദനങ്ങളത്രയും ആ വാക്കുകളിൽ തളംകെട്ടിനിന്നിരുന്നു. എന്റെ മനസ്സിലേക്കപ്പോൾ അന്ത്യത്താഴരംഗം തിക്കിത്തിരക്കി വന്നു.

"എന്നോടൊപ്പം ഭക്ഷിക്കുന്ന നിങ്ങളിലൊരുവൻ എന്നെ ഒറ്റിക്കൊടുക്കു"മെന്ന് യേശുവിന്റെ വാക്കുകൾ. അപ്പോൾ എല്ലാവരെയുംപോലെ യൂദാസും ചോദിക്കുന്നു:

"റബ്ബീ... ഞാനാകുന്നുവോ...?"

പിന്നെ ഗദ്സമൻതോട്ടത്തിൽ വച്ച് യൂദാസിന്റെ ചുംബനം.

"റബ്ബി സ്വസ്തി..." യേശുവിന്റെ വേദനാജനകമായ മറുചോദ്യം:

"സ്നേഹിതാ, നീ മനുഷ്യപുത്രനെ ഒരു ചുംബനംകൊണ്ട് ഒറ്റിക്കൊടുക്കുന്നുവോ?"

ലോകത്തിന്റെ ശിരസ്സിൽ ഒരു മുൾമുടി തറയുന്നു... കാലത്തിന്റെ ഹൃദയത്തിൽ ചമ്മട്ടികൾ പുളയുന്നു... പ്രപഞ്ചത്തിന്റെ പ്രകാശം മൂന്നാണികളിൽ തറയുന്നു... ദൈവാലയത്തിനുള്ളിലെ കൽത്തളങ്ങളിൽ മുപ്പതു വെള്ളിനാണയങ്ങൾ ചിതറിവീഴുന്നു... ഗുരുനിന്ദയുടെ മനുഷ്യരൂപം ഒരു മുഴം കയറിൽ തൂങ്ങിയാടുന്നു...

ഞാൻ എരിഞ്ഞുതീരുന്ന മെഴുകുവിളക്ക് അടർത്തിയെടുത്ത് യൂദാസിന്റെ മുമ്പിൽ മുട്ടുകുത്തി. അവന്റെ മുഖത്തേക്ക് വെളിച്ചമടുപ്പിച്ചു ചോദിച്ചു:

"നിനക്ക് പശ്ചാത്താപം തോന്നിയില്ലേ യൂദാസ്..."

"ഉവ്വ്.... അസ്ഥികൾ തകരുന്നതുപോലെയും മാംസം ചിതറുന്നതുപോലെയുമുള്ള വേദന ഞാൻ അനുഭവിച്ചു. എന്റെ പിഴ ഞാൻ തിരിച്ചറിഞ്ഞു..."

"പിന്നെ എവിടെയാണ് നിനക്കു പിഴച്ചത്. എന്തേ നല്ല കള്ളനെപ്പോലെ നീയും പറുദീസയിൽ എത്തിയില്ല...?"

യൂദാസ് കണ്ണുകൾ തുടച്ചു. പിന്നെ മെല്ലെ എഴുന്നേറ്റു. ആകാശത്തിന്റെ അദൃശ്യസാന്നിധ്യങ്ങളിലേക്കു മിഴികൾ നീട്ടിപ്പറഞ്ഞു:

"എനിക്കു പിഴവുപറ്റി സ്നേഹിതാ. കുറ്റബോധവും പശ്ചാത്താപവും എന്നെ എത്തിച്ചത് മരണത്തിന്റെ വാതായനത്തിലേക്കാണ്. നല്ല കള്ളനെപ്പോലെ ഞാൻ ഗുരുവിങ്കൽ ആശ്രയിച്ചില്ല. തെറ്റുകൾ ഏറ്റുപറഞ്ഞു പറുദീസയിലെത്താൻ ശ്രമിച്ചില്ല. അതേ സ്നേഹിതാ, എനിക്ക് ആദ്യം മുതൽ അവസാനംവരെ തെറ്റുപറ്റി. യൂദാസ് ഇസ്കറിയോത്ത ഒരു തെറ്റാണ്. ഒരു വലിയ തെറ്റ്..."

എന്റെ കൈയിൽനിന്ന് മെഴുകുവിളക്ക് കത്തിയമർന്നു നിലത്തുവീണതും കിഴക്ക് പ്രഭാതത്തിന്റെ ആദ്യാങ്കുരങ്ങൾ കണ്ടതും ഒരു ദുരന്തംപോലെ യൂദാസ് കനത്ത പുറചട്ടയുള്ള വിശുദ്ധഗ്രന്ഥത്തിലേക്കു മറഞ്ഞതും ഒരുമിച്ചായിരുന്നു. ■

# വനിതാക്രിക്കറ്റിൽ ചരിത്രമെഴുതി ഇന്ത്യൻകൗമാരം



**സനിൽ പി. തോമസ്**



**മി**താലി രാജും ജൂലൻ ഗോസ്വാമിയും വിട വാങ്ങിയിട്ട് മാസങ്ങൾ കഴിഞ്ഞു. സ്മൃതി മന്ഥാനയും ഹർമൻപ്രീതും ഇന്ത്യൻ വനിതാക്രിക്കറ്റ് ടീമിന്റെ മികവു ചോരാതെ കാക്കുന്നു. പക്ഷേ, ഇവർക്കാർക്കും ഒരു ലോകകിരീടവിജയം സാധ്യമായില്ല. ആ ചരിത്രമാണ് ഇന്ത്യയുടെ കൗമാരതാരങ്ങൾ തിരുത്തിയെഴുതിയത്. ദക്ഷിണാഫ്രിക്കയിലെ പൊച്ചെഫ്സ്ട്രൂമിൽ നടന്ന പ്രഥമ അണ്ടർ 19 വനിതാ ട്വന്റി 20 ലോകകപ്പിൽ ഇന്ത്യ ചാമ്പ്യന്മാർ. ഷെഫാലി വർമ നയിച്ച ഇന്ത്യൻ ടീം ഫൈനലിൽ ഇംഗ്ലണ്ടിനെ തോല്പിച്ചത് എഴു വിക്കറ്റിന്.

അണ്ടർ 15, 19 സീനിയർ വിഭാഗങ്ങളിലായി 1983 ലും 2011 ലും നേടിയ ഏകദിന ലോകകപ്പ് വിജയങ്ങൾ ഉൾപ്പെടെ ഒൻപത് ലോകകപ്പ് വിജയങ്ങൾ ഇന്ത്യൻ പുരുഷടീമിന് അവകാശപ്പെടാനുണ്ട്. എന്നാൽ, വനിതകൾക്ക് ഇത് പ്രഥമ ലോകകിരീടം. 2005 ലും 2017 ലും മിതാലിരാജിന്റെ ടീം ഏകദിന ലോകകപ്പിന്റെ ഫൈനലിൽ കടന്നിരുന്നു. 2020 ൽ ട്വന്റി 20 ലോകകപ്പിലും വനിതകൾ ഫൈനലിൽ തോറ്റു. കിരീടം തെന്നിമാറി. മിതാലിയുഗവും മിതാലിക്കുശേഷവും എന്ന രണ്ടായി ഇന്ത്യൻ വനിതാക്രിക്കറ്റ് ചരിത്രം വേർതിരിക്കുമ്പോൾ ഭാവി ശോഭനമെന്നു തന്നെ പറയാം.

2020 ൽ ട്വന്റി 20 ലോകകപ്പ് ഫൈനലിൽ ഓസ്ട്രേലിയയോടു തോറ്റ ഇന്ത്യൻ ടീമിൽ അംഗമായിരുന്നു ഇപ്പോഴത്തെ നായിക ഷഫാലി വർമ. സീനിയർ ടീമിൽനിന്ന് അണ്ടർ 19 ടീമിൽ ഇടംപിടിച്ചത് ഷഫാലിക്കു പുറമേ റിച്ച ഘോഷ് മാത്രമാണ്. ലോകകിരീടം ചൂടിയ ടീമിനെ പരിശീലിപ്പിച്ച നൂഷിൻ അൽ ഖദീർ ആകട്ടെ 2005 ൽ ഏകദിന ലോകകപ്പ് ഫൈനലിൽ പരാജയപ്പെട്ട ഇന്ത്യൻ ടീമിൽ അംഗവുമായിരുന്നു. ഷഫാലിക്ക് പത്തൊൻപതാം ജന്മദിനസമ്മാനവുമായി ലോകകപ്പ് വിജയം.

കൗമാരടീമിൽ ഷഫാലിക്കും റിച്ചയ്ക്കും പുറമേ ടിറ്റാസ് സദുവിനും 19 വയസ് തികയുമ്പോൾ ശബ്നവും സോനവും പതിനഞ്ചുകാരികൾ. ഹർലിഗാലയ്ക്ക് പതിനാറുവയസ്സും. ആദ്യമൂന്നു പേർക്കും ഇത് അവസാന ഊഴമായപ്പോൾ അടുത്ത നിര പ്രതീക്ഷ ഉയർത്തുന്നു. റിസർവ് സംഘത്തിൽ മലപ്പുറം തിരൂർ സ്വദേശി സി.എം.സി. നജ്ലയും ഉണ്ടായിരുന്നു. കേരള വനിതാക്രിക്കറ്റിനും ഇത് ഉണർവാകും. ടീമിന് അഞ്ചുകോടി രൂപ ബി.സി.സി.ഐ. സമ്മാനം പ്രഖ്യാപിച്ചപ്പോൾ ഈ കിരീടനേട്ടത്തിന് ഇന്ത്യൻ ക്രിക്കറ്റ് നൽകുന്ന പ്രാധാന്യം വ്യക്തമാണ്. വനിതകളുടെ ക്രിക്കറ്റിന്റെ സ്വീകാര്യത വർധിക്കുമെന്ന കാര്യത്തിലും സംശയം വേണ്ട. മിതാലി രാജ് പിന്നിട്ട രണ്ടു കാലഘട്ടങ്ങൾ ഈ അംഗീകാരം ഓർമിപ്പിക്കുന്നു.

2017 ൽ ഇംഗ്ലണ്ടിൽ ഏകദിന ലോകകപ്പ് ഫൈനലിൽ പൊരുതിത്തോറ്റ ഇന്ത്യൻ വനിതാ ടീം മടങ്ങിയെത്തിയപ്പോൾ മുംബൈ വിമാനത്താവളത്തിൽ ആരാധകരുടെ തിരക്കായിരുന്നു. പ്രതികരണം ആരാഞ്ഞ മാധ്യമപ്രവർത്തകരെ മിതാലി ഓർമിപ്പിച്ചു: "2005 ലും ഇന്ത്യ ഫൈനലിൽ കടന്നിരുന്നു." അന്നും മിതാലിതന്നെയായിരുന്നു നായിക. ആരും ശ്രദ്ധിക്കാത്ത 2005 ൽ നിന്ന് എല്ലാവരും ശ്രദ്ധിച്ച 2017 ലേക്ക് ഇന്ത്യൻ വനിതാക്രിക്കറ്റിനെ എത്തിച്ച മിതാലിക്ക് ആശ്വസിക്കാം. താൻ കൈമാറിയ ദീപം കെടില്ല. ജമൻ ഗോസ്വാമിക്കും പിൻഗാമികളായി.

റിസർവേഷൻ ഇല്ലാതെ ട്രെയിനിൽ യാത്ര ചെയ്ത, 1970 കളിലെ ഇന്ത്യൻ പുരുഷ ക്രിക്കറ്റ് താരങ്ങളിൽനിന്നു വ്യത്യസ്തരല്ലായിരുന്നു 1990 കളിലും പുതിയ നൂറ്റാണ്ടിന്റെ തുടക്കത്തിലും ഇന്ത്യൻ വനിതാക്രിക്കറ്റ് താരങ്ങൾ. 2000 ത്തിൽ ഇന്ത്യ ലോകകപ്പ് സെമിയിൽ കടന്നതും 2005 ൽ ഫൈനലിൽ എത്തിയതും വനിതാക്രിക്കറ്റിന് ആരാധകരെ സൃഷ്ടിച്ചില്ല. മാത്രമല്ല, 2012 ൽ ശ്രീലങ്കയിൽ ട്വന്റി 20 ലോകകപ്പിനുപോകുംമുമ്പ് ബംഗളുരുവിൽ പത്രസമ്മേളനത്തിനെത്തിയ ഇന്ത്യൻ നായിക മിതാലി രാജ് പത്തുമിനിറ്റ് കാത്തിരുന്നിട്ടും ഒരു മാധ്യമപ്രവർത്തകനും തിരിഞ്ഞുനോക്കിയില്ല. ആർക്കും താത്പര്യമില്ലാത്തതിനാൽ പത്രസമ്മേളനം റദ്ദാക്കിയെന്ന് ടീം മാനേജർ ഫോണിൽ അറിയിച്ചപ്പോൾ ഏകയായി കാത്തിരുന്ന മിതാലിയുടെ മാനസികാവസ്ഥ എന്തായിരുന്നുവെന്ന് ഊഹിക്കാം. എന്തായാലും ഇപ്പോഴത്തെ ജൂനിയർ താരങ്ങൾ അത്തരമൊരു സ്ഥിതിവിശേഷത്തെക്കുറിച്ചു ചിന്തിക്കേണ്ടതില്ല.

ഇന്ത്യൻവനിതകൾ വിദേശത്ത് ആദ്യമായൊരു ടെസ്റ്റ് ജയിച്ചത് 2002 ൽ ദക്ഷിണാഫ്രിക്കയിലാണ്. ആ പര്യടനത്തിൽ ഏകദിന പരമ്പര തോൽക്കുകയും ചെയ്തു. 1978 ൽ ഇന്ത്യ രണ്ടാം ഏകദിനവനിതാ ലോകകപ്പിന് ആതിഥേയത്വം വഹിച്ചപ്പോഴും നമ്മുടെ ടീം ശ്രദ്ധിക്കപ്പെട്ടില്ല. ഏറ്റവും പിന്നിലാണ് അവർ എത്തിയത്. 1997 ൽ വീണ്ടും ലോകകപ്പ് മത്സരങ്ങൾ ഇന്ത്യയിൽ നടന്നിട്ടും ആരവം ഉയർന്നില്ല. ഇന്ത്യൻ വനിതാ ടീമിനെ ഒരു എതിരാളിയായിപ്പോലും ആരും കരുതിയില്ല. ആ കാലഘട്ടത്തിൽനിന്നാണ് നമ്മൾ ഇത്രത്തോളം എത്തിയത്.

ബൗളിങ്ങിലും ഫീൽഡിങ്ങിലും ഒരുപോലെ മികവുപുലർത്തിയാണ് ഇന്ത്യൻ കൗമാരനിര ഫൈനലിൽ ഇംഗ്ലണ്ടിനെ 17.1 ഓവറിൽ കേവലം 68 റൺസിനു പുറത്താക്കിയത്. പെയ്സ് ബൗളർ ടിറ്റാസ് സദ്ദുവും ലെഗ് സ്പിന്നർ പർഷവി ചോപ്രയും ആണ് ഇംഗ്ലണ്ടിന്റെ ബാറ്റിങ് നിരയെ തകർത്തത്. ജൂലൻ ഗോസ്വാമി സൃഷ്ടിച്ച വിടവു നികത്താൻപോന്ന പ്രകടനമാണ് ടിറ്റാസ് കാഴ്ചവച്ചത്. ഷഫാലിക്കു പുറമേ ശ്വേതാ ഷെറാവത് ആണ് ടൂർണമെന്റിൽ തിളങ്ങിയ ബാറ്റർ. ടീമിലെ മികച്ച ബാറ്ററും ശ്വേതയായിരുന്നു. പക്ഷേ, സൗമ്യ തിവാരിയും കൊംഗാഡി തൃഷയുമാണ് കലാശക്കളിയിൽ മികച്ച ബാറ്റിങ് കാഴ്ചവച്ചത്. ടീം സന്തുലിതമായിരുന്നു എന്നു വ്യക്തം

ഇതൊരു ചെറിയ വിജയമല്ല. സെമിഫൈനലിലെങ്കിലും എത്തുമെന്ന പ്രതീക്ഷയോടെ സ്വന്തം നാട്ടിൽ കളിക്കാനിറങ്ങി ക്വാർട്ടറിൽ കടക്കാതെ ഇന്ത്യൻ പുരുഷ ഹോക്കി ടീം ലോകകപ്പിൽനിന്നു പുറത്തായതിന്റെ ഞെട്ടലിലായിരുന്നു ഇന്ത്യൻ കായികരംഗം. ഹോക്കിയിൽ ജയിച്ചാൽ ഓരോ കളിക്കാരനും ഒരു കോടി രൂപവീതമാണ് സമ്മാനമായി വാഗ്ദാനം ചെയ്തിരുന്നത്. പെൺകുട്ടികളുടെ ക്രിക്കറ്റ് ടീമിന് അത്തരം വാഗ്ദാനങ്ങളൊന്നും നൽകിയിരുന്നതായി അറിവില്ല. എങ്കിലും വിജയിച്ചപ്പോൾ മാന്യമായ പരിഗണന നൽകി. വരുംതലമുറയ്ക്ക് ഇതു പ്രചോദനമാണ്. കൂടുതൽ പെൺകുട്ടികൾ ക്രിക്കറ്റ് കളിക്കാൻ ഇറങ്ങും.

കേരളത്തിനു വനിതാ ക്രിക്കറ്റിൽ ശ്രദ്ധേയനേട്ടങ്ങൾ അവകാശപ്പെടാനില്ല. ടെസ്റ്റ് താരങ്ങളായിരുന്ന സുധാഷായുടെയും സൂസൻ ഇട്ടിച്ചെറിയയുടെയും കേരളത്തിലെ വേരുകളാണ് നമ്മുടെ അടിത്തറ. ഏറെക്കാലം നമ്മൾ ഇവരുടെ കേരളബന്ധം ചൂണ്ടിക്കാട്ടി ആശ്വസിച്ചു. അതിൽനിന്നൊക്കെ മലയാളി വനിതാക്രിക്കറ്റ് രംഗം പുരോഗമിച്ചു. ഇതു പറയുമ്പോൾ, ഇന്ത്യയിൽ ആദ്യമായി വനിതകൾ ക്രിക്കറ്റ് കളിച്ചുതുടങ്ങിയത് കോട്ടയത്തായിരുന്നു എന്നു കൂടി ഓർക്കണം. കോട്ടയം ബേക്കർ മെമ്മോറിയൽ ഗേൾസ് സ്കൂളിൽ അധ്യാപികയായിരുന്ന ഓസ്ട്രേലിയക്കാരി ജി.ജെ. മകല്ലവെയാണ് കോട്ടയത്ത് ക്രിക്കറ്റ് അവതരിപ്പിച്ചത്. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ആയിരുന്നത്.

ചരിത്രം ചികഞ്ഞിട്ടു കാര്യമില്ല. കോട്ടയത്ത് വനിതാക്രിക്കറ്റ് അത്ര സജീവമല്ല. പക്ഷേ, ഇന്ത്യൻ വിജയം കേരളത്തിലും പ്രതിഫലിക്കും. സ്കൂൾ, കോളജ് തലങ്ങളിൽ വനിതാ ക്രിക്കറ്റ് കൂടുതൽ സജീവമാകും. കേരളത്തിൽനിന്നൊരു ഇന്ത്യൻ താരം ഉണ്ടാകട്ടെ. റിസർവ് നിരയിൽ നിന്ന് പ്ലേയിങ് ടീമിലേക്ക് നജ്ല മുന്നേറട്ടെ.

■

## ജീവനുവേണ്ടിയുള്ള ചോദ്യം?

**നുറുങ്ങുചിന്ത**

**ഡോ. സി. വെള്ളരിങ്ങാട്ട്**

ഇന്നുള്ളതുപോലെ പൊലീസും നീതിന്യായവകുപ്പും പണ്ടുകാലത്ത് ഇല്ലായിരുന്നു. എങ്കിലും ജനത്തിന് ഒരു നീതിബോധമൊക്കെയുണ്ടായിരുന്നു.

അന്നൊരിക്കൽ ഒരു കുറ്റവാളിയെ നാട്ടുകാർ പിടികൂടി നാട്ടുപ്രമാണിയുടെ മുമ്പാകെ ഹാജരാക്കി. അയാൾ കേസ് വിസ്തരിച്ചു പഠിച്ചു. അതിനുശേഷം വിധി നടപ്പാക്കിയതിങ്ങനെ:

പ്രതിയെ ഒരു റോഡിൽ കൊണ്ടുപോയി നിറുത്തി. ഈ റോഡ് ഏതാനും മീറ്റർ മരണത്തിലേക്കും മറ്റേത് ജീവനിലേക്കും. പക്ഷേ, ഏതു റോഡ് എങ്ങോട്ട് എന്നത് ജഡ്ജിക്കല്ലാതെ ആർക്കും അറിയില്ല. അതുപോലെതന്നെ രണ്ടു റോഡിലും ഓരോരുത്തരെ നിറുത്തിയിട്ടുണ്ട്. അതിൽ ഒരാൾ സത്യമേ പറയൂ. മറ്റെയാൾ കള്ളമേ പറയൂ, ആരെന്ന് ആർക്കുമറിയില്ല. വിധിയാളനറിയാം.

വിധിയാളൻ കുറ്റവാളിയോടു പറഞ്ഞു: "റോഡിൽ രണ്ടുപേരെ നിറുത്തിയിരിക്കുന്നു. നിനക്കിഷ്ടമുള്ള അവരിൽ ഒരാളിനോട് ഒരു ചോദ്യം ഒരിക്കൽ മാത്രം ചോദിക്കാം. അങ്ങനെ ജീവന്റെ വഴി കണ്ടുപിടിച്ചാൽ നീ സ്വതന്ത്രനാണ്, നിനക്കു പോകാം. ഇല്ലെങ്കിൽ നീ ശിക്ഷിക്കപ്പെടും."

കുറ്റവാളി ആലോചിച്ച് വഴിയിൽനിന്നവനോട് ഒരു ചോദ്യം ചോദിച്ചു. ഉത്തരം കിട്ടി. ജീവന്റെ വഴി കണ്ടുപിടിച്ചു. അയാൾ രക്ഷപ്പെട്ടു.

നിങ്ങളാണെങ്കിൽ, ജീവനുവേണ്ടി ചോദിക്കുന്ന ചോദ്യം എന്തായിരിക്കും?

Deepanalam Weekly
RNI No : 16998/68
Vol. 55 No. 48 Date of Publication 2 Feb 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment



സ്വർണ്ണം വിൽക്കാൻ
ഏറ്റവും നല്ലത്
നമ്മുടെ അച്ചായൻസ് തന്നെ

TONY VALLIATIL ACHAYANS GROUP SINCE 2005

അച്ചായൻസ്
ഗോൾഡ് 916

കോട്ടയം | പാലാ | ചിങ്ങവനം | സംക്രാന്തി | കടുവാക്കുളം
ചേർത്തല | കടുത്തുരുത്തി
PH: 9072 388 172, 9847 113 429

18 വർഷത്തെ സേവനപാരമ്പര്യം

നിങ്ങളുടെ സ്വർണ്ണത്തിന് ഏറ്റവും ഉയർന്ന വില നൽകുന്നു | ബാങ്കിൽ പണയത്തിലിരിക്കുന്ന സ്വർണ്ണം എടുത്ത് ഉയർന്ന വിലയിൽ വിൽക്കുവാൻ സഹായിക്കുന്നു | മദ്ധ്യ തിരുവിതാംകൂറിൽ മാത്രമായി 15 ഷോറൂമുകൾ

34 വർഷത്തെ സേവനപാരമ്പര്യം

നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ Jn; അരുണാപുരം പി.ഒ., പാലാ
Ph: 9495195739,

Govt. V.H.S.S. നു സമീപം
പൊൻകുന്നം
9495021259

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities

6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A. - All subjects (M.G. University)
B.Com - Finance and Taxation
Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes

HINDI TTC
എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷംകൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.

സ്നേഹസ്മരണയ്ക്ക്
മൂന്നാം ചരമവാർഷികം
10 – 02 – 2023



ജോർജ് തോമസ്
തോണിക്കുഴിയിൽ, പാലാ
ജനനം: 02-01-1949 മരണം: 10-02-2020

"ഞാൻ നിങ്ങളിൽനിന്നു വേർപിരിഞ്ഞെങ്കിലും എന്റെ സ്നേഹം എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ."

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

ചിന്നമ്മ ജോർജ് (ഭാര്യ), നിമ്മി, ജയേഷ് (മക്കൾ). മരുമക്കൾ: ഷിബു ഐപ്പൻപറമ്പിക്കുന്നേൽ, അഞ്ജു മാളിയേക്കൽ. കൊച്ചുമക്കൾ: റെയ്‌വാൻ, റീത്തിയ, ഇവാന, എവ്‌ലിൻ, എഡ്രിക്

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist, Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org